# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

2023 ആഗസ്റ്റ് 7, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 192 –നമ്പർ 1

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

2023 ആഗസ്റ്റ് 7, തിങ്കൾ

സ്പീക്കർ

**ശ്രീ. എ. എൻ. ഷംസീർ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എ. എം. ബഷീർ**

ചീഫ് എഡിറ്റർ

**ശ്രീ. പി. രാമചന്ദ്രൻ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

**അംഗങ്ങൾ**

1. ശ്രീ. പി. അബ്ദുൽ ഹമീദ് (വള്ളിക്കുന്ന്)
2. ശ്രീ. വി. അബ്ദുറഹിമാൻ (താനൂർ)
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (കോട്ടയ്ക്കൽ)
4. ശ്രീ. അഹമ്മദ് ദേവർകോവിൽ (കോഴിക്കോട് സൗത്ത്)
5. ശ്രീ. എൻ. കെ. അക്ബർ (ഗുരുവായൂർ)
6. ശ്രീ. മഞ്ഞളാംകുഴി അലി (മങ്കട)
7. ശ്രീമതി ഒ. എസ്. അംബിക (ആറ്റിങ്ങൽ)(എസ്.സി)
8. ശ്രീ. ജി. ആർ. അനിൽ (നെടുമങ്ങാട്)
9. ശ്രീ. എ. പി. അനിൽ കുമാർ (വണ്ടൂർ)(എസ്.സി)
10. ശ്രീ. അനൂപ് ജേക്കബ് (പിറവം)
11. ശ്രീ. കെ. ആൻസലൻ (നെയ്യാറ്റിൻകര)
12. ശ്രീ. ആന്റണി ജോൺ (കോതമംഗലം)
13. ശ്രീ. ആന്റണി രാജു (തിരുവനന്തപുരം)
14. ശ്രീ. പി. വി. അൻവർ (നിലമ്പൂർ)
15. ശ്രീ. അൻവർ സാദത്ത് (ആലുവ)
16. ശ്രീ. എം. എസ്. അരുൺ കുമാർ (മാവേലിക്കര)(എസ്.സി)
17. ശ്രീമതി സി. കെ. ആശ (വൈക്കം) (എസ്.സി)
18. ശ്രീ. എ. കെ. എം. അഷ്റഫ് (മഞ്ചേശ്വരം)
19. ശ്രീ. കെ. ബാബു (നെന്മാറ)
20. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
21. ശ്രീ. പി. ബാലചന്ദ്രൻ (തൃശ്ശൂർ)
22. ശ്രീ. കെ. എൻ. ബാലഗോപാൽ (കൊട്ടാരക്കര)
23. ശ്രീ. പി. കെ. ബഷീർ (ഏറനാട്)
24. ശ്രീ. ഐ. സി. ബാലകൃഷ്ണൻ (സുൽത്താൻബത്തേരി)(എസ്.ടി)

25. ഡോ. ആർ. ബിന്ദു (ഇരിങ്ങാലക്കുട)

26. ശ്രീ. ഇ. ചന്ദ്രശേഖരൻ (കാഞ്ഞങ്ങാട്)

27. ശ്രീ. ചാണ്ടി ഉമ്മൻ (പുതുപ്പള്ളി)+

28. ശ്രീമതി ജെ. ചിഞ്ചുറാണി (ചടയമംഗലം)

29. ശ്രീ. പി. പി. ചിത്തരഞ്ജൻ (ആലപ്പുഴ)

30. ശ്രീമതി ദെലീമ (അരൂർ)

31. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ (പെരുമ്പാവൂർ)

32. ശ്രീ. കെ. ബി. ഗണേഷ് കുമാർ (പത്തനാപുരം)

33. ശ്രീ. ചിറ്റയം ഗോപകുമാർ (അടൂർ)(എസ്.സി)

34. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ (തളിപ്പറമ്പ്)

35. ശ്രീ. സി. കെ. ഹരീന്ദ്രൻ (പാറശ്ശാല)

36. ശ്രീ. ടി. വി. ഇബ്രാഹിം (കൊണ്ടോട്ടി)

37. ഡോ. കെ. ടി. ജലീൽ (തവനൂർ)

38. ശ്രീമതി കാനത്തിൽ ജമീല (കൊയിലാണ്ടി)

39. ശ്രീ. ജി. എസ്. ജയലാൽ (ചാത്തന്നൂർ)

40. ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി)

41. ശ്രീ. കെ. യു. ജനീഷ് കുമാർ (കോന്നി)

42. ശ്രീ. ജോബ് മൈക്കിൾ (ചങ്ങനാശ്ശേരി)

43. ശ്രീ. പി. ജെ. ജോസഫ് (തൊടുപുഴ)

44. ശ്രീ. വി. ജോയി (വർക്കല)

45. ശ്രീ. ഒ. ആർ. കേളു (മാനന്തവാടി)(എസ്.ടി)

46. ശ്രീ. കെ. കൃഷ്ണൻകുട്ടി (ചിറ്റൂർ)

47. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വേങ്ങര)

48. ശ്രീ. സി. എച്ച്. കുഞ്ഞമ്പു (ഉദുമ)

+ 11-09-2023-ന് എം.എൽ..എ.-യായി സത്യപ്രതിജ്ഞ ചെയ്തു.

49. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ (കുറ്റ്യാടി)

50. ശ്രീ. കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ)(എസ്.സി)

51. ശ്രീ. യു. എ. ലത്തീഫ് (മഞ്ചേരി)

52. ശ്രീ. ലിന്റോ ജോസഫ് (തിരുവമ്പാടി)

53. ശ്രീ. ടി. ഐ. മധുസൂദനൻ (പയ്യന്നൂർ)

54. ശ്രീ. സി. ആർ. മഹേഷ് (കരുനാഗപ്പള്ളി)

55. ശ്രീ. കെ. പി. എ. മജീദ് (തിരൂരങ്ങാടി)

56. ശ്രീ. പി. മമ്മിക്കുട്ടി (ഷൊർണ്ണൂർ)

57. ശ്രീ. എം. എം. മണി (ഉടുമ്പൻചോല)

58. ശ്രീ. മാണി സി. കാപ്പൻ (പാലാ)

59. ഡോ. മാത്യു കുഴൽനാടൻ (മൂവാറ്റുപുഴ)

60. ശ്രീ. മാത്യു ടി. തോമസ് (തിരുവല്ല)

61. ശ്രീ. കെ. ജെ. മാക്സി (കൊച്ചി)

62. ശ്രീ. പി. എ. മുഹമ്മദ് റിയാസ് (ബേപ്പൂർ)

63. ശ്രീ. കെ. പി. മോഹനൻ (കൂത്തുപറമ്പ്)

64. ശ്രീ. എ. സി. മൊയ്തീൻ (കുന്നംകുളം)

65. ശ്രീ. കുറുക്കോളി മൊയ്തീൻ (തിരൂർ)

66. ശ്രീ. മോൻസ് ജോസഫ് (കടുത്തുരുത്തി)

67. ശ്രീ. മുഹമ്മദ് മുഹസിൻ (പട്ടാമ്പി)

68. ശ്രീ. എം. മുകേഷ് (കൊല്ലം)

69. ശ്രീ. സി. സി. മുകുന്ദൻ (നാട്ടിക) (എസ്.സി)

70. ഡോ. എം. കെ. മുനീർ (കൊടുവള്ളി)

71. ശ്രീ. ഡി. കെ. മുരളി (വാമനപുരം)

72. ശ്രീ. മുരളി പെരുനെല്ലി (മണലൂർ)

73. ശ്രീ. നജീബ് കാന്തപുരം (പെരിന്തൽമണ്ണ)

74. ശ്രീ. പി. നന്ദകുമാർ (പൊന്നാനി)

75. ശ്രീ. എൻ. എ. നെല്ലിക്കുന്ന് (കാസർഗോഡ്)

76. ശ്രീ. എം. നൗഷാദ് (ഇരവിപുരം)

77. ശ്രീ. എ. പ്രഭാകരൻ (മലമ്പുഴ)

78. ശ്രീ. പ്രമോദ് നാരായൺ (റാന്നി)

79. ശ്രീ. പി. പ്രസാദ് (ചേർത്തല)

80. ശ്രീ. വി. കെ. പ്രശാന്ത് (വട്ടിയൂർക്കാവ്)

81. ശ്രീ. കെ. ഡി. പ്രസേനൻ (ആലത്തൂർ)

82. ശ്രീമതി യു. പ്രതിഭ (കായംകുളം)

83. ശ്രീ. കെ. പ്രേംകുമാർ (ഒറ്റപ്പാലം)

84. ശ്രീ. കെ. രാധാകൃഷ്ണൻ (ചേലക്കര)(എസ്.സി)

85. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (കോട്ടയം)

86. ശ്രീ. പി. ടി. എ. റഹീം (കുന്ദമംഗലം)

87. ശ്രീ. എ. രാജ (ദേവികുളം)(എസ്.സി)

88. ശ്രീ. എം. രാജഗോപാലൻ (തൃക്കരിപ്പൂർ)

89. ശ്രീ. കെ. രാജൻ (ഒല്ലൂർ)

90. ശ്രീ. പി. രാജീവ് (കളമശ്ശേരി)

91. ശ്രീ. എം. ബി. രാജേഷ് (തൃത്താല)

92. ശ്രീ. കെ. കെ. രാമചന്ദ്രൻ (പുതുക്കാട്)

93. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (കണ്ണൂർ)

94. ശ്രീ. ടി. പി. രാമകൃഷ്ണൻ (പേരാമ്പ്ര)

95. ശ്രീ. രമേശ് ചെന്നിത്തല (ഹരിപ്പാട്)

96. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ (കോഴിക്കോട് നോർത്ത്)

97. ശ്രീമതി കെ. കെ. രമ (വടകര)

98. ശ്രീ. റോജി എം. ജോൺ (അങ്കമാലി)

99. ശ്രീ. റോഷി അഗസ്റ്റിൻ (ഇടുക്കി)

100. ശ്രീ. കെ. എം. സച്ചിൻദേവ് (ബാലുശ്ശേരി)(എസ്.സി)

101. ശ്രീ. സജീവ് ജോസഫ് (ഇരിക്കൂർ)

102. ശ്രീ. സജി ചെറിയാൻ (ചെങ്ങന്നൂർ)

103. ശ്രീ. എച്ച്. സലാം (അമ്പലപ്പുഴ)

104. ശ്രീ. എൻ. ഷംസുദ്ദീൻ (മണ്ണാർക്കാട്)

105. ശ്രീ. സനീഷ്കുമാർ ജോസഫ് (ചാലക്കുടി)

106. ശ്രീമതി ശാന്തകുമാരി കെ. (കോങ്ങാട്)(എസ്.സി)

107. ശ്രീ. എ. കെ. ശശീന്ദ്രൻ (ഏലത്തൂർ)

108. ശ്രീ. വി. ശശി (ചിറയിൻകീഴ്)(എസ്.സി)

109. ശ്രീ. വി. ഡി. സതീശൻ (പറവൂർ)

110. ശ്രീ. ഐ. ബി. സതീഷ് (കാട്ടാക്കട)

111. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ (പൂഞ്ഞാർ)

112. ശ്രീ. ഷാഫി പറമ്പിൽ (പാലക്കാട്)

113. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ (മട്ടന്നൂർ)

114. ശ്രീ. എ. എൻ. ഷംസീർ (തലശ്ശേരി)

115. ശ്രീ. ടി. സിദ്ദിഖ് (കല്പറ്റ)

116. ശ്രീ. വി. ശിവൻകുട്ടി (നേമം)

117. ശ്രീ. വാഴൂർ സോമൻ (പീരുമേട്)

118. ശ്രീ. പി. വി. ശ്രീനിജിൻ (കുന്നത്തുനാട്)(എസ്.സി)

119. ശ്രീ. ജി. സ്റ്റീഫൻ (അരുവിക്കര)

120. ഡോ. സുജിത് വിജയൻപിള്ള (ചവറ)

121. ശ്രീ. കെ. വി. സുമേഷ് (അഴീക്കോട്)

122. ശ്രീ. പി. പി. സുമോദ് (തരൂർ)(എസ്.സി)

123. ശ്രീ. വി. ആർ. സുനിൽ കുമാർ (കൊടുങ്ങല്ലൂർ)

124. ശ്രീ. സണ്ണി ജോസഫ് (പേരാവൂർ)
125. ശ്രീ. പി. എസ്. സുപാൽ (പുനലൂർ)
126. ശ്രീ. കടകംപള്ളി സുരേന്ദ്രൻ (കഴക്കൂട്ടം)
127. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (കയ്പമംഗലം)
128. ശ്രീ. തോമസ് കെ. തോമസ് (കുട്ടനാട്)
129. ശ്രീ. പി. ഉബൈദുള്ള (മലപ്പുറം)
130. ശ്രീമതി ഉമ തോമസ് (തൃക്കാക്കര)
131. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ (വൈപ്പിൻ)
132. ശ്രീ. വി. എൻ. വാസവൻ (ഏറ്റുമാനൂർ)
133. ശ്രീമതി വീണാ ജോർജ് (ആറന്മുള)
134. ശ്രീ. ഇ. കെ. വിജയൻ (നാദാപുരം)
135. ശ്രീ. പിണറായി വിജയൻ (ധർമ്മടം)
136. ശ്രീ. എം. വിജിൻ (കല്ല്യാശ്ശേരി)
137. ശ്രീ. എം. വിൻസെന്റ് (കോവളം)
138. ശ്രീ. ടി. ജെ. വിനോദ് (എറണാകുളം)
139. ശ്രീ. പി. സി. വിഷ്ണുനാഥ് (കുണ്ടറ)
140. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി (വടക്കാഞ്ചേരി)

## വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

**ശ്രീ. പിണറായി വിജയൻ: മുഖ്യമന്ത്രി**

പൊതുഭരണം

അഖിലേന്ത്യാ സർവ്വീസുകൾ

ആസൂത്രണവും സാമ്പത്തിക കാര്യവും

ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരിസ്ഥിതി

മലിനീകരണ നിയന്ത്രണം

സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ

പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ്

തെരഞ്ഞെടുപ്പ്

ഇന്റഗ്രേഷൻ

ഇൻഫർമേഷൻ ടെക്നോളജി

സൈനികക്ഷേമം

ദുരന്തനിവാരണം

ദുരിതാശ്വാസം

സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി

എയർപോർട്സ്

മെട്രോ റെയിൽ

അന്തർസംസ്ഥാന നദീജലം

കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ

കേരള സ്റ്റേറ്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്

നോർക്ക

ആഭ്യന്തരം

വിജിലൻസ്

അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആന്റ് ക്രിമിനൽ ജസ്റ്റിസ്

അഗ്നിശമനം

ജയിലുകൾ

അച്ചടിയും സ്റ്റേഷനറിയും

നയപരമായി പ്രധാനപ്പെട്ട എല്ലാ വിഷയങ്ങളും

മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

**ശ്രീ. വി. അബ്ദുറഹിമാൻ: ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി**

ന്യൂനപക്ഷക്ഷേമം

കായികം

വഖഫും ഹജ്ജ് തീർത്ഥാടനവും

കമ്പിത്തപാൽ

റെയിൽവേ

**ശ്രീ. അഹമ്മദ് ദേവർകോവിൽ: തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി**

തുറമുഖം

കാഴ്ചബംഗ്ലാവുകൾ

പുരാവസ്തു

പുരാരേഖ

**ശ്രീ. ജി. ആർ. അനിൽ: ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി**

ഭക്ഷ്യവും സിവിൽ സപ്ലൈസും

ഉപഭോക്തൃകാര്യം

ലീഗൽ മെട്രോളജി

**ശ്രീ. ആന്റണി രാജു: ഗതാഗത വകുപ്പുമന്ത്രി**

റോഡ് ഗതാഗതം

മോട്ടോർ വാഹനങ്ങൾ

ജലഗതാഗതം

**ശ്രീ. കെ. എൻ. ബാലഗോപാൽ: ധനകാര്യ വകുപ്പുമന്ത്രി**

ധനകാര്യം

നാഷണൽ സേവിംഗ്സ്

സ്റ്റോർ പർച്ചേസ്

വാണിജ്യ നികുതി

കാർഷികാദായ നികുതി

ട്രഷറികൾ

ലോട്ടറി

സ്റ്റേറ്റ് ഓഡിറ്റ്

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

സ്റ്റേറ്റ് ഇൻഷ്വറൻസ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

സ്റ്റാമ്പ് ആന്റ് സ്റ്റാമ്പ് ഡ്യൂട്ടി

**ഡോ. ആർ. ബിന്ദു: ഉന്നത വിദ്യാഭ്യാസ–സാമൂഹ്യനീതി വകുപ്പുമന്ത്രി**

കോളേജ് വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസം

സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ, ഡിജിറ്റൽ

സർവ്വകലാശാലകൾ ഒഴികെ)

പ്രവേശന പരീക്ഷകൾ

എൻ.സി.സി.

അസാപ് (ASAP)

സാമൂഹ്യനീതി

**ശ്രീമതി ജെ. ചിഞ്ചുറാണി: മൃഗസംരക്ഷണ–ക്ഷീരവികസന വകുപ്പുമന്ത്രി**

മൃഗസംരക്ഷണം

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

മൃഗശാലകൾ

വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല

**ശ്രീ. കെ. കൃഷ്ണൻകുട്ടി: വൈദ്യുതി വകുപ്പുമന്ത്രി**

വിദ്യുച്ഛക്തി

അനെർട്ട്

**ശ്രീ. പി. എ. മുഹമ്മദ് റിയാസ്: പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി**

പൊതുമരാമത്ത്

വിനോദസഞ്ചാരം

**ശ്രീ. പി. പ്രസാദ്: കൃഷി വകുപ്പുമന്ത്രി**

കൃഷി

സോയിൽ സർവ്വേ

സോയിൽ കൺസർവേഷൻ

കാർഷിക സർവ്വകലാശാല

വെയർഹൗസിംഗ് കോർപ്പറേഷൻ

**ശ്രീ. കെ. രാധാകൃഷ്ണൻ: പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി**

പട്ടികജാതിക്ഷേമം

പട്ടികവർഗ്ഗക്ഷേമം

പിന്നാക്കസമുദായക്ഷേമം

ദേവസ്വം

പാർലമെന്ററികാര്യം

**ശ്രീ. കെ. രാജൻ: റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി**

ലാന്റ് റവന്യൂ

സർവ്വേയും ലാന്റ് റെക്കോർഡ്സും

ലാന്റ് റിഫോംസ്

ഭവനനിർമ്മാണം

**ശ്രീ. പി. രാജീവ്: നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി**

നിയമം

വ്യവസായം (സഹകരണ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെ)

വാണിജ്യം

മൈനിംഗ് ആന്റ് ജിയോളജി

കൈത്തറിയും ടെക്സ്റ്റൈല്യം

ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്

കയർ

കശുവണ്ടി വ്യവസായം

പ്ലാന്റേഷൻ ഡയറക്ടറേറ്റ്

**ശ്രീ. എം. ബി. രാജേഷ്: തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി**

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ടൗൺ പ്ലാനിംഗ്

പ്രാദേശിക വികസന അതോറിറ്റികൾ

കില

എക്സൈസ്

**ശ്രീ. റോഷി അഗസ്റ്റിൻ: ജലവിഭവ വകുപ്പുമന്ത്രി**

ജലസേചനം

കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി

ഭൂജല വകുപ്പ്

ശുദ്ധജലവിതരണവും ശുചീകരണവും

**ശ്രീ. സജി ചെറിയാൻ: മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി**

മത്സ്യബന്ധനം

ഹാർബർ എഞ്ചിനീയറിംഗ്

ഫിഷറീസ് സർവ്വകലാശാല

സാംസ്കാരികം
കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ

കേരള ചലച്ചിത്ര അക്കാദമി

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്
യുവജനകാര്യം

**ശ്രീ. എ. കെ. ശശീന്ദ്രൻ: വനം-വന്യജീവി വകുപ്പുമന്ത്രി**

വനം
വന്യജീവി സംരക്ഷണം

**ശ്രീ വി. ശിവൻകുട്ടി: പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി**

പൊതുവിദ്യാഭ്യാസം

സാക്ഷരതാ മിഷൻ

തൊഴിൽ

തൊഴിലും പരിശീലനവും

നൈപുണ്യം

പുനരധിവാസം

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്

ഇൻഡസ്ട്രിയൽ ട്രിബ്യൂണൽസ്

ലേബർ കോടതികൾ

**ശ്രീ. വി. എൻ. വാസവൻ: സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി**

സഹകരണം

രജിസ്ട്രേഷൻ

**ശ്രീമതി വീണാ ജോർജ്: ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി**

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

മെഡിക്കൽ സർവ്വകലാശാല

ഇൻഡിജിനസ് മെഡിസിൻ

ആയുഷ്

ഡ്രഗ്സ് കൺട്രോൾ

വനിത-ശിശു ക്ഷേമം

ഭക്ഷ്യസുരക്ഷ

## SECRETARIAT OF THE KERALA LEGISLATURE

## NOTIFICATION

**No.12311/Table-1/2023/Leg.** **Thiruvananthapuram, 21st July,2023.**

In exercise of the powers conferred by Clause (1) of Article 174 of the Constitution of India, the Governor of the State of Kerala hereby summons the Fifteenth Kerala Legislative Assembly to meet for its Ninth Session at 09.00 a.m. on Monday, 7th August, 2023 in the Assembly Chamber, Legislature Complex, Thiruvananthapuram.

ഇന്ത്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (1)-ാം ഖണ്ഡം നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ പതിനഞ്ചാം കേരള നിയമസഭ അതിന്റെ ഒൻപതാം സമ്മേളനത്തിലേയ്ക്കായി 2023 ആഗസ്റ്റ് 07-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00-ന് തിരുവനന്തപുരത്ത് നിയമസഭാ കോംപ്ലക്സിലുള്ള നിയമസഭാ ചേംബറിൽ സമ്മേളിക്കുന്നതാണെന്ന് ഇതിനാൽ അറിയിപ്പ് നൽകുന്നു.

By Order of the Governor,

A. M. BASHEER,
Secretary,
Kerala Legislative Assembly.

**ഉള്ളടക്കം**

I **ചരമോപചാരം** പേജ്

ഉമ്മൻ ചാണ്ടി, വക്കം ബി. പുരുഷോത്തമൻ
എന്നിവരുടെ നിര്യാണം സംബന്ധിച്ച റഫറൻസ് ......

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

2023 ആഗസ്റ്റ് 7, തിങ്കൾ

-----------------------------------------------------------------------

-----

വാല്യം 192}                ഔദ്യോഗിക റിപ്പോർട്ട്                {നമ്പർ 1

-----------------------------------------------------------------------

-----

പതിനഞ്ചാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനം 2023 ആഗസ്റ്റ് മാസം 7-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

മി. സ്പീക്കർ: ഓർഡർ... ഓർഡർ...

**ചരമോപചാരം**

## ഉമ്മൻ ചാണ്ടി, വക്കം ബി. പുരുഷോത്തമൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച്

മി. സ്പീക്കർ: ഈ സഭയിലെ അംഗവും മുൻ മുഖ്യമന്ത്രിയുമായ ഉമ്മൻ ചാണ്ടി 2023 ജൂലൈ 18-നും മുൻ ഗവർണ്ണറും മുൻ കേരള നിയമസഭാ സ്പീക്കറും മുൻ മന്ത്രിയുമായിരുന്ന വക്കം ബി. പുരുഷോത്തമൻ 2023 ജൂലൈ 31-നും അന്തരിച്ചു.

**ഉമ്മൻ ചാണ്ടി**

ആൾക്കൂട്ടത്തെ ഊർജ്ജമാക്കി ആറ് പതിറ്റാണ്ട് കേരള രാഷ്ട്രീയത്തിൽ നിറഞ്ഞുനിന്ന കോൺഗ്രസ് നേതാവും മുൻ മുഖ്യമന്ത്രിയുമായ ഉമ്മൻ ചാണ്ടി 2023 ജൂലൈ 18-ന് അന്തരിച്ചു.

കോട്ടയം ജില്ലയിലെ പുതുപ്പള്ളി കരോട്ട് വള്ളക്കാലിൽ വീട്ടിൽ കെ. ഒ. ചാണ്ടി-ബേബി ചാണ്ടി ദമ്പതികളുടെ മകനായി 1943 ഒക്ടോബർ 31-ന് ജനിച്ച ഉമ്മൻ ചാണ്ടി ട്രാവൻകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ

അംഗമായിരുന്ന മുത്തച്ഛൻ വി. ജെ. ഉമ്മന്റെ പാത പിന്തുടർന്നാണ് രാഷ്ട്രീയത്തിലെത്തിയത്. അഖില കേരള ബാലജന സഖ്യത്തിന്റെയും കെ.എസ്.യു.വിന്റെയും യൂത്ത് കോൺഗ്രസ്സിന്റെയും സംസ്ഥാന പ്രസിഡന്റായ അദ്ദേഹം കോൺഗ്രസ് നേതൃനിരയിലേയ്ക്കെത്തി. മുഖ്യമന്ത്രിയെന്ന നിലയിലും പ്രതിപക്ഷ നേതാവെന്ന നിലയിലും പ്രവർത്തിച്ച് കേരളത്തിൽ ജനാധിപത്യ പ്രക്രിയയെ മുന്നോട്ടുകൊണ്ടുപോകുന്നതിൽ ഉമ്മൻ ചാണ്ടി വലിയ പങ്ക് വഹിച്ചു.

കോൺഗ്രസ് നേതൃത്വത്തിൽ പ്രവർത്തിക്കുമ്പോഴും അടിസ്ഥാനപരമായി പുതുപ്പള്ളിക്കാരനായിരിക്കുന്നതിൽ ഉമ്മൻ ചാണ്ടി പ്രത്യേക ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. 1970 മുതൽ പന്ത്രണ്ട് തവണ തുടർച്ചയായി വിജയിച്ച് 53 വർഷം പുതുപ്പള്ളി എം.എൽ.എ.യായിരുന്ന ഉമ്മൻ ചാണ്ടിയുടെ പേരിലാണ് കേരളത്തിൽ ഏറ്റവും കൂടുതൽ കാലം നിയമസഭാ സാമാജികനായിരുന്ന വ്യക്തി എന്ന റെക്കോർഡ്. ലാളിത്യം മുഖമുദ്രയാക്കിയിരുന്ന അദ്ദേഹം കെ. കരുണാകരന്റെ മൂന്ന് മന്ത്രിസഭകളിലും എ. കെ. ആന്റണിയുടെ ഒന്നാം മന്ത്രിസഭയിലുമായി നാല് മന്ത്രിസഭകളിൽ

തൊഴിൽ, ആഭ്യന്തരം, ധനകാര്യം എന്നീ വകുപ്പുകൾ കൈകാര്യം ചെയ്തു. രണ്ട് പ്രാവശ്യം കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടി ഒരു തവണ പ്രതിപക്ഷനേതാവും രണ്ട് തവണ യു.ഡി.എഫ്. കൺവീനറുമായി. 2018-ൽ എ.ഐ.സി.സി. ജനറൽ സെക്രട്ടറിയായും തുടർന്ന് എ.ഐ.സി.സി. പ്രവർത്തക സമിതിയംഗമായും തെരഞ്ഞെടുക്കപ്പെട്ട ഉമ്മൻ ചാണ്ടി ദേശീയ തലത്തിൽ കോൺഗ്രസ്സിന്റെ മുതിർന്ന നേതാവായിരുന്നു.

രാഷ്ട്രീയ വിദ്യാർത്ഥികൾക്കും പൊതുപ്രവർത്തകർക്കും എന്നുമൊരു പാഠപുസ്തകമായിരുന്നു ഉമ്മൻ ചാണ്ടി. 53 വർഷക്കാലം ഒരു നിയമസഭാ മണ്ഡലത്തിൽ നിന്നും തുടർച്ചയായി ജയിക്കുവാൻ സാധിച്ചുവെന്നത് അദ്ദേഹത്തിന് മാത്രമുള്ള പ്രത്യേകതയാണ്. പുതുപ്പള്ളി മണ്ഡലം മറിച്ച് ചിന്തിക്കാത്തത്രയും അവിടത്തെ ജനങ്ങളോട് അദ്ദേഹം ചേർന്ന് നിന്നിരുന്നു. കേരളത്തിലങ്ങോളമിങ്ങോളം സഞ്ചരിച്ച് ജനങ്ങളെ കേൾക്കാൻ തയ്യാറായ ജനകീയനായ നേതാവായിരുന്നു അദ്ദേഹം. ഈ ജനുവരിയിൽ കേരള നിയമസഭയുടെ അന്താരാഷ്ട്ര പുസ്തകോത്സവം - സെക്കന്റ് എഡിഷന്റെ ലോഗോ പ്രകാശനം നിർവ്വഹിച്ച കാര്യവും സ്മരണീയമാണ്. തന്റെ രാഷ്ട്രീയ

ജീവിതത്തിലെ ഏത് പ്രതിസന്ധി ഘട്ടത്തിലും അത് നേരിടാനുള്ള മനക്കരുത്തും തന്റേടവും അദ്ദേഹം കാണിച്ചിരുന്നു. അത് പൊതുപ്രവർത്തകർക്കെന്നും ഒരു മാതൃകയാണ്. ഈ 53 വർഷക്കാലവും നിയമസഭയിലെ സജീവ സാന്നിദ്ധ്യമായിരുന്നു ഉമ്മൻ ചാണ്ടി.

ഏത് കാര്യവും ചെയ്യുമ്പോൾ അത് സ്വന്തം മന:സാക്ഷിയെ ബോധ്യപ്പെടുത്തണമെന്ന നിർബന്ധം ഉമ്മൻ ചാണ്ടിക്കുണ്ടായിരുന്നു. കുറ്റബോധമില്ലാതെ മുന്നോട്ടുപോകാൻ ആ രീതി അദ്ദേഹത്തെ സഹായിച്ചിട്ടുണ്ടാകണം. ജനക്കൂട്ടത്തെ ആകർഷിക്കുന്ന വാക്ചാതുര്യമുള്ള വലിയ പ്രാസംഗികനൊന്നുമായിരുന്നില്ല ഉമ്മൻ ചാണ്ടി. എന്നാൽ ജനങ്ങളെ കയ്യിലെടുക്കാനുള്ള രാഷ്ട്രീയ സാമർത്ഥ്യം അദ്ദേഹം നിരന്തരം പ്രയോഗിച്ചു. ജനസമ്പർക്ക പരിപാടി പോലുള്ളവയിലൂടെയും സാധാരണക്കാരുടെ കൂടെ ആരാധനാലയത്തിൽ സമയം ചെലവഴിച്ചും സഹപ്രവർത്തകരോടൊപ്പം ആൾക്കൂട്ട യാത്രകൾ നടത്തിയും ജനങ്ങളിലാണ് താൻ ജീവിക്കുന്നതെന്ന് അദ്ദേഹം പൊതുസമൂഹത്തെ ബോധ്യപ്പെടുത്തി. ജനങ്ങൾ തങ്ങളുടെ കൂടെയുള്ള ഉമ്മൻ ചാണ്ടിയെ ഹൃദയത്തിലേറ്റി. അദ്ദേഹം വിടപറഞ്ഞപ്പോൾ

ജനസഹസ്രങ്ങൾ വിലാപയാത്രയിൽ പങ്കാളികളായി. ഉമ്മൻ ചാണ്ടിയുടെ വേർപാടോടെ കേരള രാഷ്ട്രീയത്തിലെ ഒരു സുപ്രധാന ഏടാണ് അവസാനിക്കുന്നത്.

സംസ്ഥാന വികസനത്തിലും ജനക്ഷേമത്തിലും ശ്രദ്ധയൂന്നിയിരുന്ന ഭരണാധിപൻ, ജനകീയ പ്രശ്നങ്ങൾ സഭയിൽ സമർത്ഥമായി ഉന്നയിക്കുന്ന നിയമസഭാംഗം എന്നീ നിലകളിൽ ശ്രദ്ധേയനായിരുന്ന ഉമ്മൻ ചാണ്ടിയുടെ നിര്യാണത്തിലൂടെ കേരളത്തിലെ കോൺഗ്രസ്സിനെ ജനകീയമാക്കുന്നതിലും ആദർശ പ്രതിബദ്ധതയിൽ ഉറപ്പിക്കുന്നതിലും അവിസ്മരണീയ സംഭാവന നൽകിയ നേതാവിനെയും മികച്ച ഒരു നിയമസഭാ സാമാജികനെയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

**വക്കം ബി. പുരുഷോത്തമൻ**

അധികാരപദവികളിൽ ഭരണപാടവവും കാർക്കശ്യവും ഉയർത്തിപ്പിടിച്ച കോൺഗ്രസ് നേതാവും മുൻ ഗവർണ്ണറും മുൻ സ്പീക്കറും മുൻ മന്ത്രിയുമായിരുന്ന വക്കം ബി. പുരുഷോത്തമൻ 2023 ജൂലൈ 31-ന് അന്തരിച്ചു.

വക്കം കടവിളാകത്തു വീട്ടിൽ കെ. ഭാനുപ്പണിക്കർ - സി. കെ. ഭവാനി

ദമ്പതികളുടെ മൂത്തമകനായി 1928 ഏപ്രിൽ 12-ന് ജനിച്ച വക്കം ബി. പുരുഷോത്തമൻ വിദ്യാർത്ഥി കോൺഗ്രസ്സിലൂടെയാണ് രാഷ്ട്രീയത്തിലേയ്ക്ക് കടന്നുവന്നത്. അലിഗഡ് സർവ്വകലാശാലയിൽനിന്നും നിയമ ബിരുദം നേടിയ അദ്ദേഹം അഭിഭാഷകനായി തിരുവനന്തപുരത്ത് പ്രവർത്തനമാരംഭിച്ചു. മുൻമുഖ്യമന്ത്രി ആർ. ശങ്കറാണ് അഭിഭാഷകവൃത്തിയിൽ നിന്ന് വക്കം ബി. പുരുഷോത്തമനെ രാഷ്ട്രീയത്തിലേയ്ക്ക് കൊണ്ടുവന്നത്. 1970-ലെ തെരഞ്ഞെടുപ്പിൽ ആദ്യമായി നിയമസഭയിലെത്തി. പിന്നീട് രാഷ്ട്രീയ വിജയത്തിന്റെ പടവുകൾ കയറിയ അദ്ദേഹം ഡി.സി.സി. പ്രസിഡന്റ്, കെ.പി.സി.സി. വൈസ് പ്രസിഡന്റ്, കാൽനൂറ്റാണ്ടിലധികം എ.ഐ.സി.സി. അംഗം എന്നീ നിലകളിൽ പാർട്ടിയെ നയിച്ചു.

1970, 1977, 1980, 1982, 2001 വർഷങ്ങളിലെ തെരഞ്ഞെടുപ്പുകളിലൂടെ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽനിന്നും നിയമസഭയിലെത്തിയ വക്കം ബി. പുരുഷോത്തമൻ 1971-1977 കാലയളവിൽ അച്യുതമേനോൻ മന്ത്രിസഭയിൽ കൃഷി, തൊഴിൽ, നിയമ വകുപ്പുമന്ത്രിയായും 1980-81 കാലയളവിൽ ഇ. കെ. നായനാർ മന്ത്രിസഭയിൽ ആരോഗ്യ-ടൂറിസം

വകുപ്പുമന്ത്രിയായും 2004-06 കാലയളവിൽ ഉമ്മൻ ചാണ്ടി മന്ത്രിസഭയിൽ ധനകാര്യം, എക്സൈസ്, ലോട്ടറി വകുപ്പുമന്ത്രിയായും സേവനം അനുഷ്ഠിച്ചു. തൊഴിൽ വകുപ്പുമന്ത്രി പദവിയിലിരിക്കെ അദ്ദേഹം രൂപം നൽകിയ കർഷകത്തൊഴിലാളി ക്ഷേമനിധി ബിൽ, ചുമട്ടുതൊഴിലാളി ക്ഷേമനിധി ബിൽ എന്നിവ സംസ്ഥാന തൊഴിൽ ചരിത്രത്തിലെ നാഴികക്കല്ലുകളാണ്. ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ ഓണം വാരാഘോഷത്തിന് തുടക്കം കുറിച്ചതും ആധുനിക രീതിയിൽ കേരളാ ഹൗസ് പുതുക്കിപ്പണിതതും ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ റഫറൽ ആശുപത്രികളാക്കി മാറ്റിയതും അദ്ദേഹത്തിന്റെ ഭരണ മികവിന് ഉദാഹരണങ്ങളാണ്. എന്നാൽ, നിയമസഭാ സ്പീക്കർ എന്ന നിലയിലാണ് അദ്ദേഹം തന്റെ കർമ്മമണ്ഡലത്തിൽ ഏറെ തിളങ്ങിയത്. 1982-1984 കാലയളവിൽ ആദ്യമായി സ്പീക്കർ പദവിയിൽ എത്തിയ അദ്ദേഹം 2001-2004 കാലയളവിലും ആ പദവി അലങ്കരിച്ചു. ഇങ്ങനെ രണ്ടുതവണയായി അഞ്ചുവർഷവും ഒമ്പതുമാസവും സ്പീക്കർ സ്ഥാനം വഹിച്ച അദ്ദേഹമാണ് കേരള നിയമസഭയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ കാലം

സ്പീക്കറായിരുന്ന വ്യക്തി. നിയമത്തിലും നിയമസഭാ നടപടിക്രമങ്ങളിലുമുള്ള അഗാധമായ പാണ്ഡിത്യം നിയമസഭാ നടത്തിപ്പിൽ പ്രയോഗിച്ച അദ്ദേഹം സ്പീക്കർ പദവിക്ക് അനുകരണീയമായ മാതൃക സൃഷ്ടിച്ചു. നിയമസഭാംഗങ്ങൾ സമയക്ലിപ്തത പാലിച്ച് വിഷയത്തിലൂന്നി നിന്ന് മാത്രം സംസാരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. ഗൃഹപാഠം നടത്തി വന്നുമാത്രം സഭാതലത്തിൽ പ്രസംഗിക്കുന്നതിന് അംഗങ്ങളെ നിർബന്ധിച്ച അദ്ദേഹം അതിലൂടെ നിർദ്ദിഷ്ട സമയത്തുതന്നെ സഭയുടെ കാര്യപരിപാടികൾ അവസാനിപ്പിച്ചിരുന്നു. തുടർന്ന് വന്നിട്ടുള്ള സ്പീക്കർമാർക്കെന്നും ഒരു മാർഗ്ഗദർശിയായിരുന്നു വക്കം ബി. പുരുഷോത്തമൻ എന്ന സ്പീക്കർ.

ഏത് പദവിയിലിരുന്നാലും മികവാർന്ന ഭരണപാടവം അദ്ദേഹം മുന്നോട്ടുവച്ചു. കണിശക്കാരനെന്നുള്ള നിലയിൽ അദ്ദേഹം തനിക്ക് ശരിയെന്ന് തോന്നുന്ന നിലപാടുകൾ ഉയർത്തിപ്പിടിച്ചു. കാർക്കശ്യ ഭാവത്തോടെ കൃത്യനിഷ്ഠ പാലിക്കാൻ ഏവരേയും സജ്ജരാക്കി. വിവാദങ്ങളെ വകവയ്ക്കാതെ തന്റെ തീരുമാനങ്ങളിൽ ഉറച്ചുനിന്ന അദ്ദേഹത്തിന്റെ ശൈലിയും നിശ്ചയദാർഢ്യവും ഏറെ ചർച്ച ചെയ്യപ്പെട്ടു. മന്ത്രി

പദത്തിലിരുന്ന വേളയിൽ സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടിയുള്ള വീക്ഷണമാണ് അദ്ദേഹം ഉയർത്തിപ്പിടിച്ചത്. പാർലമെന്റിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട വേളയിൽ കേരളത്തിന്റെ പൊതുവായ ആവശ്യങ്ങൾ കേന്ദ്രശ്രദ്ധയിലേക്ക് കൊണ്ടുവരുന്നതിനും അദ്ദേഹത്തിന് സാധിച്ചുവെന്നത് ശ്രദ്ധേയമാണ്.

1984-ലും 1989-ലും ലോക്സഭാംഗമായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം ആൻഡമാൻ നിക്കോബാർ ലഫ്റ്റനന്റ് ഗവർണ്ണറായും മിസോറാം ഗവർണ്ണറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അടിസ്ഥാന ആശയങ്ങളിൽ വിട്ടുവീഴ്ച ചെയ്യാത്ത കാർക്കശ്യ നിലപാട് സ്വീകരിച്ച വക്കം ബി. പുരുഷോത്തമന്റെ നിര്യാണത്തിലൂടെ പൊതുതാൽപ്പര്യങ്ങൾക്കുവേണ്ടി നിലകൊണ്ട, രാഷ്ട്രീയത്തിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ച, മനുഷ്യസ്നേഹിയും പരിശ്രമശാലിയുമായ ഒരു ജനകീയ നേതാവിനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഉമ്മൻ ചാണ്ടിയെക്കുറിച്ചും വക്കം ബി. പുരുഷോത്തമനെക്കുറിച്ചും അങ്ങ് പറഞ്ഞ എല്ലാ കാര്യങ്ങളും പൂർണ്ണമായും അംഗീകരിക്കുന്നു. കേരളത്തിന്റെ ആദരണീയനായ മുൻ മുഖ്യമന്ത്രിയും പതിനഞ്ചാം കേരള നിയമസഭയിലെ അംഗവുമായിരുന്ന ഉമ്മൻ ചാണ്ടിയുടെ സ്മരണകൾക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ഉമ്മൻ ചാണ്ടിയുടെ വേർപാടോടെ കേരള രാഷ്ട്രീയത്തിലെ ഒരു സുപ്രധാന ഏടാണ് അവസാനിച്ചിരിക്കുന്നത്. ഭൗതിക സാന്നിദ്ധ്യം വിടവാങ്ങുമ്പോഴും ഉമ്മൻ ചാണ്ടി അവശേഷിപ്പിച്ച് പോകുന്ന സവിശേഷതകൾ പലതും കേരള രാഷ്ട്രീയത്തിൽ കാലത്തെ അതിജീവിച്ച് നിലനിൽക്കും. അങ്ങ് പറഞ്ഞതുപോലെ ഒരേ മണ്ഡലത്തിൽ നിന്നുതന്നെ ആവർത്തിച്ച് തെരഞ്ഞെടുക്കപ്പെട്ട് സഭയിലെത്തുക, അങ്ങനെ നിയമസഭാ ജീവിതത്തിൽ അഞ്ച് പതിറ്റാണ്ടിലേറെ പൂർത്തിയാക്കുക, തെരഞ്ഞെടുപ്പിനെ നേരിട്ട പന്ത്രണ്ട് തവണകളിൽ ഒരു തവണപോലും പരാജയമെന്തെന്നത് അറിയാൻ ഇടവരാതിരിക്കുക, 53 വർഷക്കാലത്തോളം നിയമസഭാ സാമാജികനായി തുടരുക ഇതൊക്കെ ലോക പാർലമെന്ററി

ചരിത്രത്തിൽത്തന്നെ അത്യപൂർവ്വം ആളുകൾക്ക് മാത്രം സാദ്ധ്യമായിട്ടുള്ള കാര്യങ്ങളാണ്. ആ അത്യപൂർവ്വം നിയമസഭാ സാമാജികരുടെ ഇടയിലാണ് ഉമ്മൻ ചാണ്ടിയുടെ സ്ഥാനം. ആ സവിശേഷത തന്നെ ജനഹൃദയങ്ങളിൽ അദ്ദേഹം നേടിയ വിജയത്തിന്റെ തെളിവാണ്.

1970-ൽ ഉമ്മൻ ചാണ്ടിയും ഞാനും ഒരേ ദിവസമാണ് നിയമസഭാംഗങ്ങളായത്. ഞാൻ മിക്കവാറും വർഷങ്ങളിൽ സഭയ്ക്കുപുറത്ത് രാഷ്ട്രീയ പ്രവർത്തന രംഗത്തും ഇടയ്ക്കൊക്കെ സഭയിലും ഉണ്ടാകുമായിരുന്നു. എന്നാൽ ഉമ്മൻ ചാണ്ടി ആദ്യം സത്യപ്രതിജ്ഞ ചെയ്തത് മുതൽ ഇങ്ങോട്ട് എന്നും സഭയിലെ അംഗമായിത്തന്നെ തുടർന്നു. പല കോൺഗ്രസ് നേതാക്കളും കെ. കരുണാകരനും ശ്രീ. എ. കെ. ആന്റണിയും അടക്കമുള്ളവർ പാർലമെന്റംഗങ്ങളായും മറ്റും പോയിട്ടുണ്ട്. എന്നാൽ ഉമ്മൻ ചാണ്ടിക്കെന്നും പ്രിയങ്കരം കേരള നിയമസഭയായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹം ഈ സഭ വിട്ടുപോയതുമില്ല. കേരള ജനതയോടും കേരള നിയമസഭയോടും അദ്ദേഹത്തിനുണ്ടായിരുന്ന ആത്മബന്ധത്തിന് ഇതിലും വലിയ ദൃഷ്ടാന്തം വേറെയില്ല. ദേശീയതലത്തിൽ പ്രവർത്തിക്കാൻ

അവസരമുണ്ടായപ്പോൾ അദ്ദേഹം കേരളത്തെ കേന്ദ്രീകരിച്ചുതന്നെ പ്രവർത്തിക്കാൻ ഇഷ്ടപ്പെട്ടു. കേരളം വിട്ടുപോകാത്ത മനസ്സായിരുന്നു അദ്ദേഹത്തിന്റേത്. 1970-കളുടെ തുടക്കത്തിൽ നിരവധി യുവാക്കളുടെ സാന്നിദ്ധ്യം കൊണ്ട് കേരള നിയമസഭ ശ്രദ്ധിക്കപ്പെട്ടിരുന്നു. ലെജിസ്ലേച്ചറിലും എക്സിക്യൂട്ടീവിലുമായി അവരിൽ മറ്റാരെക്കാളും കൂടുതൽ ഉത്തരവാദിത്തങ്ങൾ ഉമ്മൻ ചാണ്ടിക്ക് ലഭിച്ചു. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ മൂന്നു പ്രാവശ്യം മന്ത്രിയായി. ധനം, ആഭ്യന്തരം, തൊഴിൽ തുടങ്ങിയ സുപ്രധാന വകുപ്പുകൾ അദ്ദേഹം കൈകാര്യം ചെയ്തു. മുഖ്യമന്ത്രിയായും അതിനെത്തുടർന്ന് പ്രതിപക്ഷ നേതാവായും സേവനം ചെയ്തു. കഴിവും കാര്യക്ഷമതയുമുള്ള ഭരണാധികാരിയും ശ്രദ്ധേയനായ നിയമസഭാ സാമാജികനും ജീവിതം രാഷ്ട്രീയത്തിനുവേണ്ടി സമർപ്പിച്ച വ്യക്തിയുമാണ് അദ്ദേഹം. 1970 മുതൽ ഇങ്ങോട്ടെന്നും കേരളത്തിന്റെ മുഖ്യധാര രാഷ്ട്രീയത്തിൽ സജീവ സാന്നിദ്ധ്യമായി ഉമ്മൻ ചാണ്ടി ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ അരനൂറ്റാണ്ട് കാലമായി കോൺഗ്രസ് രാഷ്ട്രീയത്തിന്റെ ഗതിവിഗതികൾ നിയന്ത്രിക്കുന്ന കാര്യത്തിലെന്നും

ഉമ്മൻ ചാണ്ടിയുടെ പങ്ക് ശ്രദ്ധേയമായിരുന്നു. അക്കാലയളവിലുടനീളം കോൺഗ്രസ്സിന്റെയും യു.ഡി.എഫ്.-ന്റെയും മന്ത്രിസഭയുടെയും നേതൃനിർണ്ണയ കാര്യങ്ങളടക്കം നിർണ്ണായകമാംവിധം അദ്ദേഹം ഇടപെട്ടിട്ടുണ്ട്. ബാലജനസഖ്യത്തിലൂടെ കെ.എസ്.യു.-വിലൂടെ ഇളംപ്രായത്തിൽ തന്നെ പൊതുരംഗത്തേയ്ക്ക് കടന്നുവരികയും കോൺഗ്രസ് രാഷ്ട്രീയത്തിലും പൊതുരംഗത്തും നിറഞ്ഞുനിൽക്കുകയും ചെയ്ത വ്യക്തിത്വമാണദ്ദേഹം. രാഷ്ട്രീയമായി ഇരുചേരികളിൽ നിൽക്കുമ്പോഴും ഞങ്ങൾ തമ്മിലുള്ള സൗഹൃദത്തിന് ഒരു കോട്ടവുമുണ്ടായിരുന്നില്ല. 2016-ൽ മുഖ്യമന്ത്രിയാകണമെന്ന് എൽ.ഡി.എഫ്. പാർലമെന്ററി പാർട്ടി നിശ്ചയിച്ചതിനെത്തുടർന്ന് ഞാൻ ആദ്യം പോയി സന്ദർശിച്ചത് അതിന് തൊട്ടുമുമ്പ് മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടിയെയായിരുന്നു. രണ്ട് തവണ ഈ സഭയുടെ നാഥനായിരുന്ന അദ്ദേഹത്തിൽനിന്നും സഭയുടെ നടത്തിപ്പിലുൾപ്പെടെ മികച്ച സഹകരണമാണ് ഉണ്ടായിട്ടുള്ളത്. കഠിനാധ്വാനവും സ്ഥിരോത്സാഹവുമാണ് എന്നും ഉമ്മൻചാണ്ടിയെ നയിച്ചത്. ഊണിനും ഉറക്കത്തിനുമൊന്നും പ്രാധാന്യം കല്പിക്കാതെ ആരോഗ്യം പോലും

വകവയ്ക്കാതെ പൊതുമണ്ഡലത്തിൽ വ്യാപരിക്കുന്ന പ്രകൃതക്കാരനായിരുന്നു അദ്ദേഹം. രോഗാതുരനായ ഘട്ടത്തിൽപ്പോലും ഏറ്റെടുത്ത കടമകൾ പൂർത്തീകരിക്കുന്നതിൽ അദ്ദേഹം വ്യാപൃതനായിരുന്നു. പൊതുപ്രവർത്തനത്തോടുള്ള ഉമ്മൻചാണ്ടിയുടെ ഈ ആത്മാർത്ഥത പുതുതലമുറയ്ക്കടക്കം മാതൃകയാണ്. കേരളത്തിന്റെ പൊതുമണ്ഡലത്തിൽ നികത്താനാകാത്ത വിടവ് സൃഷ്ടിച്ച, നാലാം കേരള നിയമസഭ മുതൽ പതിനഞ്ചാം കേരള നിയമസഭവരെ തുടർച്ചയായി കേരള നിയമസഭാംഗമായിരുന്ന ഉമ്മൻചാണ്ടിയുടെ വിയോഗത്തിൽ കേരള നിയമസഭയ്ക്കുള്ള അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു.

കേരള നിയമസഭയുടെ മുൻസ്പീക്കറും സംസ്ഥാനത്തെ മുൻമന്ത്രിയും കേരളത്തിൽനിന്നുള്ള പാർലമെന്റ് അംഗവുമൊക്കെയായിരുന്ന വക്കം ബി. പുരുഷോത്തമൻ വിട വാങ്ങിയിരിക്കുകയാണ്. നിയമസഭാ അദ്ധ്യക്ഷൻ, സാമാജികൻ, പാർലമെന്റ് അംഗം എന്നീ നിലകളിലും സംസ്ഥാനത്തെ വിവിധ മന്ത്രിസഭകളിലെ അംഗമെന്ന നിലയിലും അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ നന്ദിയോടെ സ്മരിക്കുകയാണ്.

അഭിഭാഷകവൃത്തിയിൽ പേരും പെരുമയും കൈവരിച്ച അദ്ദേഹത്തിന് വേണമെങ്കിൽ ആ രംഗത്തുതന്നെ തുടരാമായിരുന്നു. എന്നാൽ അദ്ദേഹം ജനസേവനത്തിന് വില കല്പിച്ചു. അങ്ങനെ പൊതുപ്രവർത്തന രംഗത്തേയ്ക്ക് കടന്നുവന്നു. പിന്നീടുള്ള അദ്ദേഹത്തിന്റെ ജീവിതം ആധുനിക കേരള രാഷ്ട്രീയ ചരിത്രത്തിനൊപ്പം സഞ്ചരിക്കുന്ന നിത്യസാന്നിദ്ധ്യമായിരുന്നു. സജീവ പൊതുപ്രവർത്തന രംഗത്തിലേയ്ക്ക് തന്നെ കൈപിടിച്ചുകൊണ്ടുവന്നത് കേരളത്തിന്റെ ആദരണീയനായ മുൻമുഖ്യമന്ത്രി ആർ. ശങ്കർ ആയിരുന്നുവെന്ന് വക്കം പുരുഷോത്തമൻ പറയാറുണ്ടായിരുന്നു. എന്നാൽ അത് മാത്രമായിരിക്കില്ല വക്കത്തെ രാഷ്ട്രീയ രംഗത്തേയ്ക്ക് ആകർഷിച്ചത്. ഈ രാജ്യത്തിന്റെ ചരിത്രത്തിൽ, പ്രത്യേകിച്ച് സാമ്രാജ്യത്വ വിരുദ്ധ പ്രക്ഷോഭങ്ങളിൽ സവിശേഷമായ സ്ഥാനമുള്ള നാടാണ് തിരുവനന്തപുരം ജില്ലയിലെ വക്കം. മാധ്യമ രംഗത്തിനാകെ മാതൃകയായിത്തീർന്ന അബ്ദുൽ ഖാദർ മൗലവിയുടെ നാടാണ് അത്. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ഐ.എൻ.എ.യുടെ ഭാഗമായി പൊരുതിയ വക്കം ഖാദറിന്റെ നാടാണ് അത്. അങ്ങനെ നിരവധി ചരിത്ര സംഭവങ്ങളും വ്യക്തികളുമായി

ബന്ധപ്പെട്ട് കിടക്കുന്ന നാടാണ് വക്കം. ആ നാടിന്റെ ചരിത്രത്തിൽനിന്ന് ഉൾക്കൊണ്ട ഊർജ്ജവും വിദ്യാർത്ഥി രാഷ്ട്രീയത്തിലെ മികവുറ്റ പ്രവർത്തന പരിചയവും അഭിഭാഷകവൃത്തിയിലൂടെ ലഭിച്ച അനുഭവ സമ്പത്തുമെല്ലാം ഒത്തുചേർന്ന് വക്കം ബി. പുരുഷോത്തമനിലെ പൊതുപ്രവർത്തകനെ രൂപപ്പെടുത്തിയെന്നുവേണം കരുതാൻ. അദ്ദേഹത്തിന്റെ ഉള്ളിൽ വളർന്നുവന്ന രാഷ്ട്രീയ വ്യക്തിത്വത്തെ പൊതുരംഗത്തേയ്ക്ക് ഉയർത്തിക്കൊണ്ടുവരികയാണ് ആർ. ശങ്കർ ചെയ്തതെന്ന് പറയേണ്ടിവരും. ജനാധിപത്യ പ്രക്രിയയുടെ ഒട്ടുമിക്ക തലങ്ങളിലും നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുണ്ട് വക്കം ബി. പുരുഷോത്തമൻ. പഞ്ചായത്ത് മുതൽ പാർലമെന്റ് വരെയുള്ള ജനപ്രതിനിധി സഭകളിൽ അദ്ദേഹം അംഗമായിട്ടുണ്ട്. അംഗമായിരുന്ന സഭകളിലെല്ലാം അദ്ദേഹം ശ്രദ്ധേയമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ജനങ്ങൾക്കിടയിലേയ്ക്ക് ഇറങ്ങിച്ചെന്ന് പ്രവർത്തിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. അത് അദ്ദേഹത്തിന് നേടിക്കൊടുത്ത ജനസമ്മതി വളരെ വലുതായിരുന്നു. അതുകൊണ്ടാണല്ലോ അഞ്ച് പ്രാവശ്യം ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽനിന്നും അദ്ദേഹം നിയമസഭയിലേയ്ക്ക്

തെരഞ്ഞെടുക്കപ്പെട്ടത്. മൂന്ന് പ്രാവശ്യം മന്ത്രിയായി. ധനകാര്യം, ആരോഗ്യം, എക്സൈസ്, തൊഴിൽ, കൃഷി, ടൂറിസം തുടങ്ങിയ സുപ്രധാനമായ പല വകുപ്പുകളും അവധാനതയോടെ അദ്ദേഹം കൈകാര്യം ചെയ്തു. ഏറ്റെടുത്ത ചുമതലകൾ കൃത്യമായി നിറവേറ്റുന്നതോടൊപ്പം തന്നെ തന്റെ കീഴിലുള്ള വകുപ്പുകളെക്കുറിച്ച് ഗാഢമായി പഠിക്കാനും അവഗാഹത്തോടെ കാര്യങ്ങൾ അവതരിപ്പിക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. ഒരു തവണ അദ്ദേഹം മുഖ്യമന്ത്രിയുടെ ചുമതലയും വഹിച്ചു. രണ്ട് തവണ അദ്ദേഹം ഈ നിയമസഭയുടെ സ്പീക്കറായി. നിയമസഭാ അദ്ധ്യക്ഷനെന്ന നിലയിൽ അദ്ദേഹം നടത്തിയ ഇടപെടലുകൾ ഈ സഭയുടെ ചരിത്രത്തിലെ ശ്രദ്ധിക്കപ്പെട്ട അദ്ധ്യായങ്ങളാണ്. രണ്ട് പ്രാവശ്യമായി പാർലമെന്റിലും ശ്രദ്ധേയമായ ഇടപെടലുകൾ നടത്താൻ അദ്ദേഹത്തിന് സാധിച്ചു. മിസോറാം ഗവർണ്ണർ ആയിരുന്നപ്പോഴും ആൻഡമാൻ നിക്കോബാർ ലഫ്റ്റനന്റ് ഗവർണ്ണർ ആയിരുന്നപ്പോഴുമെല്ലാം ഭരണഘടനയോട് കൂറ് പുലർത്തുന്ന പ്രവർത്തനങ്ങൾ അദ്ദേഹം ഏറ്റെടുത്തു. ഏഴരപ്പതിറ്റാണ്ടോളം നീണ്ടുനിന്ന വക്കത്തിന്റെ രാഷ്ട്രീയ ജീവിതം പൊതുപ്രവർത്തകർക്കാകെ

പ്രത്യേകിച്ച് പുതുതലമുറയിൽപ്പെടുന്നവർക്കുള്ള മികച്ച ഒരു റഫറൻസാണ്. ആധുനിക കേരളത്തിന്റെ രാഷ്ട്രീയ വികാസ പരിണാമങ്ങൾക്കൊപ്പം സഞ്ചരിച്ച വ്യക്തിയാണ് വക്കം ബി. പുരുഷോത്തമൻ. അദ്ദേഹം വിട വാങ്ങുമ്പോൾ ആ ചരിത്രത്തിലെ സുപ്രധാനമായ ഒരു അദ്ധ്യായം അവസാനിക്കുകയാണ്. വക്കം ബി. പുരുഷോത്തമന്റെ വിയോഗത്തിൽ കേരള നിയമസഭയുടെ അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഉമ്മൻ ചാണ്ടിയെക്കുറിച്ചും വക്കം ബി. പുരുഷോത്തമനെക്കുറിച്ചും ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും നടത്തിയ അഭിപ്രായങ്ങളോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. 53 വർഷങ്ങൾക്കുശേഷം ഉമ്മൻ ചാണ്ടിയില്ലാതെ കേരള നിയമസഭ ഒരു യോഗം ചേരുകയാണ്. നിയമസഭാ നടപടികൾ തുടങ്ങുമ്പോൾ സാന്നിദ്ധ്യമായി നിയമസഭയ്ക്കകത്ത് എല്ലാ ദിവസവും അദ്ദേഹമുണ്ടായിരുന്നു. ജനക്കൂട്ടമായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഇന്ധനം. കഠിനാദ്ധ്വാനത്തിന്റെ

കല്ലുകളും മുള്ളുകളും നിറഞ്ഞ പാതകളിലൂടെ സഞ്ചരിച്ച് നിശ്ചയദാർഢ്യത്തോടുകൂടി സാധാരണക്കാരനെ ഹൃദയത്തിലേറ്റി നടന്ന വളരെ വ്യത്യസ്തനായ രാഷ്ട്രീയ നേതാവായിരുന്നു അദ്ദേഹമെന്ന് നമുക്കെല്ലാവർക്കുമറിയാം. ഉമ്മൻ ചാണ്ടിയുടെ പ്രധാനപ്പെട്ട പ്രത്യേകത അദ്ദേഹം മറ്റുള്ളവരോട് കാണിച്ച സ്നേഹവും സഹതാപവും അവരെ ചേർത്ത് നിർത്തലുമായിരുന്നു. വളരെ ചെറിയ സങ്കടങ്ങളുമായി വരുന്നവരെപ്പോലും നിരാശപ്പെടുത്താതെ അവരുടെ സങ്കടങ്ങളിൽ പങ്കാളിയായി, അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻവേണ്ടിയുള്ള തീക്ഷ്ണമായ പ്രയത്നമായിരുന്നു അദ്ദേഹം ജീവിതം മുഴുവനും നടത്തിയിരുന്നത്. അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുന്ന കാര്യങ്ങൾക്ക് ഒറ്റയ്ക്കും കൂട്ടായും ശാശ്വത പരിഹാരമുണ്ടാക്കാൻ വേണ്ട ശ്രമങ്ങൾ എന്നും നടത്തിയിരുന്നു. സംസ്ഥാനത്തുടനീളം ഇത്രമാത്രം സഞ്ചരിച്ച മറ്റൊരു രാഷ്ട്രീയ നേതാവ് കേരളത്തിലുണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. പൊതുപ്രവർത്തനത്തിന്റെയും രാഷ്ട്രീയ പ്രവർത്തനത്തിന്റെയും ഭാഗമായി ഭക്ഷണവും ഉറക്കവും ത്യജിച്ച് ആൾക്കൂട്ടത്തിനിടയിൽ എപ്പോഴും സഞ്ചരിച്ചിരുന്ന ഒരു രാഷ്ട്രീയ നേതാവ്

കൂടിയായിരുന്നു അദ്ദേഹം. ആൾക്കൂട്ടത്തിൽ ലയിച്ചുചേരാറുള്ള ഉമ്മൻ ചാണ്ടി മരണശേഷവും ആൾക്കൂട്ടത്തിന്റെ ഹൃദയത്തിലേയ്ക്കാണ് അലിഞ്ഞുചേർന്നത്. അദ്ദേഹം അവർക്ക് കൊടുത്ത സ്നേഹം നൂറ് ഇരട്ടിയായാണ് കേരളത്തിലെ ജനങ്ങൾ അദ്ദേഹത്തിന് തിരിച്ചുകൊടുത്തത്. ഭരണാധികാരി ആയിരുന്നപ്പോഴും സാധാരണക്കാരുടെ ഇടയിൽ ജീവിക്കാൻ ആഗ്രഹിച്ച ഒരാളായിരുന്നു അദ്ദേഹം. ഒരുപക്ഷേ ഭരണാധികാരി എന്ന നിലയിൽ അദ്ദേഹത്തിന്റെ വിജയവും അതുതന്നെയായിരുന്നു. സാധാരണക്കാരെ മറക്കാതെ അവരുടെ കൂടെ നടന്ന് അവർക്കുവേണ്ടി നടത്തിയ പ്രവർത്തനങ്ങൾ എടുത്തുപറയേണ്ട ഒന്നാണ്. ജനസമ്പർക്ക പരിപാടിയിൽ നടത്തിയ സഹായങ്ങളല്ല അദ്ദേഹത്തെ ശ്രദ്ധേയനാക്കിയത്. ജനസമ്പർക്ക പരിപാടി കഴിഞ്ഞ് തിരിച്ചുവന്നതിനുശേഷം സാധാരണക്കാരുടെ ജീവിതത്തെ ബാധിക്കുന്ന സങ്കീർണ്ണമായ നിരവധി പ്രശ്നങ്ങൾ, നിയമപരമായ തടസ്സങ്ങൾ, എത്ര തവണ സർക്കാർ ആഫീസുകൾ കയറിയിറങ്ങിയാലും തീരാത്ത ദുരിതങ്ങൾ തുടങ്ങിയവയെല്ലാം തന്നെ അദ്ദേഹം മനസ്സിൽ കുറിച്ചുവച്ചു. മുഖ്യമന്ത്രിയെന്ന നിലയിൽ ആ

സങ്കീർണ്ണതകളും നിയമ തടസ്സങ്ങളും പരിഹരിക്കാൻ നിരവധി സർക്കാർ ഉത്തരവുകൾ ഇറക്കുകയും നിരവധി ഉത്തരവുകൾ അമെന്റ് ചെയ്യുകയും ചെയ്തു. അതെല്ലാംതന്നെ സാധാരണക്കാരന്റെ ദൈനംദിന ജീവിതത്തെ ബാധിക്കുന്ന പ്രശ്നങ്ങളായിരുന്നു. ഏത് വിഷയം പറഞ്ഞാലും അദ്ദേഹം ശ്രദ്ധയോടുകൂടി അതിലിടപെടും. എല്ലാ ദിവസവും നിരവധി ആളുകളെ കാണുന്ന അദ്ദേഹത്തിന് ഇപ്പോൾ നമ്മുടെ നാട്ടിൽ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടനുഭവിക്കുന്നത് രോഗികളാണെന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ടാണ് കാരുണ്യ ലോട്ടറി, കാരുണ്യ ഫാർമസി, കോക്ലിയാർ ഇംപ്ലാന്റ് എന്നീ പദ്ധതികൾ കൊണ്ടുവന്നതും  ഹീമോഫീലിയ രോഗികൾക്ക് ജീവിതകാലം മുഴുവൻ സൗജന്യമായി മരുന്നുകൊടുക്കാനുള്ള തീരുമാനങ്ങളെടുത്തതും. സാധാരണക്കാരനെ ബാധിക്കുന്ന ഏത് പ്രശ്നവും  തന്റെ മുന്നിൽ വന്നാൽ അതിലെ നിയമ തടസ്സങ്ങളെല്ലാം ബൈപ്പാസ് ചെയ്ത് തീരുമാനങ്ങളെടുക്കുകയും അവ നടപ്പാക്കുകയും ചെയ്യുകയെന്നതാണ് ഒരു ഭരണാധികാരിയെന്ന നിലയിൽ അദ്ദേഹത്തെ എക്കാലത്തും ശ്രദ്ധേയമാക്കുന്നത്. കേരളത്തിലെ ജനങ്ങളുടെ ഇടയിൽ മുഴുവൻ അദ്ദേഹം

നിറഞ്ഞുനിൽക്കുകയായിരുന്നു. ഒരേ നിയോജകമണ്ഡലത്തിലെ ജനങ്ങളെ പ്രതിനിധാനം ചെയ്ത് 53 വർഷം ഒരു നിയമസഭാ സാമാജികന് നിയമസഭയിലിരിക്കാൻ കഴിയുകയെന്നത് അദ്ദേഹത്തിനുമാത്രം സാധ്യമായ കാര്യമാണ്. പുതുപ്പള്ളിയിലെ ജനങ്ങളെ ഹൃദയത്തിലേറ്റി കേരളം മുഴുവൻ സഞ്ചരിച്ചുകൊണ്ട് അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ എല്ലാ ജനപ്രതിനിധികൾക്കും മാതൃകയാണ്. ജനങ്ങളോട് എങ്ങനെ പെരുമാറണം, ജനങ്ങളെ എങ്ങനെ ചേർത്ത് നിർത്തണം, അവരുടെ പ്രശ്നങ്ങളിൽ എങ്ങനെ ഇടപെടണം എന്നതിന്റെ ഏറ്റവും വലിയ മാതൃകയായി അദ്ദേഹം നിലകൊള്ളുന്നു. അചഞ്ചലമായ ദൈവവിശ്വാസത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ടാണ് അദ്ദേഹം ജീവിച്ചത്. എപ്പോഴും സത്പ്രവൃത്തികളും സ്നേഹഭാഷണങ്ങളും മാത്രം നടത്തിയിരുന്ന അദ്ദേഹം നിരവധി പീഡാനുഭവങ്ങളിലൂടെ കടന്നുപോയിട്ടുണ്ട്. ക്രിസ്തുവിനെ ക്രൂശിച്ചശേഷം പടയാളികളുടെ ശതാധിപൻ ഇങ്ങനെ പറഞ്ഞു. “Certainly this was a righteous Man!”, (വാസ്തവത്തിൽ അദ്ദേഹമൊരു നീതിമാനായിരുന്നു). ആ നീതിമാൻ ഉയർത്തെഴുന്നേൽക്കുന്നത് ജനങ്ങളുടെ ഹൃദയത്തിലായിരിക്കും

എന്നാണ് കാലം നമ്മളോട് പറയുന്നത്. ജനങ്ങളുടെ ഹൃദയത്തിൽ ആർക്കും മായ്ച്ചുകളയാൻ സാധിക്കാത്ത വിധത്തിൽ ഉമ്മൻ ചാണ്ടിയെന്നും ജീവിച്ചിരിക്കുക തന്നെ ചെയ്യും. അദ്ദേഹത്തിന്റെ ഊഷ്മളമായ ഓർമ്മകൾ, അദ്ദേഹത്തിന്റെ ജീവിതകാലത്ത് നടത്തിയ പ്രവൃത്തികളെല്ലാം അദ്ദേഹത്തെ അറിയാവുന്ന നമ്മുടെയെല്ലാം മനസ്സിൽ ഇരമ്പിയെത്തുകയാണ്. ആ ഓർമ്മകൾക്ക് മുന്നിൽ ഞാൻ ആദരവുകൾ അർപ്പിക്കുകയാണ്.

വളരെ വ്യത്യസ്തമായ രാഷ്ട്രീയ ശൈലികൊണ്ടും ഭരണരീതികൊണ്ടും ശ്രദ്ധേയനായ ഒരാളായിരുന്നു വക്കം ബി. പുരുഷോത്തമൻ. 2001-ൽ ബഹുമാന്യനായ സ്പീക്കറുടെ ചെയറിലുണ്ടായിരുന്ന വക്കം ബി. പുരുഷോത്തമൻ വളരെ കാർക്കശ്യം നിറഞ്ഞ സ്പീക്കറായിരുന്നു. നിയമസഭ ഉച്ചയ്ക്കുശേഷം 1.30-ന് പിരിയണമെന്ന് നിശ്ചയദാർഢ്യമുണ്ടായിരുന്ന അദ്ദേഹം ഈ സഭയിലുണ്ടായിരുന്ന ഏറ്റവും സീനിയറായ അംഗങ്ങളെപ്പോലും സമയത്ത് പ്രസംഗം അവസാനിപ്പിക്കാൻ നിർബന്ധിച്ചിരുന്നു. അതുപോലെ ഏറ്റവും പുറകിലുണ്ടായിരുന്ന ഞങ്ങൾക്കെല്ലാം നിരവധി അവസരങ്ങൾ തരികയും ചെയ്തു. നിശ്ചിത

സമയത്തിനുള്ളിൽനിന്ന് പ്രസംഗം അവസാനിപ്പിക്കുമ്പോഴും നന്നായി സംസാരിക്കുമ്പോഴും സ്പീക്കറുടെ ചേമ്പറിലേയ്ക്ക് വിളിച്ചുവരുത്തി അഭിനന്ദിക്കാനും അദ്ദേഹം മറന്നിരുന്നില്ല. ഒരുപക്ഷേ കുറഞ്ഞ സമയത്തിനുള്ളിൽ സൂക്ഷ്മതയോടെ പ്രധാനപ്പെട്ട കാര്യങ്ങൾ പരാമർശിക്കാൻ ഞങ്ങളെയെല്ലാം ശീലിപ്പിച്ചതും അദ്ദേഹത്തിന്റെ കാർക്കശ്യത്തോടെയുള്ള ഈ നിലപാടായിരുന്നുവെന്ന് ഞാൻ ഇപ്പോൾ നന്ദിപൂർവ്വം സ്മരിക്കുന്നു. അഞ്ച് തവണ എം.എൽ.എ., രണ്ട് തവണകളായി എം.പി., ഗവർണ്ണർ, സ്പീക്കർ എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹം ജനപ്രതിനിധിയെന്ന നിലയിലും അധികാര സ്ഥാനങ്ങളിലും ദീർഘമായ കാലയളവ് പൂർത്തിയാക്കിയ മികച്ച ഭരണാധികാരിയായിരുന്നു. കാര്യങ്ങളെല്ലാം കൃത്യമായി പഠിക്കുകയും ഉദ്യോഗസ്ഥരോട് അനുസംബന്ധിച്ച് ആരോഗ്യകരമായ ഡിബേറ്റ് നടത്തുകയും എല്ലാവരുമായി കൂടിയാലോചിച്ചശേഷം എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കാൻ ഏതറ്റം വരെയും പോകുന്ന ആളായിരുന്നു അദ്ദേഹം. അതിന് മുന്നിൽ എന്ത് തടസ്സങ്ങൾ വന്നാലും അതെല്ലാം ഇടിച്ചുനിരത്തിക്കൊണ്ടെടുക്കുന്ന

തീരുമാനങ്ങൾ നടപ്പാക്കണമെന്ന നിർബന്ധ ബുദ്ധിയുണ്ടായിരുന്ന ഭരണാധികാരിയായിരുന്നു. വിവിധ വിഷയങ്ങളിന്മേൽ ഉചിതമായ തീരുമാനങ്ങളെടുക്കുകയും അവ വിവിധ വകുപ്പുകളിൽ ഭംഗിയായി നടപ്പാക്കാനും അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്ന കാലഘട്ടത്തിലാണ് അദ്ദേഹം ധനകാര്യ വകുപ്പുമന്ത്രിയായിരുന്നത്. ധനകാര്യ വകുപ്പുമന്ത്രി, ആരോഗ്യ വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി എന്നീ നിലകളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയ മികച്ച ഭരണാധികാരിയായിരുന്നു അദ്ദേഹമെന്ന് ഈ അവസരത്തിൽ ഞാൻ സ്മരിക്കുകയാണ്. അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുന്നിൽ ഞാൻ ആദരവുകൾ അർപ്പിക്കുന്നു.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> സർ, ബഹുമാന്യരായ സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമെല്ലാം ഉമ്മൻ ചാണ്ടിയെക്കുറിച്ചും വക്കം ബി. പുരുഷോത്തമനെക്കുറിച്ചും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാൻ യോജിക്കുന്നു. കേരളത്തിന്റെ മുൻ മുഖ്യമന്ത്രിയും കോൺഗ്രസ് നേതാവുമായിരുന്ന ഉമ്മൻ ചാണ്ടിയുടെ വിയോഗത്തിൽ അനുശോചനം

അറിയിക്കുന്നു. എല്ലാവർക്കും സ്നേഹവും ബഹുമാനവും പരിഗണനയും നൽകിയ ഭരണകർത്താവും രാഷ്ട്രീയ നേതാവുമായിരുന്നു അദ്ദേഹം. മാനുഷിക പരിഗണന അദ്ദേഹത്തിന്റെ നിലപാടുകളുടെ പ്രത്യേകതയായിരുന്നു. ജനത്തെ ജീവശ്വാസംപോലെ ഇഷ്ടപ്പെടുകയും അവർക്കായി ജീവിക്കുകയും ചെയ്ത നേതാവെന്ന നിലയിൽ ഉമ്മൻ ചാണ്ടിയെപ്പോലെ അധികം ആളുകളുണ്ടാകില്ല. 53 വർഷക്കാലം ഒരേ നിയോജകമണ്ഡലത്തിൽനിന്നും ജയിച്ചുവന്ന നേതാവ്, 1970 സെപ്തംബർ 17-ന് നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ പുതുപ്പള്ളിയിൽ കന്നി മത്സരത്തിനിറങ്ങിയ ഉമ്മൻ ചാണ്ടി 12 പ്രാവശ്യം അതേ മണ്ഡലത്തിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടു. ആറ് പതിറ്റാണ്ട് നീണ്ട പൊതുപ്രവർത്തനം കേരള രാഷ്ട്രീയത്തിന്റെ പതിവ് പാഠങ്ങളെ മാറ്റിയെഴുതാൻ കഴിയുന്നതാണ്. ജനക്കൂട്ടത്തിന്റെ ചെറിയ കാര്യങ്ങൾ പോലും വേദികളിൽ വലിയ കാര്യമായി കണ്ട പൊതുപ്രവർത്തകനാണ് ഉമ്മൻ ചാണ്ടി. എത്ര തിരക്കുകൾക്കിടയിലും എല്ലാവരെയും കേൾക്കുകയെന്ന ശ്രമകരമായ ദൗത്യം വളരെ വിജയകരമായി നടപ്പിലാക്കി.

രാഷ്ട്രീയത്തിൽ ഹൃദയ വിശാലതയും മാനുഷിക കാഴ്ചപ്പാടും കാർക്കശ്യവും കൈമുതലാക്കിയ നേതാവുകൂടിയായിരുന്നു അദ്ദേഹം. പരിചയപ്പെട്ടവർക്ക് മാത്രമല്ല കൂടെ നടന്നവർക്കുകൂടി ഉമ്മൻ ചാണ്ടി ഒരു വിസ്മയം തന്നെയായിരുന്നു. ജനബന്ധം അദ്ദേഹത്തിന്റെ തീരുമാനങ്ങളിൽ എന്നും പ്രതിഫലിച്ചിരുന്നു. മുഖ്യമന്ത്രിയായിരിക്കെ സംഘടിപ്പിച്ച ജനസമ്പർക്ക പരിപാടി പുരസ്കാരങ്ങൾ നേടുന്നതുൾപ്പെടെയുള്ള അവസരങ്ങൾ അദ്ദേഹത്തിന് ഉണ്ടാക്കിക്കൊടുത്തു. ഒരു കടലാസുമായി അദ്ദേഹത്തെ കാത്തിരിക്കുന്ന അവസാനത്തെ ആളിനെയും അടുത്ത് വിളിച്ചുകേൾക്കുന്ന ഭരണാധികാരിയെ തേടി പുരസ്കാരമെത്തിയത് അദ്ദേഹത്തിന്റെ ജനപ്രീതി വർദ്ധിപ്പിക്കാൻ കാരണമായി. ഒരു ദിവസം  രാവിലെ തുടങ്ങി അടുത്ത ദിവസം രാത്രി വരെ നീളുന്ന ജനസമ്പർക്ക പരിപാടിയിൽ രാപ്പകൽ ഒരേ നിൽപ്പുനിന്ന ഉമ്മൻചാണ്ടിയുടെ അസാധാരണ സാഹസിക പ്രകടനത്തെ അത്ഭുതകരമായാണ് ആളുകൾ കണ്ടുകൊണ്ടിരുന്നത്. മുന്നണി രാഷ്ട്രീയ പരീക്ഷണങ്ങളെ വിജയിപ്പിച്ച ജ്ഞാനിയും മതേതര ആശയങ്ങളുടെ കാവലാളായും ആ ജീവിതം പല വഴികളിലൂടെ നിറഞ്ഞൊഴുകുകയായിരുന്നു.

ഉണരുമ്പോൾ മുതൽ ഉറങ്ങുന്നതുവരെ ഒരാൾക്കൂട്ടം ഉമ്മൻ ചാണ്ടിയെ പിന്തുടർന്നുകൊണ്ടേയിരുന്നത് നാം കണ്ടതാണ്. എം.എൽ.എ.യും മന്ത്രിയും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമൊക്കെയായി സർക്കാരിലും കോൺഗ്രസ് പാർട്ടിയിലും സ്ഥാനമാനങ്ങൾ മാറിമറിഞ്ഞപ്പോൾ ആൾക്കൂട്ടം ഒപ്പം വേണമെന്നതിൽ മാറ്റമുണ്ടായില്ല. അദ്ദേഹത്തിന്റെ വിയോഗത്തിലും കക്ഷിരാഷ്ട്രീയത്തിനതീതമായ ആൾക്കൂട്ടത്തെയാണ് ബാംഗ്ലൂർ മുതൽ പുതുപ്പള്ളിവരെ നാം കണ്ടത്. ജനമനസ്സ് അറിഞ്ഞ് ജനങ്ങൾക്കുവേണ്ടി പ്രവർത്തിച്ച ജനകീയ നേതാവായ ഉമ്മൻ ചാണ്ടിയുടെ വിയോഗത്തിൽ എന്റെ കക്ഷിയുടെ പേരിൽ ഞാൻ അനുശോചനം അറിയിക്കുകയാണ്.

പഞ്ചായത്ത് മെമ്പർ മുതൽ പാർലമെന്റ് അംഗം വരെയും മന്ത്രിയെന്ന നിലയിലും സ്പീക്കർ എന്ന നിലയിലും ഗവർണ്ണർ എന്ന നിലയിലുമെല്ലാം ഒട്ടേറെ സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള വ്യക്തിയാണ് വക്കം ബി. പുരുഷോത്തമൻ. നിയമസഭാ സ്പീക്കർ എന്ന നിലയിൽ രണ്ട് തവണയായി പദവിയിലിരിക്കുമ്പോൾ വളരെ കർക്കശമായ നിലപാടുകളായിരുന്നു അദ്ദേഹം സ്വീകരിച്ചിരുന്നതെന്ന് അന്നത്തെ നിയമസഭാംഗങ്ങളായിരുന്ന

പലരും ചൂണ്ടിക്കാണിച്ചത് ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. വിവിധ വകുപ്പുകളുടെ ചുമതല വഹിച്ചിരുന്ന മന്ത്രിയെന്ന നിലയിൽ സമൂഹത്തിന് ഒട്ടേറെ നേട്ടങ്ങളുണ്ടാക്കിക്കൊടുക്കാൻ അദ്ദേഹത്തിന്റെ ഭരണ കാലഘട്ടത്തിൽ സാധിച്ചിട്ടുണ്ടെന്നത് വസ്തുതയാണ്. പ്രമുഖ കോൺഗ്രസ് നേതാവ് എന്ന നിലയിൽ സംഘടനയിൽ സ്വാധീനം ചെലുത്താനും വിവിധ നേതൃസ്ഥാനങ്ങൾ അലങ്കരിക്കാനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ വേർപാടിൽ എന്റെ ദുഃഖവും അനുശോചനവും അറിയിക്കുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഉമ്മൻ ചാണ്ടിയെക്കുറിച്ചും വക്കം ബി. പുരുഷോത്തമനെക്കുറിച്ചും ഇവിടെ കേട്ട വാക്കുകളോട് അക്ഷരാർത്ഥത്തിൽ യോജിക്കുകയാണ്. ഉമ്മൻ ചാണ്ടി ഏറെ വ്യത്യസ്തനായിരുന്നുവെന്നത് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഉമ്മൻ ചാണ്ടിയല്ല, ഒരുപക്ഷേ അരനൂറ്റാണ്ടിലേറെയുള്ള കാലഘട്ടത്തിലെ രാഷ്ട്രീയമാണ് അവസാനിച്ചിരിക്കുന്നത്. ഉമ്മൻ ചാണ്ടി നിറഞ്ഞുനിന്ന രാഷ്ട്രീയം അല്ലെങ്കിൽ പൊതുജീവിതം എന്നതായിരുന്നു നാലഞ്ച്

പതിറ്റാണ്ടുകളിൽ കേരളം കണ്ടുകൊണ്ടിരുന്നത്. എല്ലാത്തിലും ഉമ്മൻ ചാണ്ടി ഉണ്ടായിരുന്നു. അതുപോലെ കുറെ നേതാക്കൾ അപ്പുറത്തും ഇപ്പുറത്തുമുണ്ട്. ഒരുപക്ഷേ 'കാലഘട്ടത്തിലെ ഒരു പ്രതിഭാസം' എന്ന് നമുക്ക് ഉമ്മൻ ചാണ്ടിയെ വിശേഷിപ്പിക്കാം. എല്ലാവരും പറയുന്നതുപോലെ അദ്ദേഹം ഏറെ വ്യത്യസ്തനായിരുന്നു. അദ്ദേഹത്തെ മാതൃകയാക്കാമെന്ന് നമ്മൾ പറഞ്ഞാലും അത് സാധിക്കുകയില്ല. കാരണം അതൊരു വിസ്മയമായിരുന്നു. ഉണ്ണാതെയും ഉറങ്ങാതെയും ഓടി നടന്ന് മണിക്കൂറുകൾ ഇരിക്കാതെ നിന്നുകൊണ്ട് ജനസമ്പർക്ക പരിപാടി നടത്താമെന്ന് അദ്ദേഹം തെളിയിച്ചു. ഇവിടെ പറഞ്ഞതുപോലെ സാധാരണക്കാരുടെ പ്രശ്നങ്ങളിൽ ശ്രദ്ധയൂന്നി അത് പരിഹരിച്ചുകൊടുക്കണമെന്നുള്ള നിശ്ചയദാർഢ്യത്തിന്റെ പുറത്താണ് ജനസമ്പർക്ക പരിപാടിയിൽ അദ്ദേഹത്തിന്റെ ഒറ്റക്കാലിലുള്ള നിൽപ്പ്. ജനസമ്പർക്ക പരിപാടി ആരംഭിച്ച സന്ദർഭത്തിൽ എല്ലാ മന്ത്രിമാരും പങ്കെടുക്കണമെന്നുള്ള ആലോചനയുണ്ടായിരുന്നു. ഞാൻ പങ്കെടുത്തെങ്കിലും മുഴുവൻ സമയമിരിക്കാൻ എനിക്ക് സാധിച്ചില്ല. കുറെയായപ്പോൾ ഞാൻ എഴുന്നേറ്റുപോയി; പിന്നീട് ഓരോരുത്തരായി പോയി. പക്ഷേ എല്ലാവരും

പോകുന്നതിലും അദ്ദേഹത്തിന് വിരോധമുണ്ടായിരുന്നില്ല. ആ ജനസമ്പർക്ക പരിപാടിയിൽ വരുന്ന പതിനായിരം പേരെ കണ്ട് അവരുടെ പ്രശ്നം പരിഹരിച്ചുകൊടുക്കാൻ കഴിയുമോയെന്ന് ചിന്തിക്കുന്നവരുണ്ടാകാം. ഞാനും അക്കൂട്ടത്തിലായിരുന്നു. നേരത്തേ പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെ അദ്ദേഹം ചുവപ്പുനാടയ്ക്ക് കാരണമാകുന്ന വിഷയങ്ങൾ പൊതുവായി കണ്ടുകൊണ്ട് കാബിനറ്റിൽ കൊണ്ടുവരികയും അത്തരം പ്രശ്നങ്ങൾക്ക് നിയമനിർമ്മാണം നടത്തുകയെന്ന കാര്യം കൂടി ചെയ്തിരുന്നു. അതുകൊണ്ട് സാധുക്കളായ ധാരാളം ജനങ്ങൾക്ക് തടയപ്പെട്ടിരുന്ന ആനുകൂല്യങ്ങൾ സുതാര്യമായി നൽകാൻ പിൽക്കാലത്ത് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം വലിയൊരു വിസ്മയമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ധാരാളം നല്ല തീരുമാനങ്ങൾ വേഗത്തിലെടുക്കാനും കഴിഞ്ഞിരുന്നു. യു.ഡി.എഫ്.-ന്റെ കാലത്ത് വികസനത്തിനായി സ്വീകരിച്ചിരുന്ന മുദ്രാവാക്യമായിരുന്ന 'അതിവേഗം, ബഹുദൂരം' എന്നത് അദ്ദേഹത്തിന്റെ സൃഷ്ടിയായിരുന്നു. അത് വാക്കിൽ മാത്രമല്ല; അദ്ദേഹത്തിന്റെ പ്രവൃത്തിയിലുമുണ്ടായിരുന്നു.

തീരുമാനമെടുക്കാനുള്ള ധൃതി അദ്ദേഹം കാണിക്കുമായിരുന്നു. അതുപോലെതന്നെയാണ് മറ്റുള്ളവരോടുള്ള സമീപനവും. ഞാൻ അദ്ദേഹത്തിന്റെ അടുത്ത സീറ്റിലിരുന്ന് ഈ സഭയെ ഒരുപാട് തവണ അഭിസംബോധന ചെയ്തിട്ടുണ്ടായിരുന്നു. ഓരോ പ്രശ്നം വരുമ്പോഴും തമ്മിൽ സംസാരിക്കുമ്പോൾ അതിലൊക്കെ അദ്ദേഹം സ്വീകരിച്ചിരുന്നത് മയമുള്ള നിലപാടായിരുന്നു. ആശയ വിനിമയത്തിലൂടെ എപ്പോഴും നല്ല ബന്ധങ്ങൾ നിലനിർത്തണമെന്നുള്ളത് അദ്ദേഹത്തിന് നിർബന്ധമായിരുന്നു. അങ്ങനെ വാക്കുകളിലും പ്രവൃത്തിയിലുമൊക്കെ വളരെ സൂക്ഷ്മത പാലിച്ച് ബന്ധങ്ങൾ നിലനിർത്തിയിരുന്നുവെന്നുള്ളതാണ് വളരെ അടുത്ത സുഹൃത്തെന്ന നിലയിൽ എനിക്ക് അനുഭവപ്പെട്ടിട്ടുള്ളത്. വ്യക്തിബന്ധങ്ങൾ വളരെ നന്നായി സൂക്ഷിച്ചും മാനിച്ചും കൊണ്ടുപോയിരുന്ന, മനുഷ്യത്വത്തിനും സ്നേഹത്തിനും വിലകൽപ്പിച്ചിരുന്ന ഒരു മഹാനായ വ്യക്തിയായിരുന്നു അദ്ദേഹം. ആ നിലയിലൊക്കെ നോക്കുമ്പോൾ അദ്ദേഹം ഒരു വലിയ വിസ്മയം തന്നെയാണ്. അരനൂറ്റാണ്ട് കാലത്ത് കേരളം കണ്ടുകൊണ്ടിരുന്ന പ്രതിഭാസം ഇല്ലാതായിരിക്കുകയാണ്. എല്ലാ നിലയിലും വലിയ നഷ്ടമാണ്

ഉണ്ടായിരിക്കുന്നതെന്നതിൽ യാതൊരു സംശയവുമില്ല. യു.ഡി.എഫ്.-നെ സംബന്ധിച്ചിടത്തോളം അദ്ദേഹം കയറി വന്നാൽ പോസിറ്റീവ് എനർജി അപ്പോൾത്തന്നെ ലഭിക്കുമായിരുന്നു. അതുപോലെയുള്ള വലിയൊരു മനുഷ്യനെയാണ് നഷ്ടപ്പെട്ടിരിക്കുന്നത്.

വക്കം ബി. പുരുഷോത്തമനെക്കുറിച്ച് ഓർക്കുമ്പോൾ എന്റെ ഓർമ്മയിൽ വരുന്നത് നല്ലൊരു ഭരണാധികാരി എന്നതാണ്. ബുദ്ധിമാനായ കഴിവുള്ള ഒരാളായിരുന്നു. മന്ത്രിയെന്ന നിലയിൽ ഒരു ഉത്തരവിട്ടാൽ അക്കാര്യം നടപ്പാക്കണമെന്നതിൽ ഒരു ഉദ്യോഗസ്ഥനെയും മറിച്ച് പറയാൻ അദ്ദേഹം സമ്മതിക്കുകയില്ല. താൻ ഉത്തരവിട്ടത് നടന്നിട്ടുണ്ടോ ഇല്ലയോ എന്നുമാത്രമേ നിവേദകരോട് ചോദിക്കുകയുള്ളൂ. അത്ര നല്ല കഴിവുറ്റ ഭരണാധികാരിയായിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് സഭാ സമ്മേളനം കൃത്യസമയത്ത് അവസാനിപ്പിച്ചിരുന്നു. എല്ലാവരും അന്ന് സന്തോഷിച്ചിരുന്നു. ഉച്ചയ്ക്കുശേഷം 1.30-ന് സഭ പിരിഞ്ഞുപോകുമ്പോൾ തരക്കേടില്ലെന്ന് എല്ലാവരും പറയുമായിരുന്നു. സഭ അനന്തമായി നീണ്ടുപോകുന്ന സ്ഥിതി നിരവധി അസൗകര്യങ്ങൾ സൃഷ്ടിക്കും. ഭരണ മികവ്

അദ്ദേഹം എല്ലാ സമയത്തും പ്രകടിപ്പിച്ചിരുന്നു. ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ ധനകാര്യ വകുപ്പ് നല്ല രീതിയിൽ കൈകാര്യം ചെയ്യാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. കഴിവുറ്റ ഭരണാധികാരിയെന്ന നിലയിലായിരിക്കും വക്കം ബി. പുരുഷോത്തമൻ ഓർമ്മിക്കപ്പെടുന്നത്. അദ്ദേഹത്തിന്റെ ശരിയും തെറ്റും, ഒരു ബ്രിട്ടീഷ് രീതിയെന്ന് വേണമെങ്കിൽ പറയാം. ഓരോ കാര്യത്തെയും അതിന്റെ മെറിറ്റിൽ വിലയിരുത്തുകയെന്ന രീതി അദ്ദേഹത്തെ സംബന്ധിച്ച് വളരെയധികമുണ്ടായിരുന്നു. വിവിധ കാര്യങ്ങളിൽ അദ്ദേഹത്തെ ഞാൻ നോക്കിക്കണ്ടിരുന്നത് അങ്ങനെയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കക്ഷി നേതാക്കളുമൊക്കെ പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുകയാണ്. നമുക്ക് സംഭവിച്ചിരിക്കുന്ന വലിയൊരു നഷ്ടമാണ് ഉമ്മൻ ചാണ്ടിയുടെയും വക്കം ബി. പുരുഷോത്തമന്റെയും വേർപാട്. സഭ ഇക്കാര്യത്തിൽ പ്രകടിപ്പിക്കുന്ന വികാരങ്ങളോട് ഞാനും എന്റെ കക്ഷിയും യോജിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, ഉമ്മൻ ചാണ്ടിയുടേയും വക്കം ബി. പുരുഷോത്തമന്റെയും നിര്യാണത്തിൽ അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും സഭാ നേതാക്കളും പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുന്നു. ഉമ്മൻ ചാണ്ടിയില്ലാത്ത ആദ്യത്തെ സഭാ സമ്മേളനമാണിത്. നിയമസഭാ കാലഘട്ടത്തിൽ മാത്രമല്ല ഒരു ഭരണാധികാരിയെന്ന നിലയിൽ വ്യക്തിപരമായ ചിന്തകൾക്ക് ഇടംകൊടുത്തിട്ടുള്ള ഒരു നേതാവാണെന്നതാണ് എല്ലാവരുടെയും മുമ്പിൽ അദ്ദേഹത്തെക്കുറിച്ചുള്ള ഓർമ്മകൾ. ജനകീയനായ ഒരു ഭരണാധികാരി എന്നതിലുപരി ത്യാഗസന്നദ്ധനായൊരു നേതാവ് എന്നതായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര. ഒരുപക്ഷേ കൂടെയുണ്ടായിരുന്നവരും എതിർക്കുന്നവരും 'രാഷ്ട്രീയ ചാണക്യൻ' എന്ന വാക്ക് ഉപയോഗിക്കാൻ ആഗ്രഹിക്കുമ്പോഴും ജനങ്ങൾക്കിടയിൽ ജീവിക്കുന്ന നേതാവെന്ന് വിളിക്കപ്പെടാനായിരുന്നു അദ്ദേഹം ആഗ്രഹിച്ചിരുന്നത്. അത് സഫലീകരിക്കാനായി അദ്ദേഹത്തിന് സാധിച്ചു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ജീവിതം ധന്യമായി. സ്വാഭാവികമായും

അദ്ദേഹത്തെക്കുറിച്ചുള്ള ഓർമ്മകളായി ഇവിടെ പലവിധത്തിലുമുള്ള കാര്യങ്ങൾ സൂചിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തന മണ്ഡലങ്ങളിലെ ഒട്ടേറെ വിഷയങ്ങളെ അതിജീവിക്കുവാൻ അദ്ദേഹം ഊർജ്ജം സമ്പാദിച്ചത് ജനങ്ങളിൽ നിന്നായിരുന്നു. ഇവിടെ സൂചിപ്പിച്ചതുപോലെ ജനങ്ങളിൽ ആർക്ക്, എന്ത് ആവശ്യം എന്നതിനുവേണ്ടി സമയം തെല്ലും കളയാതെ നിന്നുകേൾക്കാനും അത് പരിഹരിക്കാനും അദ്ദേഹം ഏറെ സമയമെടുത്തിട്ടുണ്ട്. ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട ഒരു കാര്യം ഞാൻ ഓർക്കുന്നത്, ഒരു കുഞ്ഞിന് ആറ് മാസം കൂടുന്തോറും ഇഞ്ചക്ഷനെടുക്കാൻ ഒന്നര ലക്ഷത്തോളം രൂപ വിലയുള്ള മരുന്ന് ആവശ്യമുണ്ട്. ആ കുടുംബം തകർന്നു. ഞാൻ ആ കുടുംബത്തെയും കൂട്ടി തലസ്ഥാനത്ത് വന്ന് അന്ന് മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടിയെ കണ്ടു. ഇതെങ്ങനെ സാധ്യമാകുമെന്നതിനെക്കുറിച്ച് അദ്ദേഹം ആ കടലാസ് പ്രത്യേകം മാറ്റിവച്ച് ആലോചിക്കുകയും ആ കുട്ടിക്ക് ജീവിതകാലം മുഴുവൻ ആ മരുന്ന് നൽകുന്നതിനുള്ള തീരുമാനം കൈക്കൊള്ളുകയും ചെയ്ത കാര്യം ഞാൻ ഓർക്കുകയാണ്. അങ്ങനെ ഏത് വിഷയത്തിലും പരിഹാരം

കണ്ടെത്തലായിരുന്ന അദ്ദേഹത്തിന്റെ താല്പര്യപൂർവ്വമായ സമീപനം. അതോടൊപ്പം എല്ലാ കാര്യങ്ങളിലും പ്രത്യേകിച്ച് രാഷ്ട്രീയ വിവാദങ്ങളുടെയും ആരോപണങ്ങളുടെയും ഇടയിൽ അദ്ദേഹത്തിന് ഉയർന്നുനിൽക്കാൻ കഴിഞ്ഞതും ആ നിലയിൽ ജനങ്ങളിൽനിന്നും ലഭിച്ച അംഗീകാരമാണ് എന്നുള്ള കാര്യത്തിൽ സംശയമില്ല. ഒരിക്കൽ ഒരു വലിയ സമ്മേളനത്തിൽ പങ്കെടുക്കാനായി അദ്ദേഹം ഇടുക്കി ജില്ലയിലെത്തിയപ്പോൾ വലിയ ജനക്കൂട്ടം കാരണം അദ്ദേഹത്തിന് കടന്നുപോകാൻ സാധിച്ചില്ല. പോലീസ് നിയന്ത്രിച്ചിട്ടും സാധിക്കുന്നില്ല. അപ്പോൾ ഞാൻ ഒരു പ്രവർത്തകന്റെ സ്കൂട്ടർ വാങ്ങിച്ചുകൊണ്ടുവന്നിട്ട്  കയറാൻ പറഞ്ഞു. ഉടനെ അദ്ദേഹം എന്റെ കൂടെ സ്കൂട്ടറിൽ കയറി. അങ്ങനെ ഞാനും അദ്ദേഹവും സ്കൂട്ടറിൽ പോയ രംഗം ഓർക്കുകയാണ്. എവിടെയായാലും ഏതുകാര്യത്തിനും ഏതാണോ പ്രായോഗികതയെന്നത് കണ്ടെത്തി ആ സമീപനത്തോട് ചേർന്നുനിൽക്കാൻ അദ്ദേഹം കാണിച്ച താല്പര്യങ്ങൾ ചെറുതല്ല. അതോടൊപ്പം കാരുണ്യത്തിന്റെ കാര്യത്തിൽ ആരോടും 'No' എന്നുപറയുന്നത് അദ്ദേഹത്തിന് ഇഷ്ടമാണെന്ന് എനിക്ക് തോന്നിയിട്ടില്ല. ഇടുക്കിയിൽ വലിയൊരു ഫെസ്റ്റ്

നടക്കുകയാണെന്നും അതിന്റെ സമാപന സമ്മേളനത്തിൽ പങ്കെടുക്കണമെന്നും ഞാൻ അദ്ദേഹത്തോട് പറഞ്ഞു. പക്ഷേ ഒരു മാർഗ്ഗവുമില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. പ്രോഗ്രാം മറ്റാരോടും ചോദിച്ചറിയാനും സാധിക്കില്ല. കാരണം പോക്കറ്റിൽ കിടക്കുന്ന തുണ്ട് കടലാസ്സിലാണ് പ്രോഗ്രാം മുഴുവൻ എഴുതിവച്ചിരിക്കുന്നത്. അത് നോക്കിയിട്ട് ഒരു നിർവ്വാഹവുമില്ല വൈക്കത്ത് എനിക്ക് വൈകുന്നേരം 4.00 മണിക്ക് എത്തണമെന്നാണ് അദ്ദേഹം പറഞ്ഞത്. ഞാൻ നിർബന്ധിച്ചപ്പോൾ നിർവ്വാഹമില്ലാഞ്ഞിട്ടല്ലേ എന്ന് വീണ്ടും പറഞ്ഞു. വൈക്കത്ത് സമയത്ത് എത്തിക്കാമെന്ന് അവസാനം ഞാൻ പറഞ്ഞപ്പോൾ എങ്ങനെ എത്തിക്കുമെന്ന് അദ്ദേഹം ചോദിച്ചു. സംഘാടകർ ഹെലികോപ്റ്ററിൽ എത്തിക്കുമെന്ന് പറഞ്ഞപ്പോൾ വരാമെന്ന് സമ്മതിച്ചു. അങ്ങനെ ഇടുക്കി വരെ കാറിൽ വന്നു. അവിടെ നിന്ന് ഉച്ചയ്ക്കുശേഷം 2.30-ന് യോഗം കഴിഞ്ഞ് 3.00 മണിക്ക് ഹെലികോപ്റ്ററിൽ വൈക്കത്തേയ്ക്ക് പോയി. അങ്ങനെ നടക്കുമെന്ന് ഉറപ്പുള്ള കാര്യങ്ങളോട് യോജിക്കാൻ അദ്ദേഹത്തിന് സാധിക്കുമായിരുന്നു. ആ നിലയിലുള്ള ഓർമ്മകളാണ് നമ്മെ ഇത്തരം

കാര്യങ്ങളിലെല്ലാം എപ്പോഴും ചിന്തിപ്പിക്കുന്നത്. കുറെ നല്ല ഓർമ്മകൾ ബാക്കിവച്ച് അദ്ദേഹം കടന്നുപോയെങ്കിലും ഒരു പൊതുപ്രവർത്തകനെന്ന നിലയിൽ തീർച്ചയായും അദ്ദേഹത്തിന് വലിയ പ്രാധാന്യമുണ്ട്. ഞാൻ കെ.എം മാണിയോടൊപ്പമാണ് അദ്ദേഹത്തെ കാണുകയും അറിയുകയും പരിചയപ്പെടുകയുമൊക്കെ ചെയ്തത്. ചില കാര്യങ്ങളിൽ അവർക്ക് സാമ്യമുണ്ടായിരുന്നു. നിയമസഭയിൽ 50 വർഷക്കാലത്തിലേറെ അംഗങ്ങളായിരുന്ന രണ്ട് നേതാക്കന്മാരാണവർ. അവരുടെ അവസാന യാത്രയിൽ എന്റെ മനസ്സിലുണ്ടായ വികാരം ഈ രണ്ട് നേതാക്കന്മാർക്കും മരണശേഷം പോലും മക്കളോടും സ്വന്തക്കാരോടുമൊപ്പം ഒരു അന്തി വീട്ടിലായിരിക്കാൻ കഴിഞ്ഞില്ലെന്നതാണ്. ആ രാത്രിയുടെ യാമങ്ങളിലും അവർ പെരുവഴിയിൽ ജനങ്ങളോടൊപ്പമായിരുന്നു. ജനങ്ങൾക്കൊപ്പം ജീവിച്ചുവളർന്ന് യാത്രയായപ്പോഴും ആ ഓർമ്മകൾ ശേഷിക്കുന്നു. ആ വലിയ മനസ്സിനും ഓർമ്മകൾക്കും മുമ്പിൽ ഞാൻ ആദരവ് അർപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ ഞങ്ങൾ നിയമസഭയിലേയ്ക്ക് വരുമ്പോൾ വക്കം ബി. പുരുഷോത്തമനായിരുന്നു നിയമസഭയുടെ സ്പീക്കർ.

ഏറ്റവും പുറകിലെ ബെഞ്ചിലാണ് ഞാൻ ഇരുന്നിരുന്നത്. അദ്ദേഹത്തെ നോക്കുന്നതും കാണുന്നതും തന്നെ ഭീതിയോടും ഭയപ്പാടോടും കൂടിയാണ്. അദ്ദേഹത്തിന്റെ സ്വരം ഗാംഭീര്യം നിറഞ്ഞതായതുകൊണ്ട് വാക്കുകൾ കേൾക്കുമ്പോൾത്തന്നെ നമുക്ക് ഭയം തോന്നും. അദ്ദേഹം സഭ നിയന്ത്രിക്കുന്ന കാര്യത്തിൽ വളരെ കർക്കശക്കാരനായിരുന്നു. ഉച്ചയ്ക്കുശേഷം 1.30-ന് സഭ പിരിയുമെന്നുള്ളതുകൊണ്ട് സംസാരിക്കേണ്ട വിഷയങ്ങൾ മാത്രം സൂചിപ്പിക്കാൻ എല്ലാവരും സമയം കണ്ടെത്തിയിരുന്നുവെന്നത് ഓർക്കുന്നു. നർമ്മം കലർത്തി സംസാരിച്ചാലും അദ്ദേഹം ചിരിക്കാതെ വളരെ ഗൗരവപൂർവ്വം സഭയെ നിയന്ത്രിച്ചു. എന്നാൽ ഒരു ഘട്ടത്തിൽ അദ്ദേഹം ചിരിച്ചതായി ഞാൻ ഓർക്കുന്നു. കെ. നാരായണ കുറുപ്പ് സഭയിൽ പ്രസംഗിക്കാൻ തുടങ്ങി അല്പസമയം കഴിഞ്ഞപ്പോൾ സ്പീക്കറെന്ന നിലയിൽ വക്കം ബി. പുരുഷോത്തമൻ മൂന്ന് പ്രാവശ്യം please conclude എന്നുപറഞ്ഞു. എന്നിട്ടും കുറുപ്പ് സാർ പ്രസംഗം നിർത്തിയില്ല. കുറുപ്പ് സാറിന്റെ സമയം കഴിഞ്ഞെന്ന് അദ്ദേഹം പറഞ്ഞു. ഉടനെ കുറുപ്പ് സാർ പുസ്തകമെല്ലാമെടുത്ത് താഴേയ്ക്കിട്ടിട്ട് 'എന്റെ സമയം ജാതക പ്രകാരം ആയിട്ടില്ല' എന്നുപറഞ്ഞു.

അന്ന് മാത്രമാണ് അദ്ദേഹം പുഞ്ചിരിച്ചതായി ഞാൻ കണ്ടത്. കർക്കശക്കാരനായിരുന്നെങ്കിലും സഭയെ സംബന്ധിച്ച ചില പ്രധാനപ്പെട്ട കാര്യങ്ങൾ അദ്ദേഹം ഓർമ്മപ്പെടുത്തി. അതിലേറ്റവും പ്രധാനപ്പെട്ടത് സ്പീക്കറായാൽ രാഷ്ട്രീയമില്ലാതാകുന്നില്ലെന്നും നിയമസഭ ചേരുമ്പോഴാണ് സ്പീക്കർ നിഷ്പക്ഷനാകേണ്ടതെന്നും വക്കം ബി. പുരുഷോത്തമൻ നൽകിയ മറുപടിയാണ്. അത് സഭയിൽ മാത്രമല്ല കേരളത്തിൽ മുഴവൻ ചർച്ചയായ വിഷയമാണ്. അധികാരം ആസ്വദിച്ചിട്ടില്ല, ഉത്തരവാദിത്വങ്ങൾ എന്നും ലഹരിയായിരുന്നു. അതുകൊണ്ട് ഏൽപ്പിച്ച ഏത് ജോലിയും ഭംഗിയായി ചെയ്തുവെന്നാണ് അധികാര കസേര ഒഴിഞ്ഞതിനുശേഷം അദ്ദേഹം പറഞ്ഞത്. വളരെ ഉത്തവാദപ്പെട്ട നിയമ നിർമ്മാണമുൾപ്പെടെ സഭയിൽ കൊണ്ടുവരാൻ അദ്ദേഹത്തിന് കഴിഞ്ഞുവെന്നത് ചെറിയ കാര്യമല്ല. അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുമ്പിലും ആദരവുകൾ അർപ്പിക്കുന്നു. ഈ സഭ പങ്കുവയ്ക്കുന്ന വികാരങ്ങളോടെല്ലാം ഞാൻ യോജിക്കുന്നു.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ഉമ്മൻ ചാണ്ടിയെയും വക്കം ബി. പുരുഷോത്തമനെയും കുറിച്ച് അങ്ങും മറ്റ് നേതാക്കളും പറഞ്ഞ

അഭിപ്രായത്തോട് ഞാനും പൂർണ്ണമായും യോജിക്കുന്നു. ഉമ്മൻ ചാണ്ടിയെക്കുറിച്ച് എന്തൊക്കെയാണ് പറയേണ്ടതെന്ന് എനിക്ക് നിശ്ചയമില്ല. 1970 സെപ്റ്റംബർ 17-ന് ഞങ്ങൾ ഒന്നിച്ചാണ് നിയമസഭയിൽ വന്നത്. അദ്ദേഹം 2023 ജൂലൈ 18-ാം തീയതി അന്തരിച്ചു. ഇപ്പോഴും അദ്ദേഹത്തിന്റെ ശവകുടീരത്തിലേയ്ക്ക് നിലയ്ക്കാത്ത ജനപ്രവാഹമാണ്. എന്താണ് അദ്ദേഹത്തെ ഇത്രയും പ്രിയങ്കരനാക്കിയത്; ഉമ്മൻ ചാണ്ടിക്ക് ജനങ്ങളോടുള്ള സ്നേഹം തന്നെയാണത്. അദ്ദേഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിശ്വാസം 'ബലിയെക്കാൾ എനിക്ക് വേണ്ടത് കരുണയാണ്' എന്ന ബൈബിൾ വചനമാണ്. കാരുണ്യം വഴിഞ്ഞൊഴുകുന്ന ഹൃദയമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. ചെറുതും വലുതുമായ കാര്യങ്ങളിലും ലഭിക്കുന്ന ഓരോ അപേക്ഷയിലും കരുണയോടുകൂടി പരിഹാരം കാണാൻ അദ്ദേഹം ശ്രദ്ധിച്ചു. എല്ലാ വിഷയങ്ങൾക്കും പരിഹാരം കാണണമെന്ന് അദ്ദേഹത്തിന് നിർബന്ധമായിരുന്നു. നേരത്തേ പ്രിയ സഖാവ് പറഞ്ഞതുപോലെ ഞാനും ജനസമ്പർക്ക പരിപാടിയിൽ പങ്കാളിയായിരുന്നു. പക്ഷേ അദ്ദേഹം രാവിലെ തുടങ്ങി അടുത്ത ദിവസം വെളുപ്പിന് 2.00 മണിവരെ നിൽക്കുകയാണ്. ഇടയ്ക്ക്

കട്ടൻ കാപ്പി കുടിക്കും. ജനങ്ങളിൽനിന്നുള്ള ഊർജ്ജം സ്വീകരിച്ചാണ് അദ്ദേഹം നിൽക്കുന്നത്. വാഹനങ്ങളിലെത്തിക്കുന്ന കിടപ്പുരോഗികളുടെ അടുത്തേയ്ക്ക് പോയി അവരെക്കണ്ട് അപേക്ഷ സ്വീകരിച്ച് ഉടൻ നടപടിക്രമങ്ങൾ ആരംഭിക്കുകയാണ്. അതിൽ കാലതാമസം വരുത്തുന്നില്ല. ഇവിടെ വന്ന് തൊട്ടടുത്ത മന്ത്രിസഭയിൽത്തന്നെ അതിന്മേൽ തീരുമാനമാവുകയാണ്. അത്തരത്തിലൊരു വിഷയമാണ് 'കോക്ലിയർ ഇംപ്ലാന്റേഷൻ'. കേൾവി ശക്തിയില്ലാത്ത ഒരു കുട്ടിയെക്കണ്ടപ്പോൾ എന്ത് ചെയ്യാൻ കഴിയുമെന്ന് അദ്ദേഹം ആലോചിച്ചു. അങ്ങനെ ഒരു വലിയ സംരംഭം ഇവിടെ നടന്നതിന്റെ ഫലമായി ധാരാളം പേർക്ക് കേൾവി ശക്തി ലഭിച്ചു. ഒരേ സമയം തന്നെ ഒരു മൈക്രോ/മാക്രോ വ്യൂവിലൂടെയാണ് അദ്ദേഹം ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത്. അതുപോലെ സംസ്ഥാനത്തെ മുഖ്യവിഷയങ്ങളായ കൊച്ചിൻ മെട്രോ, വിഴിഞ്ഞം ഹാർബർ, കണ്ണൂർ വിമാനത്താവളം എന്നിവയുടെ കാര്യത്തിൽ അദ്ദേഹം എപ്പോഴും ശ്രദ്ധ പതിപ്പിക്കുകയും അത്തരം കാര്യങ്ങൾക്കായി മുന്നിൽത്തന്നെ നിൽക്കുകയും ചെയ്തിരുന്നു. മന്ത്രിസഭയിൽ സാമ്പത്തിക

പ്രതിസന്ധിയോ കുടിവെള്ള പ്രശ്നമോ സംബന്ധിച്ച വിഷയം വന്നാൽ എങ്ങനെയെങ്കിലും പരിഹാരം കാണണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. അങ്ങനെ കേരളത്തിലെ ജനങ്ങൾക്കുവേണ്ടി കഴിഞ്ഞ 53 വർഷമായി പ്രവർത്തിച്ച ഉമ്മൻ ചാണ്ടി നമ്മെ വിട്ടുപിരിഞ്ഞുപോയിയെന്ന് വിശ്വസിക്കാൻ പ്രയാസമാണ്. എപ്പോഴും പുഞ്ചിരിയോടും സ്നേഹത്തോടുംകൂടി വർത്തിക്കുന്ന അദ്ദേഹം നല്ല വ്യക്തിബന്ധങ്ങളും പുലർത്തിയിരുന്നു. ഉമ്മൻ ചാണ്ടിയുടെ വിയോഗം തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ പാവന സ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

നല്ലൊരു സ്പീക്കറെന്ന നിലയിലും മന്ത്രിയെന്ന നിലയിലും പ്രശോഭിച്ച ഒരാളാണ് വക്കം ബി. പുരുഷോത്തമൻ. കർക്കശമായ നിലപാടുണ്ടെങ്കിലും അദ്ദേഹത്തിന്റെ കഴിവുകളെ കേരളം എപ്പോഴും ആദരിച്ചിരുന്നു. അദ്ദേഹത്തിന്റെ സേവനങ്ങൾ ഒരിക്കലും വിസ്മരിക്കാൻ കഴിയാത്തവയാണ്. വക്കം ബി. പുരുഷോത്തമന്റെയും ഉമ്മൻ ചാണ്ടിയുടെയും ഓർമ്മകൾക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, സഭാദ്ധ്യക്ഷനായ അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും ഞാൻ യോജിക്കുകയാണ്. 53 വർഷങ്ങൾക്കുശേഷം ആദ്യമായാണ് ഉമ്മൻ ചാണ്ടിയില്ലാതെ നിയമസഭ സമ്മേളിക്കുന്നതെന്ന് ഇവിടെ സൂചിപ്പിച്ചു. അര നൂറ്റാണ്ടിലേറെക്കാലം ഈ നിയമസഭയുടെ അവിഭാജ്യഘടകമായി ഉമ്മൻ ചാണ്ടി മാറിയിരുന്നു. കേരള നിയമസഭയുടെ ഒരു ഭാഗം തന്നെയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ വിയോഗം അപ്രതീക്ഷിതമായിട്ടല്ലായിരുന്നുവെങ്കിലും വളരെയധികം വേദനയോടുകൂടിയാണ് കേരളീയ സമൂഹം ചെവിക്കൊണ്ടതും ഉൾക്കൊണ്ടതും. അടിസ്ഥാനപരമായി അദ്ദേഹം ഒരു രാഷ്ട്രീയ പ്രവർത്തകനായിരുന്നു. താൻ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയത്തിനും താൻ ഉൾപ്പെട്ട പാർട്ടിക്കും മുന്നണിക്കും മേൽക്കൈ ഉണ്ടാകണമെന്ന നിർബന്ധ ബുദ്ധിയോടുകൂടി പ്രവർത്തിക്കുന്ന ഒരു രാഷ്ട്രീയ പ്രവർത്തകനായിരുന്നു. അത് വിസ്മരിച്ച് അദ്ദേഹത്തെ വിലയിരുത്താനാകില്ല. അതേസമയം ആ

രാഷ്ട്രീയം നിലനിർത്തിക്കൊണ്ടുതന്നെ എല്ലാ വിഭാഗീയതയ്ക്കും അതീതമായി ജനങ്ങളെ സ്നേഹിക്കാനും അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനുമുള്ള വിശാലമായ മനസ്സ് അദ്ദേഹത്തിന്റെ ഒരു പ്രത്യേകതയായിരുന്നു. ഏറ്റെടുത്ത കാര്യങ്ങൾ കൃത്യനിഷ്ഠയോടുകൂടി ഏറ്റവും ജനകീയമായി കൈകാര്യം ചെയ്യാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. വിഷയങ്ങളുടെ മേൽ മെരിറ്റ്, ചട്ടങ്ങൾ, നിയമങ്ങൾ എന്നിവയെക്കാളും ഉപരിയായി നന്മയുടെ അതിപ്രഭാവം ഉണ്ടാക്കിയെടുക്കാൻ ചട്ടങ്ങൾക്ക് മാറ്റം വരുത്തേണ്ടയിടത്ത് മാറ്റങ്ങൾ വരുത്താനുള്ള ശ്രമങ്ങൾ അദ്ദേഹം നടത്തിയിട്ടുണ്ടെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വിവിധ വകുപ്പുകളിൽ ഭരണ മികവ് തെളിയിച്ച മന്ത്രിയായിരുന്നു അദ്ദേഹമെന്നത് ഇവിടെ ആവർത്തിക്കപ്പെട്ടുകഴിഞ്ഞ കാര്യമാണ്. ആ വകുപ്പുകൾ ഏതൊക്കെയാണെന്ന് പറയേണ്ടതില്ലല്ലോ; വ്യക്തിപരമായ ആവശ്യങ്ങൾ ഉന്നയിക്കുമ്പോൾ അസാദ്ധ്യമെന്ന് പ്രഥമ ദൃഷ്ട്യാ ബോദ്ധ്യപ്പെട്ടാലും അത് സാധ്യമാക്കിക്കൊടുക്കാൻ എങ്ങനെ കഴിയുമെന്ന ഒരന്വേഷണം എപ്പോഴും അദ്ദേഹം നടത്തിയിരുന്നുവെന്നത് ഞാൻ ഓർക്കുകയാണ്. പൊതുപ്രവർത്തനത്തിന് ഭരണ നിർവ്വഹണം,

ജനസേവനം, ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവയ്ക്കൊപ്പം വ്യക്തിബന്ധങ്ങളുടെ ഊഷ്മളതയുംകൂടി ചേരുന്ന ഒരു പുതിയ നിർവ്വചനം നമ്മുടെ ഇടയിൽ അവതരിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഉമ്മൻ ചാണ്ടിയുടേതായ പൊതുപ്രവർത്തനത്തിന്റെ നിർവ്വചനം കേരളത്തിന്റെ പൊതുമണ്ഡലത്തിൽ എത്തിച്ചത് ഞാൻ ഓർമ്മിക്കുകയാണ്. പ്രതിപക്ഷ നേതാവായിരിക്കുമ്പോൾ അദ്ദേഹത്തിന്റെ വാക്കൗട്ട് പ്രസംഗങ്ങൾ വളരെ ശ്രദ്ധേയമായിരുന്നു. വളരെ കുറച്ച് സമയം മാത്രമേ എടുക്കുകയുള്ളൂവെങ്കിലും കൃത്യമായി കൊള്ളേണ്ടിടത്ത് കൊള്ളുന്ന രൂപത്തിൽ പറയേണ്ട കാര്യങ്ങൾ പറയാനുള്ള സിദ്ധി അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. പ്രതിപക്ഷത്ത് ഇരിക്കുമ്പോഴും ഭരണ നിർവ്വഹണത്തിൽ ആവശ്യമായ സഹായങ്ങൾ ചെയ്യാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. അദ്ദേഹം പ്രതിപക്ഷ നേതാവായിരിക്കുമ്പോൾ ഞാൻ ഗതാഗത വകുപ്പുമന്ത്രിയായിരുന്നിട്ടുണ്ട്. അദ്ദേഹം പ്രതിപക്ഷത്തെ സാധാരണ അംഗമായിരിക്കുമ്പോൾ ഞാൻ ജലവിഭവ വകുപ്പുമന്ത്രിയായി പ്രവർത്തിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിൽ വെള്ളമില്ലാതിരിക്കുന്ന

അവസ്ഥ ഉണ്ടായപ്പോൾ നെയ്യാർ ഡാമിൽനിന്നും വെള്ളം കൊണ്ടുവരാനുള്ള പരിശ്രമം നടത്തിയപ്പോൾ 'ആക്ഷേപങ്ങളൊക്കെ വരാം പക്ഷെ വെള്ളം കൊടുക്കുകയാണ് പ്രധാനമെന്ന്' അദ്ദേഹം എന്നെ ഫോണിൽ വിളിച്ചുപറഞ്ഞു. വെള്ളം കൊടുക്കാൻ അടിയന്തരമായി എന്തെങ്കിലും ചെയ്താൽ ആക്ഷേപം ഉന്നയിക്കാൻ ഞങ്ങൾ തയ്യാറാകില്ലെന്ന് അദ്ദേഹം പരസ്യമായി നിലപാടെടുത്തു. 2018-ലെ വെള്ളപ്പൊക്ക കാലത്ത് അർദ്ധരാത്രിയിൽ കളക്ടറേറ്റിലിരുന്ന് മന്ത്രിമാർ ഓരോ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുമ്പോൾ നിരവധി തവണ അദ്ദേഹത്തിന്റെ ഫോൺ കോളുകൾ എനിക്കടക്കം എത്തിച്ചേർന്നത് ഞാൻ ഇത്തരുണത്തിൽ ഓർമ്മിക്കുകയാണ്. ഒട്ടനവധി ആളുകൾക്ക് സഹായം ചെയ്യാൻ അദ്ദേഹം പരിശ്രമിച്ചിട്ടുണ്ട്. മറ്റൊരു യോഗത്തിൽ ഞാൻ ശ്രീബുദ്ധന്റെ ഒരു വാക്യം പറഞ്ഞത് ഇവിടെയും ഉദ്ധരിക്കുകയാണ്. അത് തെറ്റായി ചില മാധ്യമങ്ങൾ പ്രചരിപ്പിച്ചതുകൊണ്ടാണ് ഇവിടെ പറയുന്നത്. 'അപരന്റെ മുഖത്ത് വിരിയുന്ന പുഞ്ചിരിയുടെ കാരണക്കാരൻ താനാണെന്ന് തിരിച്ചറിയുന്നതിലുള്ള സുഖമാണ് ഏറ്റവും വലിയ സുഖം' എന്നാണ് ശ്രീബുദ്ധൻ പറഞ്ഞത്.

അങ്ങനെ വളരെ സുഖിച്ച് ജീവിച്ചയാളാണ് ഉമ്മൻ ചാണ്ടിയെന്ന് ഒരിടത്ത് ഞാൻ പറഞ്ഞപ്പോൾ ഉമ്മൻ ചാണ്ടി സുഖിച്ച് ജീവിച്ചയാളാണെന്ന് ഒരു മാധ്യമം റിപ്പോർട്ട് ചെയ്തു. അപരന്റെ മുഖത്ത് വിരിയുന്ന പുഞ്ചിരിയുടെ കാരണക്കാരൻ താനാണെന്ന് തിരിച്ചറിയുന്നതിലുള്ള ആ സുഖം ഏറെ അനുഭവിച്ചാണ് അദ്ദേഹം ജീവിച്ചതെന്നത് ഇത്തരുണത്തിൽ സ്മരിക്കാൻ ഞാൻ ഇഷ്ടപ്പെടുകയാണ്. നിരവധി ആളുകൾക്ക് അദ്ദേഹം പ്രചോദനം നൽകിയിട്ടുണ്ട്. ആ പ്രചോദനം നൽകുന്ന കാര്യത്തിൽ അദ്ദേഹത്തിന് കക്ഷി രാഷ്ട്രീയ ഭേദമുണ്ടായിരുന്നില്ലെന്നതും ഞാൻ ഇത്തരുണത്തിൽ സ്മരിക്കുകയാണ്.

വക്കം ബി. പുരുഷോത്തമനെപ്പറ്റി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇത്രയുമധികം പദവികൾ വഹിച്ച ഒരു വ്യക്തി കേരള രാഷ്ട്രീയത്തിലുണ്ടോ; പഞ്ചായത്ത് അംഗം മുതൽ അഞ്ച് തവണ എം.എൽ.എ., രണ്ട് തവണ എം.പി., മൂന്ന് തവണ മന്ത്രി, രണ്ട് തവണ സ്പീക്കർ, രണ്ട് തവണ ഗവർണ്ണർ. ഈ പദവികളൊക്കെ നിർവ്വഹിക്കുമ്പോൾ മെരിറ്റിന്റെ അടിസ്ഥാനത്തിൽ കാർക്കശ്യത്തോടുകൂടിത്തന്നെ ചട്ട പ്രകാരമുള്ള പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ

പരിശ്രമിച്ചു. ചട്ട പ്രകാരമുള്ള സമയത്തുതന്നെ നിയമസഭ പിരിയണമെന്ന നിർബന്ധബുദ്ധി കാണിക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നുവെന്ന് ഇവിടെ പല ആളുകളും സൂചിപ്പിച്ചു. കൈകാര്യം ചെയ്ത വിഷയങ്ങളെല്ലാം ആഴത്തിൽ പഠിച്ച് എല്ലാ കാര്യങ്ങളും മെരിറ്റിന്മേൽ തീരുമാനമെടുത്ത് നടപ്പാക്കാനും അത് നടപ്പാക്കിയെന്ന് ഉറപ്പുവരുത്താനും പരിശ്രമിച്ചിരുന്ന ഒരു ഭരണകർത്താവ് കൂടിയായിരുന്നു വക്കം ബി. പുരുഷോത്തമൻ. ഇരുവരുടെയും നിര്യാണത്തിൽ കേരള ജനത വളരെയധികം വേദനിക്കുന്നുണ്ട്. ആ വേദനയിൽ ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു, പ്രണാമം അർപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഉമ്മൻ ചാണ്ടി, വക്കം ബി. പുരുഷോത്തമൻ എന്നിവരെ സംബന്ധിച്ച് ഇവിടെ ഉയർന്നുവന്ന അഭിപ്രായങ്ങളോട് പൂർണ്ണമായും യോജിക്കുകയാണ്. ഉമ്മൻ ചാണ്ടിയുടെ വേർപാട് ഇവിടെ പ്രതിപാദിച്ചതുപോലെ അവിചാരിതമായുണ്ടായ ഒന്നല്ല. അദ്ദേഹം ദീർഘനാൾ രോഗാവസ്ഥയിൽ കിടക്കുകയും അദ്ദേഹത്തിന്റെ ആരോഗ്യം വളരെ മോശമായി പോകുന്ന സാഹചര്യം നമ്മൾ കാണുകയും

വിലയിരുത്തുകയുമൊക്കെ ചെയ്തതാണ്. അദ്ദേഹത്തിന്റെ വേർപാടുണ്ടാക്കിയ വിടവും ദുഃഖവും വളരെയേറെയായിരുന്നുവെന്നതിന് വിലാപ യാത്രയിൽ കടന്നുവന്ന ലക്ഷങ്ങൾ സാക്ഷികളാണ്. അദ്ദേഹം ജീവിച്ചത് ജനങ്ങളുടെ ഇടയിലായിരുന്നു. അവസാന യാത്രയും ജനങ്ങളിലൂടെ തന്നെയായിരുന്നു. അദ്ദേഹത്തിന്റെ വിലാപ യാത്രയിൽ ഇത്രമാത്രം ജനപങ്കാളിത്തമുണ്ടാകുമെന്ന് നമ്മളാരും കരുതിയിരുന്നില്ല. അതിനേക്കാളുപരിയാണ് ഓരോ ദിവസവും അദ്ദേഹത്തിന്റെ കബറിടത്തിലേയ്ക്ക് കടന്നുവരുന്ന ആയിരങ്ങൾ. ജനങ്ങളുടെ മനസ്സിൽ അദ്ദേഹം എത്രമാത്രം ആഴത്തിൽ ജീവിച്ചിരുന്നുവെന്നുള്ളതിന് വലിയ ഉദാഹരണമായി അത് ചൂണ്ടിക്കാണിക്കാൻ കഴിയുന്ന ഒന്നാണ്. Governance-ന് ജനകീയ മുഖം നൽകിയ ഭരണകർത്താവായിരുന്ന അദ്ദേഹത്തിന്റെ ഓരോ ചിന്തയും പ്രവൃത്തിയും സാധാരണക്കാരന്റെ മുഖം മുന്നിൽ നിർത്തിക്കൊണ്ടുള്ളതായിരുന്നു. അതുകൊണ്ടാണ് അദ്ദേഹം ജനസമ്പർക്ക പരിപാടിക്ക് തുടക്കം കുറിച്ചതും രണ്ട് തവണ മുഖ്യമന്ത്രിയായിരുന്നപ്പോഴും വളരെയേറെ പ്രാധാന്യം നൽകി

നടപ്പാക്കിയതും. അതിവിടെ പ്രതിപാദിച്ചതുപോലെ ധാരാളം വിമർശന വിധേയമായ ഒന്നാണ്. അത് എത്രമാത്രം പ്രായോഗികമാകുമെന്നുള്ള സംശയം പല കോണുകളിൽനിന്നും അന്ന് ഉയർന്നിരുന്നു. പക്ഷെ അതിൽനിന്ന് വന്ന അനുഭവങ്ങൾ ഭരണ രംഗത്ത് മാറ്റേണ്ട പല വിഷയങ്ങളെ സംബന്ധിച്ചും അദ്ദേഹത്തിന് ഉത്തമ ബോധ്യം നൽകുകയും അത് മാറ്റാനുള്ള നടപടികൾ അദ്ദേഹം സ്വീകരിച്ചുവെന്നുള്ളതുമാണ്. ഒരു ചടങ്ങായി മാറിപ്പോയ ഒന്നായിരുന്നില്ല അത്. ഒരു ദിവസം രാവിലെ ആരംഭിക്കുന്ന ജനസമ്പർക്ക പരിപാടി പിറ്റേ ദിവസം വെളുപ്പിന് 2.00 മണിക്ക് കഴിയുമ്പോഴും അവസാനം ലഭിക്കുന്ന നിവേദനവും വാങ്ങി വായിച്ചുനോക്കി അതിന്മേൽ തീരുമാനമെടുക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. നിവേദനം ലഭിച്ചാൽ പി.എ.യുടെ കയ്യിൽ കൊടുക്കുന്നതിന് പകരം വായിച്ച് മിനിട്ട്സ് രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. എത്രമാത്രം ആത്മാർത്ഥമായി ഇടപെട്ടുവെന്നതിന്റെ വലിയ ഉദാഹരണമായി അതിനെ ചൂണ്ടിക്കാണിക്കാൻ കഴിയുന്നതാണ്. അദ്ദേഹത്തിന്റെ വിശ്രമമില്ലാത്ത പൊതുജീവിതവും ക്ഷമയോടെ കാര്യങ്ങൾ കേൾക്കുകയും മനസ്സിലാക്കാൻ

ശ്രമിക്കുകയും അതിൽ ആത്മാർത്ഥമായി ഇടപെടാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുകയെന്നുള്ളത് മാതൃകാപരമായ കാര്യമാണ്. ഉമ്മൻ ചാണ്ടിയെ എപ്പോൾ വിളിച്ചാലും ഫോണിൽ കിട്ടുമെന്ന് എന്റെ പിതാവ് പറഞ്ഞത് ഞാൻ ഇപ്പോഴും ഓർക്കുന്നുണ്ട്. മൊബൈൽ ഫോണോ ഇന്റർനെറ്റോ വരുന്നതിന് മുമ്പാണെങ്കിലും അദ്ദേഹത്തെ എപ്പോൾ വിളിച്ചാലും ഫോണിൽ ലഭ്യമായിരുന്നു. എവിടെ എപ്പോൾ ഉണ്ടാകുമെന്നത് കൃത്യമായി അദ്ദേഹത്തിന്റെ ഓഫീസിൽനിന്നോ വീട്ടിൽനിന്നോ അറിയാൻ സാധിക്കുമായിരുന്നു. മൊബൈൽ ഫോൺ വന്നതിനുശേഷം പരാതികൾ കൂടുതലും അദ്ദേഹം ഫോണിലൂടെ സ്വീകരിക്കുകയും മൊബൈൽ ഫോണിലൂടെ ലഭിക്കുന്ന പരാതികളിൽപ്പോലും ഇടപെടാനുള്ള അദ്ദേഹത്തിന്റെ മനസ്സ് മാതൃകാപരമായി നമ്മുടെ മുന്നിൽ നിൽക്കുകയുമാണ്. അദ്ദേഹം എന്നും ഒരു ദീപ്തസ്മരണയായി നമ്മുടെ മനസ്സുകളിൽ നിറഞ്ഞുനിൽക്കും. അദ്ദേഹത്തോടൊപ്പം നിയമസഭയിലും മന്ത്രിസഭയിലും അംഗമായിരിക്കാൻ കഴിഞ്ഞത് വലിയ അനുഭവമായി മനസ്സിൽ ഉൾക്കൊള്ളുകയാണ്. അദ്ദേഹത്തിന്റെ പാവന സ്മരണകൾക്ക് മുന്നിൽ

ശിരസ്സ് നമിക്കുകയും കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു.

വക്കം ബി. പുരുഷോത്തമൻ വിവിധ തലങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ച ജനനേതാവാണ്. ഇവിടെ പ്രതിപാദിച്ചതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പാർലമെന്റിലും നിയമസഭയിലുമൊക്കെ അദ്ദേഹത്തിന്റെ പങ്കാളിത്തം ഉണ്ടായിരുന്നുവെന്നതാണ്. മന്ത്രി, ഗവർണ്ണർ എന്നീ നിലകളിൽ പ്രവർത്തിക്കുമ്പോഴും സ്പീക്കറെന്ന നിലയിലുള്ള പ്രവർത്തനമാണെന്നും വ്യത്യസ്തമായി നിന്നത്. അദ്ദേഹത്തെ കേരളം ഇന്ന് ഓർക്കുന്നുവെങ്കിൽ അദ്ദേഹത്തിന്റെ വേർപാടിനുശേഷം വന്ന വിവിധ മാധ്യമ ലേഖനങ്ങൾ പരിശോധിച്ചാൽ അദ്ദേഹത്തിന്റെ സ്പീക്കർ കാലയളവിൽ വന്നിട്ടുള്ള ചെയറിൽനിന്നുള്ള റൂളിംഗ്സ്, ഇടപെടൽ, നടപടി എന്നിവയാണ് കൂടുതൽ ചർച്ചയായിട്ടുള്ളത്. അദ്ദേഹമെന്നും ഓർത്തിരിക്കുന്നത് കർക്കശക്കാരനായ സ്പീക്കറെന്ന നിലയിൽത്തന്നെയാണ്. അദ്ദേഹത്തിന്റെ തീരുമാനങ്ങൾ വളരെ കൃത്യമായ ഒന്നായിരുന്നു. തീരുമാനങ്ങൾ നടപ്പിലാകണമെന്നതിൽ വളരെ നിർബന്ധ ബുദ്ധിയുണ്ടായിരുന്ന ഒരാളാണ്. പ്രവർത്തന മേഖല

വിവിധ തലങ്ങളിലേയ്ക്ക് കടന്നുവരാനും അഞ്ച് പ്രാവശ്യം ആറ്റിങ്ങൽ പോലുള്ള നിയോജകമണ്ഡലത്തിൽ നിന്ന് വിജയിച്ച് വരാനും സാധിച്ചത് അദ്ദേഹത്തിന്റെ ജനകീയ അടിത്തറയുടെ ഉദാഹരണമായി ചൂണ്ടിക്കാണിക്കാൻ കഴിയുന്ന ഒന്നാണ്. അദ്ദേഹത്തിന്റെ സ്മരണയ്ക്ക് മുമ്പിൽ ഞാൻ ശിരസ്സ് നമിക്കുന്നു. എന്റെ പാർട്ടിയുടെ പേരിലുള്ള അനുശോചനവും ഇവിടെ രേഖപ്പെടുത്തുന്നു.

**[10.00 a.m.]**

ശ്രീ. തോമസ് കെ. തോമസ്: സർ, കേരള രാഷ്ട്രീയത്തിലെ സമാനതകളില്ലാത്ത രാഷ്ട്രീയ പ്രവർത്തകനും നേതാവുമായിരുന്ന ഉമ്മൻ ചാണ്ടി. ബഹുമാനപ്പെട്ട സ്പീക്കറും ആരാധ്യനായ മുഖ്യമന്ത്രിയും പ്രിയങ്കരനായ പ്രതിപക്ഷ നേതാവും പറഞ്ഞ വാക്കുകളോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. എനിക്കേറ്റവും വേണ്ടപ്പെട്ട വ്യക്തിത്വമാണ് ഉമ്മൻ ചാണ്ടി. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ കർത്താവായ യേശു ക്രിസ്തുവിനെ ക്രൂശിച്ച സമയത്ത് അവിടെയുണ്ടായ സംഭവ വികാസങ്ങൾ കണ്ട ശതാധിപൻ ഈ മനുഷ്യൻ

നീതിമാനായിരുന്നുവെന്ന് അറിയാതെ പറഞ്ഞുപോയി. ഒരുപാട് കാര്യങ്ങൾ ഉമ്മൻ ചാണ്ടിയെക്കുറിച്ച് പറയാനുണ്ട്. കാരണം ഉമ്മൻ ചാണ്ടിയോടും വാവമ്മയെന്ന് വിളിക്കുന്ന അദ്ദേഹത്തിന്റെ ഭാര്യയുമായും ഞങ്ങൾക്കെല്ലാവർക്കും 1976 മുതൽ ഒരു പ്രത്യേക ബന്ധമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ കാനറാ ബാങ്കിലെ ഉദ്യോഗസ്ഥയായിരുന്നു. തോമസ് ചാണ്ടി കുവൈറ്റിലായിരുന്ന സമയത്ത് ബാങ്കുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി മറിയാമ്മ ചാണ്ടിയുമായി ഞങ്ങളുടെ കുടുംബത്തിന് ബന്ധപ്പെടേണ്ട ആവശ്യമുണ്ടായിരുന്നു. അതായത് ഉമ്മൻ ചാണ്ടി വിവാഹം കഴിക്കുന്നതിന് മുമ്പുതന്നെ ആ കുടുംബവുമായി ബന്ധമുണ്ടായിരുന്നു. ഞാനും അമ്മച്ചിയും കാനറാ ബാങ്കിൽ ചെന്നപ്പോൾ വിവാഹം ഉറപ്പിച്ചിരിക്കുകയാണെന്നും മിക്കവാറും സ്ഥലം മാറി പോകുമെന്നുമാണ് 1976-ൽ ഒരു സന്ദർഭത്തിൽ ശ്രീമതി മറിയാമ്മ ചാണ്ടി പറഞ്ഞത്. അപ്പോൾ ആരാണ് വരനെന്ന് ചോദിച്ചപ്പോൾ ഉമ്മൻ ചാണ്ടിയാണെന്നാണ് അവർ പറഞ്ഞത്. ആ കാലഘട്ടം മുതൽ ആ കുടുംബവുമായി വളരെ

സവിശേഷതയോടുകൂടിയ ബന്ധമാണുണ്ടായിരുന്നത്. 1991-ൽ അദ്ദേഹം ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് പാസ്പോർട്ട് പുതുക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് ഓർമ്മയിൽ കടന്നുവരുന്ന മറ്റൊരു സംഭവം. അന്ന് മൊബൈൽ ഫോണൊന്നും ഇല്ലായിരുന്നതിനാൽ കുവൈറ്റിലായിരുന്ന ഞാൻ ഉമ്മൻ ചാണ്ടിയുടെ വീട്ടിലാണ് വിളിച്ചത്. ഉമ്മൻ ചാണ്ടിയെന്ന പേരിലല്ല കുഞ്ഞൂഞ്ഞച്ചായൻ എന്നാണ് ഞങ്ങളെല്ലാവരും അദ്ദേഹത്തെ വിളിച്ചിരുന്നത്. കാരണം എന്റെ ഭാര്യയുടെ വീട്ടുകാർക്കും അവരുമായി ഏറ്റവും അടുത്ത ബന്ധമാണുണ്ടായിരുന്നത്. അന്ന് ഞാൻ അദ്ദേഹത്തെ വിളിച്ചിട്ട് എന്റെ ഭാര്യയുടെ വിസാ കാലാവധി പുതുക്കണമെന്നും അങ്ങയുടെ സഹായം ആവശ്യമാണെന്നും പറഞ്ഞു. എന്റെ ഭാര്യയുമായി അദ്ദേഹം എറണാകുളം പാസ്പോർട്ട് ആഫീസിൽ പോകുകയും പാസ്പോർട്ട് ഓഫീസറെ നേരിട്ടുകണ്ട് എന്റെ സഹോദരിയാണെന്നും അവർക്ക് പാസ്പോർട്ട് പുതുക്കി നൽകണമെന്നമാണ് പറഞ്ഞത്. ഒരു വിഷയം അവതരിപ്പിക്കുമ്പോൾ അതിനെ അതിന്റേതായ പ്രത്യേകതകളോടെയെടുത്ത് നമുക്കുവേണ്ടി പോയി

പ്രവർത്തിക്കുമ്പോൾ എങ്ങനെയാണ് ഒരു മനുഷ്യൻ നമ്മുടെ ഹൃദയത്തിൽനിന്നും മാഞ്ഞുപോകുന്നത്? വേദ പുസ്തകത്തിൽ ഒരുപാട് വാക്യങ്ങൾ നമുക്ക് ആശ്വാസം നൽകുന്നവയായിട്ടുണ്ട്. എന്റെ ജീവിതത്തിൽ ഇന്നും ഉൾക്കൊള്ളാൻ കഴിയാത്ത രണ്ട് കാര്യങ്ങളാണ് എന്റെ സഹോദരനായ തോമസ് ചാണ്ടിയുടെയും കോടിയേരി ബാലകൃഷ്ണന്റെയും വേർപാട്. ഇവ ഉൾക്കൊള്ളാൻ എത്ര ശ്രമിച്ചിട്ടും ഇന്നും എന്റെ ഹൃദയത്തിൽ ഉൾക്കൊള്ളാൻ കഴിയുന്നില്ല. ഉമ്മൻ ചാണ്ടിയുടെ വേർപാടുകൂടി വന്നപ്പോൾ വളരെയധികം പ്രതികൂലമായ ഒരു സാഹചര്യത്തിൽ കൂടിയാണ് കടന്നുപോകുന്നത്. ഞാൻ അതിരാവിലെ 5.00 മണിക്ക് എഴുന്നേൽക്കുന്ന വ്യക്തിയാണ്. ഞാൻ വേദ പുസ്തകം വായിക്കുമ്പോൾ ഹൃദയത്തിന് ഏറ്റവും കൂടുതൽ ആശ്വാസം നൽകുന്ന യോഹന്നാന്റെ സുവിശേഷം 14:1 അദ്ധ്യായത്തിൽ ഒരു വാക്യമുണ്ട്.

"നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്;

ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ"

'നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്' എന്ന് വേദപുസ്തകത്തിൽ എഴുതാനുള്ള കാരണത്തെ സംബന്ധിച്ച് പലപ്പോഴും ഞാൻ ചിന്തിച്ചിട്ടുണ്ട്. ഹൃദയം കലങ്ങുവാൻ സാധ്യതയുണ്ടെന്ന് മനസ്സിലാക്കിയതുകൊണ്ടാണ് അത്തരത്തിൽ എഴുതിയിരിക്കുന്നത്. കാരണം കലക്കമുള്ളൊരു ഹൃദയം വളരെയധികം പ്രയാസകരമായ സന്ദർഭങ്ങളിലൂടെ മാത്രമേ കടന്നുപോകുകയുള്ളൂ. അതുകൊണ്ടാണ് അങ്ങനെ എഴുതിയിരിക്കുന്നത്. 'നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്, ദൈവത്തിൽ വിശ്വസിക്കുവിൻ'. ഞാൻ പരേതർക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ട്. അത്തരത്തിൽ പ്രാർത്ഥിക്കാത്ത ഒരുപാട് ആൾക്കാരുണ്ട്. പക്ഷെ എന്നെ സംബന്ധിച്ച് ഞാൻ ഈ വ്യക്തിത്വങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന ആളാണ്. നമ്മുടെ ഹൃദയം കലങ്ങിപ്പോകുന്നതിന്റെ കാരണം ഉമ്മൻ ചാണ്ടിയുമായും കോടിയേരി ബാലകൃഷ്ണനുമായും എന്റെ സഹോദരനായ തോമസ് ചാണ്ടിയുമായുള്ള ബന്ധമാണ്. അതൊരിക്കലും വേർതിരിക്കാൻ കഴിയാത്ത കാര്യമാണ്. ഉമ്മൻ ചാണ്ടിയെ സംബന്ധിച്ച് ഒരുപാട് കാര്യങ്ങൾ പറയാനുണ്ടെങ്കിലും അതിലേയ്ക്കൊന്നും കടക്കുന്നില്ല. കാരണം

സമാനതകളില്ലാത്ത, പകരം വയ്ക്കാനില്ലാത്ത ഒരു നേതാവാണ് ഉമ്മൻ ചാണ്ടി. 'ഇല്ല, ഇല്ല, മരിക്കില്ല, ജീവിക്കുന്നു ഞങ്ങളിലൂടെ' എന്ന് മുദ്രാവാക്യം വിളിക്കുന്ന കേരളത്തിലെ ജനതകളിലൂടെ ഉമ്മൻ ചാണ്ടി ജീവിക്കുമെന്നുള്ള കാര്യത്തിൽ സംശയമൊന്നുമില്ല. ആ കുടുംബത്തിന് എന്റെയും എന്റെ പാർട്ടിയുടെയും അനുശോചനം അറിയിക്കുകയാണ്.

വക്കം ബി. പുരുഷോത്തമൻ 1991-ൽ ആലപ്പുഴയിൽ മത്സരിക്കുന്ന സന്ദർഭത്തിലാണ് ഞാൻ അദ്ദേഹത്തെ പരിചയപ്പെടുന്നത്. ഇവിടെ പ്രിയങ്കരരായ നേതാക്കന്മാർ പറഞ്ഞതുപോലെ ഏറ്റവും നല്ല ഗവർണ്ണർ, സ്പീക്കർ, മന്ത്രി, നിയമസഭാംഗം തുടങ്ങി ഉന്നതമായ സ്ഥാനങ്ങൾ വഹിക്കാൻ കഴിഞ്ഞിട്ടുള്ള ഒരു നേതാവാണ് വക്കം ബി. പുരുഷോത്തമൻ. തീർച്ചയായും അദ്ദേഹത്തിന്റെ വേർപാടിൽ എന്റെയും പാർട്ടിയുടെയും എന്റെ ദേശത്തിന്റെയും അനുശോചനം അറിയിക്കുകയാണ്.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഈ നിയമനിർമ്മാണ സഭയുടെ അരനൂറ്റാണ്ട് ചരിത്രത്തിലെ ഏറ്റവും വലിയ നേതൃശൂന്യത അനുഭവിക്കുന്ന എന്നാണ് കരുതുന്നത്. പിന്നിട്ട അമ്പത്തിമൂന്നാണ്ട് കാലത്തിൽ

ഒരിക്കൽപ്പോലും ഈ സഭയെ പിരിഞ്ഞിരിക്കാൻ ഉമ്മൻ ചാണ്ടിയുടെ മണ്ഡലത്തിലെ ജനത അദ്ദേഹത്തിന് അവസരം നൽകിയിരുന്നില്ല. ആലങ്കാരികമായി 'സമാനതകളില്ലാതെ' എന്ന് നാം പലപ്പോഴും പറയാറുണ്ടെങ്കിലും അക്ഷരാർത്ഥത്തിൽ സമാനതകളില്ലാത്ത ഒരു പൊതുജീവിത പ്രവർത്തന മാതൃകയായിരുന്നു അദ്ദേഹത്തിന്റേത്. അതിനെക്കുറിച്ച് പറഞ്ഞ് ഫലിപ്പിക്കാൻ വാക്കുകൾ അപര്യാപ്തമായിരിക്കും. വളരെ സൗമ്യമായിത്തന്നെ നിങ്ങൾക്ക് ഈ ലോകത്തെ പിടിച്ചുകുലുക്കാൻ കഴിയുമെന്ന് മഹാത്മജി പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ വാക്കുകളെ തന്റെ പൊതുജീവിതത്തിൽ മാതൃകയാക്കിക്കൊണ്ടാണ് ഉമ്മൻ ചാണ്ടി മുന്നോട്ടുപോയിരുന്നത്. ആദ്യം മുതൽ അവസാനം വരെ അദ്ദേഹം മനുഷ്യത്വമായിരുന്നു ഏറ്റവും അമൂല്യമായി മുറുകെപ്പിടിച്ചിരുന്നത്. അതുകൊണ്ട് തന്നെയാണ് അദ്ദേഹത്തിന്റെ അവസാന നാളുകളിൽ ആരുടെയും ആഹ്വാനമില്ലാതെ പ്രത്യേകിച്ച് സംഘാടനമൊന്നുമില്ലാതെ ആബാലവൃദ്ധം ജനങ്ങൾ, പതിനായിരക്കണക്കിന് മനുഷ്യർ അദ്ദേഹത്തെ അവസാനമായി കാണാൻ ഒഴുകിയെത്തിയത്. എത്ര വലിയ

പ്രകോപനത്തെയും അദ്ദേഹം നേരിട്ട രീതിയും ശൈലിയും ഒരുപക്ഷെ തീർച്ചയായും ഈ സഭാ ചരിത്രത്തിലെ തിളക്കമാർന്ന അദ്ധ്യായങ്ങളായിരിക്കും എന്നാണ് കരുതുന്നത്. ഉമ്മൻ ചാണ്ടിയെന്ന പൊതുജീവിതം നിർബന്ധമായും നമ്മുടെ ജനാധിപത്യ പാഠശാലകളിൽ പഠിപ്പിക്കേണ്ട ഏറ്റവും വലിയ പാഠപുസ്തകം തന്നെയാണ്. എന്ത് പ്രതിസന്ധിയുണ്ടായാലും ഏത് മനുഷ്യനും ഏത് സമയത്തും കയറിച്ചെന്ന് മുട്ടാൻ കഴിയുന്ന കാരുണ്യത്തിന്റെ വാതിലായിരുന്നു അദ്ദേഹം. ആ ശൂന്യതയെ പൂരിപ്പിക്കുകയെന്നത് അല്ലെങ്കിൽ ഉമ്മൻ ചാണ്ടിയെ പകർത്തുകയെന്നത് അസാധ്യമാണ്. വ്യക്തിപരമായി വളരെയേറെ പ്രയാസങ്ങളുണ്ടായ സമയത്ത് ഞങ്ങൾക്ക് ഒരു താങ്ങായും തണലായും അദ്ദേഹം വന്നിരുന്നു. ഏറെ വേദന അനുഭവിച്ച ആ സമയങ്ങളിൽ ഞങ്ങളുടെ വീട്ടിലേയ്ക്ക് കടന്നുവന്ന അദ്ദേഹം എനിക്കും എന്റെ കുടുംബത്തിനും നൽകിയ ആശ്വാസവും ആത്മവിശ്വാസവും ചെറുതായിരുന്നില്ല. അദ്ദേഹത്തിന്റെ വിയോഗത്തിൽ അദ്ദേഹത്തിന്റെ കുടുംബത്തിനും പാർട്ടിക്കും അതിലെല്ലാമുപരി സാധാരണയിൽ സാധാരണക്കാരായ മനുഷ്യർക്കുണ്ടായ

നഷ്ടത്തിലും വേദനയിലും ഒപ്പം ചേരുന്നു.

വക്കം ബി. പുരുഷോത്തമൻ തീർച്ചയായും മികവാർന്ന ഭരണകർത്താവും നിശ്ചയദാർഢ്യമുള്ള ഒരു രാഷ്ട്രീയക്കാരനുമായിരുന്നു. അദ്ദേഹത്തിന്റെ വേർപാടിൽ അനുശോചനം രേഖപ്പെടുത്തുന്നു. രണ്ടുപേരുടെയും ഓർമ്മകൾക്ക് മുന്നിൽ ആദരവോടെ തല കുനിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, സൗമ്യമായ പെരുമാറ്റവും ലാളിത്യവുംകൊണ്ട് ഏവരുടെയും പ്രശംസ പിടിച്ചുപറ്റിയിരുന്ന ഒരു ജനകീയനായ മുഖ്യമന്ത്രിയായിരുന്നു ഉമ്മൻ ചാണ്ടി. രണ്ട് തവണ കേരളത്തിന്റെ മുഖ്യമന്ത്രി പദം അലങ്കരിക്കുകയും വിവിധ സഭകളിൽ ധനകാര്യ വകുപ്പുമന്ത്രി, ആഭ്യന്തര വകുപ്പുമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി എന്നീ നിലകളിലെല്ലാം പ്രശോഭിക്കുകയും ചെയ്ത അദ്ദേഹത്തിന് നീണ്ട 53 വർഷക്കാലത്തെ പാർലമെന്ററി ജീവിത അനുഭവങ്ങൾ ഈ സഭയ്ക്കകത്ത് മാത്രമുണ്ട്. അഞ്ചര പതിറ്റാണ്ടുകാലത്തെ പൊതുജീവിതത്തിനിടയിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചുകൊണ്ടാണ് അദ്ദേഹം കടന്നുപോയത്.

തികച്ചും ജനകീയനായ ഒരു മുഖ്യമന്ത്രിയെന്ന നിലയ്ക്ക് സദാസമയവും ജനങ്ങളുടെ പ്രശ്നങ്ങളും ആവലാതികളും കേൾക്കാനും അത് തന്റെ പ്രശ്നം പോലെ ഏറ്റെടുത്ത് പരിഹരിക്കാനും അദ്ദേഹം നടത്തിയിട്ടുള്ള ശ്രമങ്ങൾ ഏറെ ശ്ലാഘനീയമാണ്. പൊതുപ്രവർത്തകരെ സംബന്ധിച്ചിടത്തോളം എന്നും മാതൃകയാക്കാൻ കഴിയുന്നൊരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ഉമ്മൻ ചാണ്ടി.

വിവിധ സഭകളിൽ മന്ത്രിയായും മുൻ നിയമസഭാ സ്പീക്കറായും വിവിധ സംസ്ഥാനങ്ങളിൽ ഗവർണ്ണറായും നിസ്വാർത്ഥ സേവനമർപ്പിച്ച തലമുതിർന്ന പൊതുപ്രവർത്തകൻ കൂടിയായിരുന്നു വക്കം ബി. പുരുഷോത്തമൻ. നിലപാടുകളുടെ വ്യതിരിക്തതകൊണ്ടും സുതാര്യമായ പ്രവർത്തന ശൈലികൊണ്ടും തനിക്ക് ശരിയെന്ന കാര്യങ്ങളിൽ കർക്കശമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ടും രാഷ്ട്രീയ പ്രവർത്തകർക്ക് പുതിയൊരു ദിശാബോധം നൽകാൻ വക്കം ബി. പുരുഷോത്തമന് സാധിച്ചിരുന്നു.

കേരള നിയമസഭയെ സംബന്ധിച്ചിടത്തോളം മതേതര രാഷ്ട്രീയ ചേരിക്കും സഭയ്ക്കും ഒരുപാട് സംഭാവനകളർപ്പിച്ചുകൊണ്ട് കടന്നുപോയ

മഹത്തായ രണ്ട് പ്രതിഭാധനരെയാണ് ഇന്നിവിടെ അനുസ്മരിക്കുന്നത്. ഉമ്മൻ ചാണ്ടിയുടെയും വക്കം ബി. പുരുഷോത്തമന്റെയും ഓർമ്മകൾക്ക് മുമ്പിൽ പ്രണാമം അർപ്പിച്ചുകൊണ്ടും അവരുടെ സന്തപ്ത കുടുംബാംഗങ്ങളോടും പാർട്ടിയോടുമുള്ള ദുഃഖം പങ്കുവച്ചുകൊണ്ടും നിറുത്തുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, അനുകരിക്കാൻ എളുപ്പമല്ലാത്ത സ്വഭാവ സവിശേഷതകളുടെ ഉടമയായിരുന്ന ഉമ്മൻ ചാണ്ടിയുടെ മരണം കേരള രാഷ്ട്രീയത്തിന് പൊതുവെയും കോൺഗ്രസ് രാഷ്ട്രീയത്തിന് പ്രത്യേകിച്ചും വലിയ നഷ്ടമാണുണ്ടാക്കിയിരിക്കുന്നത്. തന്റെ മുമ്പിലെത്തുന്ന ഓരോരുത്തരോടും വ്യക്തിപരമായ ബന്ധം സ്ഥാപിക്കാനുള്ള പ്രത്യേകമായ കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. സഹജീവികളോട് കാരുണ്യത്തോടെയുള്ള കരുതൽ അദ്ദേഹത്തിന്റെ സഹജമായ രീതിയായിരുന്നു. പുസ്തകങ്ങൾ വായിച്ചുനേടുന്ന അറിവിനേക്കാൾ തനിക്ക് ചുറ്റുമെത്തുന്ന മനുഷ്യരെ വായിച്ചറിഞ്ഞ പൊതുപ്രവർത്തകനാണ് ഉമ്മൻ ചാണ്ടി. സമർത്ഥനായ രാഷ്ട്രീയ നേതാവെന്ന നിലയിൽ രാഷ്ട്രീയത്തിന്റെ പ്രായോഗിക വഴികളിലൂടെയാണ് ഉമ്മൻ ചാണ്ടി

സഞ്ചരിച്ചിരുന്നത്. എത്ര ഗൗരവതരമായ വിഷയമാണെങ്കിലും അവയെല്ലാം സമചിത്തതയോടെ കൈകാര്യം ചെയ്യാനുള്ള കഴിവ് ഉമ്മൻ ചാണ്ടിയുടെ പ്രത്യേകതയാണ്. കാര്യപ്രസക്തമായ ഇടപെടലുകളിലൂടെ നിയമസഭയിലും ജനസമ്പർക്കം പോലുള്ള പരിപാടികളിലൂടെ ഭരണനിർവ്വഹണ മേഖലയിലും വരും തലമുറയ്ക്ക് മാതൃക നൽകിയ ഉമ്മൻ ചാണ്ടിയുടെ പാവന സ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

കാര്യപ്രാപ്തികൊണ്ടും കർമ്മകുശലതകൊണ്ടും കേരള വികസന ചരിത്രത്തിൽ നിർണ്ണായകമായ സ്ഥാനം നേടിയ ജനനേതാവായിരുന്നു വക്കം ബി. പുരുഷോത്തമൻ. തിരുവനന്തപുരം ജില്ല കേന്ദ്രീകരിച്ച് ആർ.എസ്.പി.യിലൂടെ രാഷ്ട്രീയ പ്രവർത്തനം തുടങ്ങി കോൺഗ്രസ്സിൽ എത്തിച്ചേർന്ന രാഷ്ട്രീയ നേതാവാണ് അദ്ദേഹം. കർക്കശക്കാരനായ നിയമസഭാ സ്പീക്കറായും കർമ്മനിരതനായ മന്ത്രിയായും അദ്ദേഹം കേരള രാഷ്ട്രീയത്തിൽ വ്യക്തിമുദ്ര പതിപ്പിച്ചു. പഞ്ചായത്ത് മെമ്പറായും എം.എൽ.എ.യായും എം.പി.യായും മന്ത്രിയായും ലഫ്റ്റനന്റ് ഗവർണ്ണറായും ഗവർണ്ണറായും മറ്റാർക്കും അവകാശപ്പെടാനാകാത്ത രീതിയിൽ അദ്ദേഹം

ഇന്ത്യൻ രാഷ്ട്രീയത്തിൽ തിളങ്ങി. പ്രവർത്തിച്ച മേഖലകളിലെല്ലാം കയ്യൊപ്പ് പതിപ്പിച്ചാണ് അദ്ദേഹം കടന്നുപോയത്. തീരുമാനങ്ങളിലെ കൃത്യതയും അത് നടപ്പാക്കാനുള്ള നിശ്ചയദാർഢ്യവും സമാനതകളില്ലാത്തതായിരുന്നു. സമയനിഷ്ഠയായിരുന്നു വക്കം ബി. പുരുഷോത്തമൻ പുതിയ തലമുറയിലെ രാഷ്ട്രീയക്കാർക്ക് നൽകിയ ഏറ്റവും വലിയ മാതൃക. വികസന പദ്ധതികൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിൽ അദ്ദേഹം കാണിച്ച ഇച്ഛാശക്തിയും കർമ്മകുശലതയും ഏവർക്കും മാതൃകയാണ്. ഒരു കാലഘട്ടത്തിൽ കേരള രാഷ്ട്രീയത്തിലും ഇന്ത്യൻ പാർലമെന്റിലും നിറഞ്ഞുനിന്ന വക്കം ബി. പുരുഷോത്തമന്റെ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഉമ്മൻ ചാണ്ടി എന്ന മഹാത്ഭുതം നമ്മുടെ മുന്നിൽനിന്ന് മാഞ്ഞുപോയി. അദ്ദേഹത്തെ അനുകരിക്കണമെന്ന് ഇനിയൊരിക്കലും അടുത്ത തലമുറയോട് പറയാൻ സാധിക്കില്ല. അത് നടക്കാത്ത കാര്യമാണ്. ആത്മീയ നേതാക്കൾക്കുപോലും ഈഗോയുള്ള കാലത്ത് ഉമ്മൻ ചാണ്ടി എന്നെ അത്ഭുതപ്പെടുത്തിയിട്ടുള്ളത്

ഈഗോയില്ലാത്ത ഒരു മനുഷ്യനെന്ന നിലയിലാണ്. 'താൻ' എന്ന ഭാവം ഒരു നിമിഷം പോലും അദ്ദേഹത്തിൽനിന്ന് പ്രതിഫലിക്കാറില്ല. മുന്നിൽവരുന്ന ജനങ്ങളുടെ രാഷ്ട്രീയമോ മറ്റ് കാര്യങ്ങളോ ഒന്നും നോക്കാതെ അവരുടെ കണ്ണീരൊപ്പാൻ പരമാവധി ശ്രമിച്ചിട്ടുള്ളൊരു നല്ല മനുഷ്യൻ എന്നതാണ് അദ്ദേഹത്തിന്റെ പ്രത്യേകത. ഒരു രാഷ്ട്രീയ നേതാവെന്ന നിലയിൽ അദ്ദേഹം കർക്കശക്കാരൻ തന്നെയായിരുന്നു. താൻ പ്രതിനിധാനം ചെയ്യുന്ന പാർട്ടിയുടെയും മുന്നണിയുടെയും ആവശ്യങ്ങൾക്കുവേണ്ടി എന്ത് കടുത്ത നിലപാടും അദ്ദേഹം സ്വീകരിക്കും. പക്ഷെ ആ നിലപാട് മുഖത്തും വാക്കുകളിലും പ്രതിഫലിച്ചില്ലെങ്കിലും അദ്ദേഹത്തിന്റെ മനസ്സിലുണ്ടാകും. കടുത്ത ചില തീരുമാനങ്ങളെടുത്താൽ അതിൽനിന്ന് അദ്ദേഹത്തെ മാറ്റുക പ്രയാസകരമാണ്. എങ്കിലും മുന്നിലിരുന്ന് കരയുന്നവരുടെ കണ്ണുനീർ കണ്ടുവെന്നുള്ളതാണ് അദ്ദേഹത്തെ മഹാത്ഭുതമാക്കി മാറ്റുന്നത്. നടക്കുന്ന കാര്യമാണെങ്കിലും അല്ലെങ്കിലും അദ്ദേഹം അതിനായി ശ്രമിക്കും. സ്കൂൾ വിദ്യാഭ്യാസ കാലത്ത് 8-ാംക്ലാസ്സിൽ പഠിക്കുമ്പോൾ തിരുവനന്തപുരത്ത് വന്ന് താമസിക്കുമ്പോഴാണ് ഞാൻ അദ്ദേഹത്തെ ആദ്യമായി കാണുന്നത്.

അന്ന് അദ്ദേഹം വിവാഹിതനായി അദ്ദേഹത്തിന്റെ പ്രിയ പതി വാവ ചേച്ചിയുമായി വഴുതയ്ക്കാട് ഞങ്ങളുടെ തൊട്ടടുത്ത വീട്ടിലാണ് താമസിച്ചിരുന്നത്. എന്റെ അമ്മയ്ക്ക് സഹോദരനും ഭാര്യയും താമസിക്കുന്നതുപോലെ അവരോട് സ്നേഹമായിരുന്നു. ഇവിടെ പ്രദർശിപ്പിച്ച ചിത്രങ്ങളിൽ കാണുന്നതിനേക്കാൾ ചെറുപ്പമായ ഉമ്മൻ ചാണ്ടി വളരെ വേഗത്തിൽ നടന്നുപോകുന്ന ഒരു വ്യക്തിത്വമാണ്. അന്ന് അദ്ദേഹത്തിന് കാറുണ്ടായിരുന്നില്ല. നിയമസഭയിൽ നടത്തിയ നടത്ത മത്സരത്തിൽ അദ്ദേഹം ഒന്നാമതെത്തിയിട്ടുണ്ട്. എനിക്ക് അതിൽ അത്ഭുതമില്ല. കാരണം അന്നത്തെ കാലത്ത് അദ്ദേഹം പാർട്ടി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് രാവിലെ എഴുന്നേറ്റ് വളരെ വേഗത്തിൽ നടന്നുപോകുമായിരുന്നു. അതിരാവിലെ അദ്ദേഹം എഴുന്നേറ്റ് റെഡിയായി നടന്നുപോകുന്നതാണ് എല്ലാ ദിവസവും രാവിലെ ഞാൻ കാണുന്ന കാഴ്ച. ഉടുപ്പിന്റെ ബട്ടൻസ് മാറിക്കിടക്കുകയും ഉടുപ്പ് കീറിയിരിക്കുകയും ചെയ്യുമെങ്കിലും അതൊന്നും അദ്ദേഹത്തിന് പ്രശ്നമല്ലായിരുന്നു. രാവിലെ പാർട്ടി പ്രവർത്തനത്തിന് ഇറങ്ങുന്ന ആ വ്യക്തിയാണ് നമ്മുടെ മനസ്സിൽ ഇന്നും നിറഞ്ഞുനിൽക്കുന്നത്.

അന്ന് മുതൽ അദ്ദേഹം എന്നോട് ചിരിക്കുകയും കുശലം ചോദിക്കുകയും ചെയ്യുമായിരുന്നു. ഞാൻ ഗേറ്റിന്റെ അടുത്തുപോയി നോക്കി നിൽക്കും. കാരണം കോൺഗ്രസ്സിന്റെ ഒരു വലിയ നേതാവാണ് നടന്നുപോകുന്നത്. എന്റെ പിതാവുണ്ടെങ്കിൽ വീട്ടിലേയ്ക്ക് കടന്നുവരും. അല്ലെങ്കിൽ അവിടെനിന്ന് കൊച്ചുപയ്യനായിരിക്കുന്ന എന്നോടുപോലും കുശലാന്വേഷണം നടത്തിയിട്ടേ പോകുകയുള്ളൂ. അത്തരമൊരു മനോഭാവമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. അദ്ദേഹം മുഖ്യമന്ത്രിയായിരിക്കുമ്പോഴും ഒരു കാര്യം പറഞ്ഞുകഴിഞ്ഞാൽ അത് നടക്കുമോയെന്ന കാര്യത്തിൽ ഒരു ശ്രമം നടത്തും. ചിലപ്പോൾ നടന്നില്ലെന്നിരിക്കും. അദ്ദേഹത്തെക്കുറിച്ച് ചില തമാശകളുണ്ട്. ദുഃഖകരമായ ഒരു അന്തരീക്ഷത്തിലാണ് സംസാരിക്കുന്നതെങ്കിൽപ്പോലും അത് പറയുകയാണ്. ഒരിക്കൽ ഒരാൾ അദ്ദേഹത്തോട് എനിക്ക് എന്റെ മകളെ കാണാൻ അമേരിക്കയിൽ പോകണമെന്നും അതിനായി ഒരു കത്ത് വേണമെന്നും പറഞ്ഞു. ആർക്കാണെന്ന് ചോദിച്ചപ്പോൾ, അമേരിക്കൻ പ്രസിഡന്റിനായിക്കോട്ടെ എന്നുപറഞ്ഞു. അങ്ങനെ ഉമ്മൻ ചാണ്ടി കത്തെഴുതി, "പ്രിയപ്പെട്ട ബുഷ്, ഈ കത്തുമായി വരുന്ന മാത്തുക്കുട്ടിച്ചേട്ടൻ

എന്റെ പാർട്ടിക്കാരനും നാട്ടുകാരനുമാണ്. അദ്ദേഹത്തിന് ഒരു അമേരിക്കൻ വിസ അനുവദിച്ചുകൊടുക്കണം." അങ്ങനെ ആ അപേക്ഷയുമായി വന്ന ആൾ സംതൃപ്തനായി. എന്റെ നിയോജകമണ്ഡലത്തിൽ വൈദ്യുതിയില്ലാത്ത ഒരു മേഖലയിൽ 2004-ൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ഞാൻ വൈദ്യുതി കണക്ഷൻ കൊണ്ടുവന്നു. വൈദ്യുതി കിട്ടി എല്ലാവരും സന്തോഷത്തിലായി. എന്നാൽ എനിക്ക് സ്ഥിരമായി വനം വകുപ്പിൽനിന്ന് ഒരു നോട്ടീസ് വരുമായിരുന്നു. 35 ലക്ഷം രൂപ അടയ്ക്കണമെന്നാണ് നോട്ടീസിൽ പറഞ്ഞിരുന്നത്. കാരണം ഞാനാണ് ഇതിന്റെ അപേക്ഷകൻ. എം.എൽ.എ. ഫണ്ട് ഉപയോഗിച്ചാണ് വൈദ്യുതി കണക്ഷൻ ലഭിച്ചത്. ഒടുവിൽ ഞാൻ ഉമ്മൻ ചാണ്ടിയെ ചെന്നുകണ്ടതിനെത്തുടർന്ന് പിറ്റേ ദിവസം അദ്ദേഹം വനം വകുപ്പ് ഉദ്യോഗസ്ഥരുമായി മീറ്റിംഗ് വിളിക്കുകയും ഈ തുക അടയ്ക്കേണ്ടതില്ലെന്നും ഗണേഷ് കുമാറിന് ഇനി നോട്ടീസ് അയയ്ക്കരുതെന്നും അത് അടയ്ക്കേണ്ടി വന്നാൽ സർക്കാർ അടയ്ക്കുമെന്നൊരു തീരുമാനമെടുക്കുകയും ചെയ്തു. അതിനുശേഷം ഒരു ബുദ്ധിമുട്ടുമുണ്ടായിട്ടില്ല. ഒരിക്കലും നടക്കില്ലെന്ന് വിചാരിക്കുന്ന പല കാര്യങ്ങളും നടത്താൻ അദ്ദേഹം പരിശ്രമിക്കുമായിരുന്നു.

അടുത്തിരുന്ന് കാര്യം പറയുമ്പോൾ ഒരു പേന വച്ച് അദ്ദേഹം എഴുതിക്കൊണ്ടിരിക്കും. നമ്മൾ പറയുന്ന കാര്യം കേൾക്കുന്നില്ലെന്ന് വിചാരിക്കും. പക്ഷെ എന്താണ് ആ മനസ്സിന്റെ ശക്തിയെന്ന് എനിക്ക് മനസ്സിലായിട്ടില്ല. അപ്പുറത്തുകൂടെ ഒരാൾ വന്ന് പ്രോഗ്രാമുണ്ടോ എന്നറിയാനായി പോക്കറ്റിൽ കിടക്കുന്ന ചെറിയ ഡയറി എടുത്തുകൊണ്ടുപോകും. ഒരിക്കൽ അദ്ദേഹത്തോടൊപ്പം യു.ഡി.എഫ്.-ന്റെ ഒരു യാത്രയിൽ പങ്കെടുത്ത് പുതുപ്പള്ളിയിലെത്തി. എല്ലാവരും പ്രസംഗിച്ചു. പ്രസംഗിക്കാനായി ഉമ്മൻ ചാണ്ടി സ്റ്റേജിലേയ്ക്ക് വന്നപ്പോൾ കുഞ്ഞൂഞ്ഞ് ഇവിടെ പ്രസംഗിക്കേണ്ടെന്നും ഒന്നും പറയാനില്ലെന്നും എല്ലാ കാര്യങ്ങളും അറിയാമെന്നും പറഞ്ഞുകൊണ്ട് ഒരാൾ മൈക്ക് എടുത്തുകൊണ്ടുപോയി. പലപ്പോഴും മദ്യപാനികൾ അദ്ദേഹത്തിന്റെ ശരീരത്തിൽ പിടിച്ചാൽപ്പോലും വളരെ സൗമ്യമായി സ്നേഹത്തോടെ അവരെ പറഞ്ഞുവിടും. ജനസമ്പർക്ക പരിപാടിയിൽ പച്ചവെള്ളം പോലും കുടിക്കാതെ രാത്രി രണ്ടര മണി വരെ വരുന്ന അപേക്ഷയും അദ്ദേഹം ശ്രദ്ധയോടെ കേൾക്കുമായിരുന്നു. ഒരു മനുഷ്യനാണ്. നമുക്കൊന്നും ചിന്തിക്കാൻ പോലും കഴിയില്ല. അത്രത്തോളം

മനുഷ്യത്വം അദ്ദേഹം കേരളത്തിലെ ജനങ്ങളോട് കാണിച്ചിരുന്നു. അതുകൊണ്ടാണ് അദ്ദേഹം രാഷ്ട്രീയത്തിനതീതമായി ഒരു സ്നേഹനിധിയായ മനുഷ്യനെന്ന നിലയിൽ കേരളത്തിലെ ജനങ്ങളുടെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നത്. 2001-ൽ ഞാനും ശ്രീ. വി. ഡി. സതീശനും ഒരുമിച്ച് ഈ സഭയിൽ വന്നതാണ്. അന്നുമുതൽ കാണുന്നൊരു കാര്യമുണ്ട്. പ്രതിപക്ഷം എത്ര ശക്തമായി ആരോപണങ്ങളുന്നയിച്ച് വരുമ്പോഴും അത് എന്നെയല്ല എന്നുള്ള മട്ടിൽ അദ്ദേഹമിരിക്കും. ഒടുവിൽ അദ്ദേഹം എഴുന്നേറ്റ് വളരെ കുറച്ച് സംസാരിച്ചതിനുശേഷം പ്രതിപക്ഷത്തിനുള്ള എല്ലാ മറുപടിയും അടങ്ങിയ ഒരു ഫോട്ടോസ്റ്റാറ്റ് പേപ്പറെടുത്ത് അവതരിപ്പിച്ചുകൊണ്ട് പ്രസംഗം അവസാനിപ്പിക്കുമായിരുന്നു. കേരള നിയമസഭയിൽ കുറഞ്ഞ വാക്കുകളുപയോഗിച്ച് ചോദ്യങ്ങൾക്കുള്ള ഉത്തരം കൃത്യമായി നൽകിയിരുന്ന ഒരു നിയമസഭാ സാമാജികനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ വേർപാട് കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾക്ക് ദുഃഖമുണ്ടാക്കുന്നതോടൊപ്പം അവർക്ക് വേണ്ടപ്പെട്ട ഒരാളെ, ഏത് കാര്യത്തിനും സമീപിക്കാൻ കഴിയുന്നൊരാളെ നഷ്ടപ്പെട്ടുവെന്ന വികാരം ജനിപ്പിക്കുന്നതാണ്.

അദ്ദേഹത്തിന്റെ വേർപാടിൽ അദ്ദേഹത്തിന്റെ കുടുംബത്തോടുള്ള അനുശോചനം അറിയിക്കുന്നു. അദ്ദേഹത്തിന്റെ വേർപാടിലും ദുഃഖത്തിലും ഞാനും പങ്കുചേരുന്നു.

വക്കം ബി. പുരുഷോത്തമൻ വളരെ കർക്കശക്കാരനായ നേതാവായിരുന്നു. നമ്മുടെ നാട്ടിൽ ഐ.എ.എസ്. ഉദ്യോഗസ്ഥർക്ക് ഏറ്റവും ഇഷ്ടമുള്ള ടൂറിസം ഡയറക്ടർ/ടൂറിസം സെക്രട്ടറി എന്ന പോസ്റ്റ് സൃഷ്ടിച്ചതും ടൂറിസം പദ്ധതികൾക്ക് തുടക്കം കുറിച്ചതും വക്കം ബി. പുരുഷോത്തമനും അതിനുശേഷം മന്ത്രിയായിരുന്ന പി. എസ്. ശ്രീനിവാസനും ആണ്. ഇവരാണ് ടൂറിസം രംഗം ഉയർത്തിയെടുക്കാൻ മുൻകൈയെടുത്തത്. അതിനായി അദ്ദേഹം സ്വീകരിച്ച നിലപാട് ശ്ലാഘനീയമാണ്. വളരെ ദീർഘവീക്ഷണമുള്ള കാഴ്ചപ്പാടായിരുന്നു ടൂറിസം രംഗത്തിന്റെ വളർച്ചയ്ക്ക് തുടക്കം കുറിച്ചത്. 2001-ൽ ഞാൻ നിയമസഭയിൽ വരുന്നതിനുമുമ്പ് തിരുവനന്തപുരത്ത് പഠിച്ച ഒരാളാണ്. ഏത് സാമൂഹ്യവിരുദ്ധനും കുറ്റം ചെയ്തശേഷം നേരെ പോയി നിയമസഭാ ഹോസ്റ്റലിൽ കയറി ഒളിക്കുകയാണ് പതിവ്. എല്ലാ

എം.എൽ.എ.മാരുടെയും മുറികളിൽ ഇവർ കയറി താമസിക്കുമായിരുന്നു. ഇവർക്കെതിരെ നടപടി സ്വീകരിച്ചുകൊണ്ട് നിയമസഭാ മന്ദിരത്തിനുള്ളിലും നിയമസഭാ ഹോസ്റ്റലിലും ശാന്തമായ അന്തരീക്ഷം സൃഷ്ടിച്ചെടുക്കാനും ജനപ്രതിനിധികൾക്ക് അവരുടെ കുടുംബത്തോടൊപ്പം താമസിക്കാൻ സാധിക്കുന്നൊരു അന്തരീക്ഷമുണ്ടാക്കിയതും അദ്ദേഹത്തിന്റെ കാലത്താണ്. അദ്ദേഹം നിയമസഭാ സ്പീക്കറായിരുന്ന വേളയിൽ സഭയിൽ കർക്കശമായ നിലപാട് സ്വീകരിച്ചത് അഭിമാനാർഹമാണ്. അദ്ദേഹത്തിന്റെ വേർപാടിൽ എന്റെയും എന്റെ പാർട്ടിയുടെയും അനുശോചനം അറിയിക്കുന്നു.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:</u> സർ, അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാന്യനായ പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കളുമെല്ലാം രേഖപ്പെടുത്തിയ ഹൃദയവികാരത്തോടൊപ്പം ഞാനും പങ്കുചേരുകയാണ്. ഞങ്ങൾ ഒന്നിച്ച് സഞ്ചരിച്ചവരാണ്. അതുകൊണ്ട് ഏറെ ഓർക്കാനും ഓമനിക്കുവാനും ആദരിക്കാനും കഴിയുന്ന ആർദ്രമായ ജീവിതാനുഭവങ്ങളും അനുഭൂതികളും ധാരാളമുണ്ട്. വിദ്യാർത്ഥി

ജീവിതകാലത്തെ ഞങ്ങളുടെ ജീവിതയാത്രയെക്കുറിച്ച് മണിക്കൂറുകളും ദിവസങ്ങളും പറഞ്ഞാലും തീരുകയില്ല. അത് ഒറ്റവാക്കിൽ പറയാൻ സാധിക്കുകയുമില്ല. കണ്ണൂരിൽവച്ച് ശ്രീ. വയലാർ രവിയാണ് ഉമ്മൻ ചാണ്ടിയെ എനിക്ക് ആദ്യമായി പരിചയപ്പെടുത്തിയതെന്ന് ഞാൻ ഓർമ്മിക്കുകയാണ്. അന്നുതൊട്ടുള്ള ആ ബന്ധം ജീവിതാന്ത്യം വരെ കെടാതെയുണ്ടായിരുന്നു. ശ്രീമാൻ എ. കെ. ആന്റണി കെ.എസ്.യു.വിന്റെ പ്രസിഡന്റായിരുന്ന സമയത്ത് ഞാനും ഉമ്മൻ ചാണ്ടിയും സെക്രട്ടറിമാരെന്ന നിലയിൽ അദ്ദേഹത്തോടൊപ്പം സഹഭാരവാഹികളായിരുന്നു. പിന്നീട് ഉമ്മൻ ചാണ്ടി പ്രസിഡന്റായിരുന്നപ്പോഴും ഞാൻ സഹഭാരവാഹിയായിരുന്നു. അതിനുശേഷമാണ് ഞാൻ കെ.എസ്.യു.വിന്റെ സംസ്ഥാന പ്രസിഡന്റാകുന്നത്. ആ കാലഘട്ടം മുതലുള്ള യാത്രയിൽ ഒരുപാട് ജീവിതാനുഭവങ്ങളാണുള്ളത്. അവിഭക്ത ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ കരുത്തുറ്റ വിദ്യാർത്ഥി സംഘടനയാണ് കെ.എസ്.യു. എന്നെല്ലാവർക്കുമറിയാം. പക്ഷെ ജീവിതയാത്ര ദുർഘടപൂർണ്ണവും സാഹസികവുമായിരുന്നു. അപ്പോഴെല്ലാം പ്രേരണ നൽകിയത്

സഹപ്രവർത്തകരായ നേതാക്കൾ തന്നെയായിരുന്നു. എറണാകുളത്ത് താമസിച്ചിരുന്ന സമയത്ത് ഒന്നിച്ച് സഞ്ചരിക്കുകയും ഒരേ പായയിൽ, ഒരേ കട്ടിലിൽ കിടക്കുകയും ചെയ്തവരാണ് ഞങ്ങൾ. ഒരു ദിവസം രാവിലെ യാത്ര പുറപ്പെടാൻ തുടങ്ങിയപ്പോൾ അദ്ദേഹത്തിന്റെ ടൂത്ത് ബ്രഷ് കാണുന്നില്ല. ടൂത്ത് ബ്രഷ് വാങ്ങാൻ പോകാൻ കാശുമില്ല, സമയവുമില്ല. 'തന്റെ ടൂത്ത് ബ്രഷില്ലേ അത് ഞാൻ ഉപയോഗിച്ചോളാമെന്ന്' പറഞ്ഞ് എന്റെ ടൂത്ത് ബ്രഷ് ഉപയോഗിച്ച വ്യക്തിയാണ് അദ്ദേഹം. അങ്ങനെ ഹൃദയത്തെ നൊമ്പരപ്പെടുത്തുന്ന ഒരുപാട് ഓർമ്മകളുണ്ട്. ഏതുതരം വിഭവമായാലും ജോസഫ് ചേട്ടന്റെ കടയിൽനിന്ന് വാങ്ങി ഒരേ പാത്രത്തിൽ ഞങ്ങൾ രണ്ടുപേരും കഴിക്കുമായിരുന്നു. ഇതെല്ലാം ആ കാലഘട്ടത്തിലെ ഹൃദയബന്ധം വ്യക്തമാക്കുന്ന ദീപ്ത സ്മരണകളാണ്. ഇത്തരത്തിൽ ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. അധികാരത്തിന്റെ ശക്തിയല്ല, നേതൃത്വത്തിന്റെ, ആജ്ഞാശക്തിയുടെ സിംഹഗർജ്ജനമാണ് എനിക്ക് ഒരവസരത്തിൽ അദ്ദേഹത്തിൽനിന്നും കേൾക്കാൻ കഴിഞ്ഞത്.

1971-ൽ ഞാൻ കെ.എസ്.യു. പ്രസിഡന്റായിരിക്കുമ്പോഴാണ്

കാസർഗോഡ് ലോകസഭാ മണ്ഡലത്തിൽ മത്സരിക്കുവാൻ പാർട്ടി എന്നെ തീരുമാനിച്ചത്. പാവങ്ങളുടെ പടത്തലവനായ എ.കെ.ജി. മത്സരിക്കുന്ന മണ്ഡലത്തിൽ കെ.എസ്.യു.ക്കാരനായ എനിക്കുപകരം മത്സരിക്കാൻ അവിഭക്ത ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ എത്രയോ മഹാരഥന്മാരുണ്ടെന്ന് ഞാൻ പറഞ്ഞു, നോമിനേഷൻ കൊടുക്കേണ്ടത് നാളെ ആണെന്നാണ് അവസാനം പറഞ്ഞത്. ആ സമയത്ത് പാർട്ടിയുടെ 13-ാം സംസ്ഥാന സമ്മേളനം തൃശ്ശൂരിൽ നടക്കുകയാണ്. ആരെയെങ്കിലും കണ്ടുപിടിച്ച് കൊടുക്കണമെന്ന് ഞാൻ പറഞ്ഞു. 'ഇന്ദിരാജി പ്രഖ്യാപിച്ചതാണ്, താൻ ധിക്കരിക്കുകയാണോ; അനുസരിക്കണം, അനുസരിക്കാൻ പഠിക്കണം' എന്ന് ഉമ്മൻ ചാണ്ടി എന്നോട് പറഞ്ഞു. നാളെ രാവിലെ നോമിനേഷൻ കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. രാത്രി ഇവിടെനിന്നും പുറപ്പെടണം. ഒരു കറുത്ത അംബാസിഡർ കാർ ഞാൻ കൊണ്ടുവന്നിട്ടുണ്ട്. അതിൽ പോകുമ്പോൾ ശ്രദ്ധിക്കണമെന്നും ഇനിയൊരക്ഷരം പറയേണ്ടെന്നും പറഞ്ഞ് എന്നെ തള്ളിമാറ്റി അദ്ദേഹം പോകുകയും ചെയ്തു. ഒരു നേതാവിന്റെ ആജ്ഞാശക്തിയുടെ സിംഹഗർജ്ജനമാണ് അന്നവിടെ ഞാൻ കേട്ടതെന്ന്

ഓർമ്മിക്കുകയാണ്. അങ്ങനെ ഒരുപാട് ഓർമ്മകളുണ്ട്. ഞാൻ എം.പി.യായിരുന്ന കാലത്താണ് എന്റെ കല്യാണം. ഞാൻ കത്തും അടിച്ചില്ല, ആരെയും ക്ഷണിച്ചുമില്ല, പക്ഷെ അദ്ദേഹമെത്തി. അടുത്ത കാലത്ത് അദ്ദേഹം കണ്ണൂർ വന്നപ്പോൾ അമ്മയെ കാണാനും വന്നിരുന്നു. ഹൃദയ ബന്ധങ്ങളുടേയും സ്നേഹ ബന്ധങ്ങളുടേയും കുടുംബ ബന്ധങ്ങളുടേയും അനുപേക്ഷണീയമായ ഹൃദയ സ്നേഹത്തിന്റെ അപാരമായ ബന്ധമാണ് ആ കാലത്തുണ്ടായിരുന്നതെന്ന് ഓർമ്മിക്കാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹത്തെക്കുറിച്ച് ഒരുപാട് കാര്യങ്ങൾ എല്ലാവർക്കും പറയാനുണ്ടായിരിക്കും. മുഖ്യമന്ത്രി എന്ന നിലയ്ക്ക്, നിയമസഭാ സാമാജികൻ എന്ന നിലയ്ക്ക്, തൊഴിലാളി നേതാവെന്ന നിലയ്ക്ക്, അങ്ങനെ വിദ്യാർത്ഥി നേതൃത്വത്തിന്റെ സമാരംഭം തൊട്ട് അന്ത്യകാലഘട്ടം വരെയുള്ള ജീവിത യാത്രയിൽ അദ്ദേഹത്തിന് എത്രയോ അനുഭവങ്ങളുണ്ട്. ഞങ്ങളുടെയൊക്കെ രാഷ്ട്രീയ ജീവിത യാത്രയിൽ പ്രചോദനമായും ചൈതന്യമായും നിലനിൽക്കുന്നത് അത്തരത്തിലുള്ള ഓർമ്മകളും ബന്ധങ്ങളും തന്നെയാണെന്ന് മാത്രം ഞാൻ ഓർമ്മിക്കുകയാണ്.

അതുപോലെതന്നെ വക്കം ബി. പുരുഷോത്തമൻ, ഞാൻ വിദ്യാർത്ഥി നേതാവായി, ഭാരവാഹിയായി പ്രവർത്തിക്കുന്ന കാലത്ത് തിരുവനന്തപുരത്ത് വന്നപ്പോൾ ഒരു ആശ്രയ കേന്ദ്രമായിരുന്നു അദ്ദേഹം. യുവജന വിദ്യാർത്ഥി പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കാനും അവരുടെ പങ്കാളിത്തം ദേശീയധാരയിൽ കൊണ്ടുവരുന്നതിനും ഏറ്റവും കൂടുതൽ ശ്രമിച്ചിട്ടുള്ള ഒരു നേതാവ് കൂടിയായിരുന്നു വക്കം ബി. പുരുഷോത്തമനെന്ന് ഞാൻ ഓർമ്മിക്കുകയാണ്. അദ്ദേഹം അന്നത്തെ ഡി.സി.സി. ജില്ലാ പ്രസിഡന്റായിരുന്നു. ആ കാലഘട്ടങ്ങളിൽ ഓഫീസുകളിൽ പോകാനും ഇടപെടാനും താമസിക്കാനും ഉൾപ്പെടെ പ്രോത്സാഹജനകമായ ഒരുപാട് സൗകര്യങ്ങൾ അന്ന് യുവജനവിദ്യാർത്ഥി പ്രസ്ഥാനങ്ങൾക്ക് നൽകിയതും ഞാൻ ഈ സന്ദർഭത്തിൽ ഓർമ്മിക്കുകയാണ്. മന്ത്രി, നിയമസഭാ സ്പീക്കർ, എം.പി., ഗവർണ്ണർ തുടങ്ങി സമസ്ത തലങ്ങളിലെയും ഓരോ പടവും വിജയകരമായി പൂർത്തീകരിക്കാൻ കഴിഞ്ഞ ഒരു രാഷ്ട്രീയ നേതാവുകൂടിയാണ് അദ്ദേഹമെന്നത് ആ ബഹുമുഖ വ്യക്തിത്വത്തിന്റെ പ്രകാശം പരത്തുന്ന ചില അനുഭവങ്ങളാണ്. അദ്ദേഹവും ഈ

കാലഘട്ടത്തിൽ നഷ്ടമായെന്ന് പറയുന്നത് ചിന്തിക്കാൻ കഴിയുന്നതല്ല. ഉമ്മൻ ചാണ്ടിയുടെ ദേഹവിയോഗത്തിൽ ഈ സഭയിൽ വന്ന് ഒരു അനുസ്മരണ യോഗത്തിൽ പങ്കെടുത്ത് സംസാരിക്കേണ്ടി വരുമെന്നത് അചിന്തനീയമായിരുന്നു. കോട്ടയത്ത് പള്ളിയിലും വീട്ടിലുമൊക്കെ പോകുകയും അവിടെ ഭൗതിക ശരീരം അവസാനമായി കണ്ട് ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു. ഇതെല്ലാം സ്വപ്നത്തിൽ കണ്ടതുപോലെ തോന്നുകയാണ്. എന്റെ സഹപ്രവർത്തകനും സുഹൃത്തും എല്ലാമെല്ലാമായി ജീവിത യാത്രയിൽ ഒരുമിച്ചുണ്ടായിരുന്ന ഉമ്മൻ ചാണ്ടിയുടേയും അതുപോലെ വക്കം ബി. പുരുഷോത്തമന്റേയും ദേഹവിയോഗത്തിൽ ഇവിടെ രേഖപ്പെടുത്തിയ സഭയുടെ എല്ലാ ദുഃഖങ്ങളിലും വികാരങ്ങളിലും പങ്കുചേർന്നുകൊണ്ട് അവരുടെ പ്രോജ്ജ്വലിക്കുന്ന ഓർമ്മകൾക്ക് മുമ്പിൽ എന്റെ സ്നേഹ നിർഭരമായ, വികാരഭരിതമായ ആദരവും പ്രണാമങ്ങളും അർപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, ബഹുമാന്യരായ സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കക്ഷിനേതാക്കന്മാരും ഇവിടെ പറഞ്ഞ

മുഴവൻ കാര്യങ്ങളോടും ഞാൻ യോജിക്കുകയാണ്. ഉമ്മൻ ചാണ്ടിയെക്കുറിച്ച് പറയാൻ എനിക്ക് ധാരാളം കാര്യങ്ങളും അനുഭവങ്ങളുമുണ്ട്. ഞാൻ അദ്ദേഹത്തിന്റെ മന്ത്രിസഭയിൽ കൃഷി വകുപ്പുമന്ത്രി ആയിരുന്നപ്പോൾ രാത്രി 11.00 മണിക്കുപോലും എന്നെ ഫോൺ വിളിച്ച് ചില ഫയലുകൾ അവിടെ വന്നിട്ടുണ്ടെന്നും അത് ശ്രദ്ധിക്കണമെന്നും പറയുമായിരുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ച് അതുസംബന്ധിച്ച കാര്യങ്ങൾ സംസാരിച്ചപ്പോൾ ആ ഫയലുകൾ ചില കുടുക്കുകളുള്ള ഫയലുകളാണെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ഞങ്ങളുടെ വകുപ്പിൽപ്പോലും എന്തെല്ലാം നടക്കുന്നുവെന്നതിനെക്കുറിച്ചുള്ള അറിവ് അദ്ദേഹത്തിനുണ്ടായിരുന്നു. ജീവകാരുണ്യ പ്രവർത്തനങ്ങളിലെ അദ്ദേഹത്തിന്റെ ഇടപെടലിനെക്കുറിച്ച് എല്ലാവരും സൂചിപ്പിച്ചു. അദ്ദേഹം ഏറ്റവും പ്രാധാന്യം കൽപ്പിച്ച ഒന്നായിരുന്നു ജീവകാരുണ്യ പ്രവർത്തനം. ജനസമ്പർക്ക പരിപാടിയിലൂടെ അദ്ദേഹം ജനങ്ങളെ സഹായിച്ചു. എന്റെ നാട്ടിൽ അക്കാലത്ത് ഒരു സംഭവമുണ്ടായി. ഒരു വീട്ടിലെ ഭാര്യയും ഭർത്താവും കൂടി മംഗലാപുരത്ത് ഡോക്ടറെ കാണാൻ പോകുന്ന വഴി അപകടത്തിൽ മരണപ്പെട്ടു,

വാഹനത്തിന്റെ ഡ്രൈവർ മാത്രമാണ് രക്ഷപ്പെട്ടത്. മരണപ്പെട്ട ദമ്പതികളുടെ മൂത്ത മകൾ വിവാഹിതയാണ്. അവർ എന്നെ സമീപിച്ച് അവരുടെ ഉപ്പയും ഉമ്മയും മരിച്ചുപോയതിനാൽ അനുജനും അനുജത്തിക്കും പഠനം തുടരാൻ സാധിക്കുന്നില്ല. അതുകൊണ്ട് സഹോദരങ്ങളെ രക്ഷിക്കണം, അവരെ എങ്ങനെയെങ്കിലും സഹായിക്കണമെന്ന് പറഞ്ഞു. മരണ സർട്ടിഫിക്കറ്റ് അടക്കം എല്ലാ രേഖകളുംകൊണ്ട് എന്റെയടുത്ത് വരാൻ ഞാൻ ആ കുട്ടിയോട് പറഞ്ഞു. ആ കുട്ടികളുടെ പേരിൽ ഒരു നിശ്ചിത ഫണ്ട് ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്താൽ അവർക്ക് ഭാവിയിൽ പഠനത്തിനായി ഉപയോഗപ്പെടുമെന്നതിനാൽ അങ്ങനെ ചെയ്യണമെന്ന് എനിക്ക് ഒരു ആഗ്രഹം തോന്നി. രണ്ട് കുട്ടികൾക്കും 1 ലക്ഷം രൂപ വീതമെങ്കിലും ലഭ്യമാകണമെന്നതിനാൽ ഞാൻ 1.5 ലക്ഷം രൂപ ലഭിക്കുന്നതിനായി മുഖ്യമന്ത്രിക്ക് എഴുതിക്കൊടുത്തു. അദ്ദേഹം ഇതെല്ലാം വായിച്ചശേഷം "1.5 ലക്ഷം രൂപ പോരാ, 2 ലക്ഷം രൂപ ആ കുട്ടികൾക്ക് കൊടുക്കണം" എന്നുപറഞ്ഞു. അതായിരുന്നു അദ്ദേഹത്തിന്റെ മനസ്സ്. ആ മനസ്സിനെക്കുറിച്ച് സൂചിപ്പിക്കാനാണ് ഞാൻ ഇക്കാര്യം പറഞ്ഞത്. ഇത്തരത്തിൽ ഒട്ടേറെ

കാര്യങ്ങൾ എന്റെ അനുഭവത്തിലുണ്ട്. പല രീതിയിലുള്ള കാര്യങ്ങളിൽ ഇടപെടുമ്പോഴും അവയെല്ലാം തന്നെ അനുകൂലമായ നിലപാട് സ്വീകരിക്കാനും അഥവാ കാര്യങ്ങൾ പ്രതികൂലമാണെങ്കിൽ അവയെ തരണം ചെയ്ത് അനുകൂലമാക്കാനും അദ്ദേഹം ശ്രമിച്ചിരുന്നു. അങ്ങനെ ഒട്ടേറെ പ്രശ്നങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കേണ്ടി വന്നപ്പോഴെല്ലാം ഇത്തരം അനുഭവങ്ങളുണ്ടായിട്ടുണ്ട്. ധാരാളം കാര്യങ്ങൾ അദ്ദേഹത്തെക്കുറിച്ച് പറയാനുണ്ടെങ്കിലും കൂടുതൽ കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഏതായാലും ഇവിടെ സംസാരിച്ചവരെല്ലാം പ്രതിപാദിച്ചത് ഒരേ രൂപത്തിൽ തന്നെയാണ്. മഹാനായ ഒരു വ്യക്തിയായിരുന്നു ഉമ്മൻ ചാണ്ടി, അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുമ്പിൽ ഒരായിരം ആദരാഞ്ജലികൾ അർപ്പിക്കുകയാണ്.

വക്കം ബി. പുരുഷോത്തമനെക്കുറിച്ചും എനിക്ക് മുമ്പേ സംസാരിച്ചവർ പറഞ്ഞുകഴിഞ്ഞു. വളരെ കർക്കശക്കാരനായിരുന്നു അദ്ദേഹമെന്ന് എല്ലാവരും സൂചിപ്പിച്ചു. വക്കം ബി. പുരുഷോത്തമൻ സ്പീക്കറായിരുന്ന സമയത്ത് നിയമസഭയിലുണ്ടായ ചില വിഷയങ്ങളിൽ അദ്ദേഹത്തിനെതിരെ

അവിശ്വാസ പ്രമേയം കൊണ്ടുവന്ന സാഹചര്യമുണ്ടായി. ആ അവിശ്വാസ പ്രമേയത്തിന്മേൽ എനിക്ക് പ്രസംഗിക്കാൻ അവസരം ലഭിച്ചു. എന്റെ പ്രസംഗം കഴിഞ്ഞ് കുറച്ചുസമയം കഴിഞ്ഞപ്പോൾ അദ്ദേഹം എന്നെ വിളിപ്പിച്ച് 'പ്രസംഗം നന്നായിരുന്നു keep it up'എന്ന് പറയുകയും ആ പ്രസംഗത്തിൽ ചില വാക്കുകളുണ്ട്. അവ പ്രയോഗിക്കുമ്പോൾ ശ്രദ്ധിക്കണമെന്ന് സൂചിപ്പിക്കുകയും ചെയ്തു. അത് കഴിഞ്ഞപ്പോൾ ബഹുമാനപ്പെട്ട അനൂപ് ജേക്കബിന്റെ പിതാവ് എന്റെയടുത്ത് വന്ന് ഇന്ന വാക്കിനെക്കുറിച്ചാണ് സൂചിപ്പിച്ചതെന്ന് പറഞ്ഞു. അവർ രണ്ടുപേരും നിയമസഭയിലെ നടപടികൾ വളരെ നന്നായി അറിഞ്ഞ് പ്രവർത്തിക്കുന്നവർ ആയതിനാലാണ് ഞാൻ ശ്രീ. അനൂപ് ജേക്കബിന്റെ പിതാവിനെക്കുറിച്ചുകൂടി ഈ അവസരത്തിൽ സൂചിപ്പിച്ചത്. നിയമസഭാ നടപടികളിൽ സമയ കൃത്യത പാലിച്ചുകൊണ്ട് കർക്കശക്കാരനായ ഒരു അധ്യാപകനെപ്പോലെ പ്രവർത്തിച്ച ഒരു മഹാവ്യക്തിത്വത്തിന്റെ ഉടമയായിരുന്നു വക്കം ബി. പുരുഷോത്തമൻ. അദ്ദേഹം ഗ്രാമപഞ്ചായത്തംഗം മുതൽ ഗവർണ്ണർ വരെയുള്ള പദവികൾ വഹിച്ചിട്ടുണ്ട്. ആ പദവികളെല്ലാം

അതിന്റേതായ ഗൗരവത്തിൽത്തന്നെ അദ്ദേഹം വഹിച്ചിട്ടുമുണ്ട്. ഈ അടുത്ത കാലത്ത് ഞാൻ ആൻഡമാൻ സന്ദർശിച്ചിരുന്നു. അവിടെ കാഴ്ചകൾ കാണുമ്പോൾ എല്ലാവരും തന്നെ പറഞ്ഞത് അതെല്ലാം ചെയ്തത് വക്കം ബി. പുരുഷോത്തമൻ ഗവർണ്ണറായിരുന്ന സമയത്താണെന്നാണ്. അത്തരത്തിലുള്ള രണ്ടുപേരുടെ വിയോഗം കേരള രാഷ്ട്രീയത്തിലും പ്രത്യേകിച്ച് നമ്മളെപ്പോലുള്ളവർക്കും തീരാനഷ്ടമാണ്. അവരുടെ പാവന സ്മരണയ്ക്ക് മുമ്പിൽ ഒരിക്കൽക്കൂടി ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഉമ്മൻ ചാണ്ടി നമ്മുടെ നാടിന്റെ ഓർമ്മയായി മാറിയിരിക്കുകയാണ്. അദ്ദേഹത്തിന്റെ മരണം കേരളത്തെ കണ്ണീർക്കടലാക്കി മാറ്റിയെന്നതാണ് ആ കാഴ്ചകൾ കണ്ടപ്പോൾ നമുക്കെല്ലാവർക്കും മനസ്സിലായത്. ജനങ്ങൾക്കൊപ്പം നിന്ന നേതാവ്, അധികാരത്തിന്റെ അഹംഭാവമില്ലാത്ത നേതാവ്, എന്താവശ്യങ്ങൾക്കും ധൈര്യപൂർവ്വം സമീപിക്കാവുന്ന ഒരു നേതാവ്, സൗഹൃദത്തിന് വില കൽപ്പിച്ച നേതാവ്, ജനമനസ്സുകളിൽ എന്നും ഇടം കണ്ടെത്തിയ നേതാവ്,

പാവപ്പെട്ടവരോടൊപ്പം എപ്പോഴും ഉണ്ടായിരുന്ന വ്യക്തി എന്നിങ്ങനെ ജനങ്ങളോടൊപ്പം എപ്പോഴും ജീവിച്ച ഒരു ജനകീയനായിരുന്ന ഉമ്മൻ ചാണ്ടി എന്നുപറയാൻ ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്. ഉമ്മൻ ചാണ്ടിയെക്കുറിച്ച് പറയുമ്പോൾ ചില കാര്യങ്ങൾ ഓർമ്മ വരുകയാണ്. 32 വർഷക്കാലം ആർ.എസ്.പി. ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ അടിയുറച്ചുനിന്ന പ്രസ്ഥാനമായിരുന്നു. 32 വർഷത്തിനുശേഷം ചിലരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഒരു സുപ്രഭാതത്തിൽ ആർ.എസ്.പി. എൽ.ഡി.എഫ്. വിട്ട് യു.ഡി.എഫ്.-ലേയ്ക്ക് പോയി. മനസ്സ് വിഷമിച്ചിട്ടാണെങ്കിലും എനിക്കും അങ്ങോട്ട് പോകേണ്ടിവന്നു. അന്ന് ഞാനും ശ്രീ. എ. എ. അസീസ്-ഉം അടക്കം ആർ.എസ്.പി.-ക്ക് നിയമസഭയിൽ രണ്ട് എം.എൽ.എ.മാർ ഉണ്ടായിരുന്നു. ഭരണത്തിൽ എന്തെങ്കിലും പങ്കാളിത്തം വേണമെന്ന് ആർ.എസ്.പി. ആവശ്യപ്പെട്ടു. അതിനുശേഷം യു.ഡി.എഫ്.-ന്റെ ഉന്നതാധികാര സമിതി യോഗം ചേർന്നു, കോൺഗ്രസ്സും പ്രത്യേകമായി യോഗം ചേർന്നു. ഉമ്മൻ ചാണ്ടി ഒരു ദിവസം രാവിലെ 6.00 മണിയായപ്പോൾ എന്നെ ഫോണിൽ വിളിച്ചുകൊണ്ട് "കോവൂരേ,

കോവൂരിനെ ഡെപ്യൂട്ടി സ്പീക്കറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അത് ഏറ്റെടുക്കണം" എന്നുപറഞ്ഞു. ഞാൻ ആ സ്ഥാനം ഏറ്റെടുത്തില്ല. കാരണം ഞാൻ യു.ഡി.എഫ്.-ൽ കുറച്ചുനാളേ ഉണ്ടായിരുന്നുള്ളൂ. അവിടെ നിന്നത് മനം നൊന്താണ്, അതിന് കാരണവുമുണ്ട്, ഞാനൊരു യഥാർത്ഥ കമ്മ്യൂണിസ്റ്റുകാരനും അടിയുറച്ച എൽ.ഡി.എഫ്.കാരനും ആയിരുന്നു. കുഞ്ഞുനാളിലേ ചുവന്ന കൊടി പിടിച്ച് പാരമ്പര്യമുള്ള ഒരാളെന്ന നിലയിൽ എനിക്ക് യു.ഡി.എഫ്. നൽകിയ ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം വേണ്ടെന്ന് എന്റെ പാർട്ടിയോടും ഉമ്മൻ ചാണ്ടിയോടും പറഞ്ഞു. ഉമ്മൻ ചാണ്ടിയുടെ പ്രത്യേകതയെക്കുറിച്ച് ഓർക്കുമ്പോൾ ഇപ്പോഴും ഞാൻ ആ സംഭവം ഓർക്കുകയാണ്. ഞാൻ ആ സ്ഥാനം വേണ്ടെന്നുവച്ചതിനുശേഷം ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം വഹിച്ചത് ശ്രീ. പാലോട് രവി ആയിരുന്നു. അന്ന് സഭയിൽ ഞാൻ ഇരുന്നത് ഇന്ന് ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ശ്രീ. ജി. ആർ. അനിൽ ഇരിക്കുന്ന സീറ്റിലായിരുന്നു. അദ്ദേഹം വന്ന ഉടനെതന്നെ ആദ്യം എന്നെ കെട്ടിപ്പിടിച്ചു. സഹിച്ചും ക്ഷമിച്ചും അവിടെ നിന്ന ഞാൻ കുറച്ചുനാൾ കഴിഞ്ഞപ്പോൾ എം.എൽ.എ. സ്ഥാനം രാജിവച്ചു,

ആർ.എസ്.പി.യുടെ പ്രാഥമികാംഗത്വത്തിൽനിന്നും രാജിവച്ചു. ഞാൻ രാഷ്ട്രീയം തന്നെ മടുത്ത് നിറുത്തിപ്പോകാമെന്ന് വിചാരിച്ചതാണ്. അതിനുശേഷം എന്നെ ഏറ്റവും കൂടുതൽ സഹായിച്ചത് കേരളത്തിന്റെ ഇന്നത്തെ മുഖ്യമന്ത്രിയായ ശ്രീ. പിണറായി വിജയൻ സഖാവും അന്തരിച്ചുപോയ കോടിയേരി ബാലകൃഷ്ണനുമാണെന്ന് ഞാൻ ഓർക്കുകയാണ്. അത്രയ്ക്കും കരുത്താണ് ആ രണ്ട് നേതാക്കന്മാരും എനിക്ക് നൽകിയത്. നമ്മുടെ നാടിന്റെ എല്ലാ വിഷയങ്ങളിലും നന്നായി ഇടപെട്ട ഒരു മുഖ്യമന്ത്രിയായിരുന്നു ഉമ്മൻ ചാണ്ടി. കൊല്ലം ജില്ലയിൽ ജനസമ്പർക്ക പരിപാടി നടത്തിയപ്പോൾ രാവിലെ 8.30 മുതൽ പിറ്റേന്ന് പുലർച്ചെ 1.30 വരെ മുഴുവൻ സമയവും ഞാനും ശ്രീ. അടൂർ പ്രകാശും അദ്ദേഹത്തോടൊപ്പം നിന്നിരുന്നു. ഞങ്ങളെ ഉച്ചഭക്ഷണം കഴിക്കാൻ പറഞ്ഞുവിട്ടു. എന്നാൽ ആ ദിവസം 8 ഗ്ലാസ് കരിക്കിൻ വെള്ളം മാത്രം കുടിച്ചുകൊണ്ട് അവസാനത്തെ അപേക്ഷകനെയും കണ്ടശേഷം മാത്രമാണ് ഉമ്മൻ ചാണ്ടി കസേരയിൽനിന്നും എഴുന്നേറ്റതെന്ന് ഞാൻ ഇപ്പോഴും ഓർക്കുകയാണ്. ജനകീയനായ ആ നല്ല നേതാവിന്റെ ഓർമ്മകൾക്ക്

മുമ്പിൽ ഈ അവസരത്തിൽ ഒരു പിടി അശ്രുപുഷ്പങ്ങൾ അർപ്പിക്കുകയാണ്.

സ്പീക്കർ, മന്ത്രി, മറ്റ് വിവിധ തലങ്ങളിൽ സേവനമനുഷ്ഠിച്ച വ്യക്തിയാണ് വക്കം ബി. പുരുഷോത്തമൻ. അങ്ങ് ഇപ്പോൾ ഇരിക്കുന്ന കസേരയിൽ ഇരുന്ന, ചിരിക്കാത്ത സ്പീക്കർ ആയിരുന്നു അദ്ദേഹം. ഞങ്ങളൊക്കെ സപ്ലിമെന്ററി ക്വസ്റ്റ്യൻസ് ആവശ്യപ്പെടുമ്പോൾ അദ്ദേഹം എന്റെ പേര് പലപ്പോഴും തെറ്റിച്ചാണ് വായിച്ചിരുന്നത്. കുഞ്ഞുമോൻ എന്ന് കൃത്യമായി പറയാറില്ല, മറ്റൊരു വാക്കാണ് പറയാറ്. അത് ഞാൻ ഇപ്പോൾ പറയുന്നില്ല. എന്റെ പേര് ഇതാണെന്ന് ഞാൻ മൈക്കിൽക്കൂടി വിളിച്ചുപറഞ്ഞു. അന്നുതന്നെ എന്നെ അദ്ദേഹത്തിന്റെ ചേംബറിൽ വിളിച്ചുവരുത്തിക്കൊണ്ട് ഇനിമുതൽ ശരിയായ രീതിയിൽ പേര് വിളിക്കാമെന്ന് പറഞ്ഞു. 2001-ൽ ശ്രീ. വി. ഡി. സതീശൻ, ശ്രീ. കെ. ബി. ഗണേഷ് കുമാർ, ശ്രീ. റോഷി അഗസ്റ്റിൻ, ശ്രീ. ഇബ്രാഹിം കുഞ്ഞ്, ശ്രീ. എ. പി. അനിൽ കുമാർ, ശ്രീ. മഞ്ഞളാംകുഴി അലി എന്നിവരും ഞാനും കേരള നിയമസഭാംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്തതിനുശേഷം ഇന്നുവരെ ഞങ്ങൾ കണ്ട ഒരു വ്യത്യസ്തനായ സ്പീക്കർ

ആയിരുന്ന വക്കം ബി. പുരുഷോത്തമൻ. ഞങ്ങൾക്കൊക്കെ അദ്ദേഹത്തെ പേടിയായിരുന്നു, ഞങ്ങൾക്ക് മാത്രമല്ല, നിയമസഭയിലെ ഭരണ-പ്രതിപക്ഷ അംഗങ്ങൾക്കെല്ലാം അദ്ദേഹത്തെ പേടിയായിരുന്നു. വാച്ച് ആൻഡ് വാർഡ് അദ്ദേഹത്തിനെ കാണുമ്പോൾ ഏഴ് വാര ദൂരെ മാറി നിൽക്കുമായിരുന്നു, അത്രയ്ക്ക് കർക്കശക്കാരനായിരുന്നു. ലെജിസ്ലേച്ചറും കേരള പബ്ലിക് സർവ്വീസ് കമ്മീഷനും തമ്മിലുള്ള തർക്കമാണ് എനിക്കിപ്പോൾ ഓർമ്മ വരുന്നത്. ആ തർക്കത്തിൽ സ്പീക്കർ, അതായത് ലെജിസ്ലേച്ചർ തന്നെയാണ് ജയിച്ചത്. പി.എസ്.സി. സെക്രട്ടറിയെ സ്പീക്കറുടെ ചേംബറിൽ വിളിച്ചുവരുത്തി ചോദ്യം ചെയ്ത വ്യക്തിയാണ് അദ്ദേഹം. അങ്ങനെയൊരു സ്പീക്കർ ഇനി ഉണ്ടാകില്ലെന്ന് ഞാൻ വിചാരിക്കുകയാണ്. അതാണ് വക്കം ബി. പുരുഷോത്തമന്റെ വ്യക്തിത്വവും മഹത്വവും. അദ്ദേഹത്തിന്റെ ഇടപെടലും അത്തരത്തിലായിരുന്നു. അന്തരിച്ച രണ്ട് വ്യക്തിത്വങ്ങളുടെയും മുമ്പിൽ ഒരു പിടി രക്തപുഷ്പങ്ങൾ സമർപ്പിച്ചുകൊണ്ട്, ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. മാണി സി. കാപ്പൻ</u>: സർ, അന്തരിച്ച ഉമ്മൻ ചാണ്ടിയേയും

വക്കം ബി. പുരുഷോത്തമനെയും കുറിച്ച് അങ്ങും ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും പറഞ്ഞ കാര്യങ്ങളോട് ഞാനും യോജിക്കുന്നു. പാവപ്പെട്ടവരുടെയും ഇടത്തരക്കാരുടെയും കണ്ണീരൊപ്പാനും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനും ആത്മാർത്ഥമായി പരിശ്രമിച്ച ഒരു നേതാവായിരുന്നു ഉമ്മൻ ചാണ്ടി. തിരുവനന്തപുരം എയർപോർട്ട് മുതൽ പുതുപ്പള്ളി വരെയുള്ള വിലാപ യാത്രയിൽ തടിച്ചുകൂടിയ ജനസഹസ്രങ്ങൾ അതിനുള്ള തെളിവാണ്. ഇന്നും പുതുപ്പള്ളി പള്ളിയിൽ അദ്ദേഹത്തിന്റെ കല്ലറയിൽ ആയിരക്കണക്കിന് ആളുകൾ സന്ദർശിച്ചുപോകുന്നു. ആ മഹാനായ നേതാവിന്റെ ഓർമ്മകൾക്ക് മുമ്പിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുകയാണ്. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുകയാണ്.

എം.പി., എം.എൽ.എ., മന്ത്രി, ഗവർണ്ണർ, സ്പീക്കർ എന്നീ നിലകളിൽ കരുത്തുറ്റ പ്രവർത്തനം കാഴ്ചവച്ചിട്ടുള്ള വക്കം ബി. പുരുഷോത്തമന്റെ ഓർമ്മകൾക്ക് മുമ്പിലും ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റ് നിൽക്കാം.

(അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

ഓർഡർ....ഓർഡർ....നമ്മുടെ സഭയിൽ നടന്ന ഈ ചരമോപചാര നടപടികളിൽ നേരിട്ട് പങ്കെടുക്കുന്നതിനായി ഉമ്മൻ ചാണ്ടിയുടെ മക്കളായ ശ്രീമതി മറിയ ഉമ്മൻ, ശ്രീ. ചാണ്ടി ഉമ്മൻ, മറ്റ് കുടുംബാംഗങ്ങൾ എന്നിവർ ഡി. വി. ഗാലറിയിൽ ഇരിക്കുന്നുണ്ട്. ഉമ്മൻ ചാണ്ടിയുടെ കുടുംബാംഗങ്ങൾക്ക് നിയമസഭയുടെ നന്ദി രേഖപ്പെടുത്തുകയാണ്.

ഓർഡർ....... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2023 ആഗസ്റ്റ് 8-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 10.40-ന് പിരിഞ്ഞു.)

******